www.malankaralibrary.com

The Eccleslastical Province
Of Trivandrum.

# THE MALANKARA SYRIAN RITE.

# തൂക്കാസാ

രണ്ടാം ഭാഗം

(വിശുദ്ധ കൂദാശകൾ അനുഷ്ഠിക്കേണ്ട ക്രമം)


By
HIS GRACE DR. MAR IVANIOS
ARCH BISHOP OF TRIVANDRUM

www.malankaralibrary.com

# കല്പന

*No. 9/43*

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ ആനുകൂല്യത്താലും
തിരുവനന്തപുരം മഹാഎപ്പാർക്ക്യായുടെ അദ്ധ്യക്ഷനായ
തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്
മെത്രാപ്പോലീത്തായിൽ നിന്നും




തിരുവനന്തപുരം മഹാഎപ്പാർക്ക്യായിലുള്ള സകല വൈദികന്മാർക്കും വാഴ്‌വ്.

തിരുവനന്തപുരം മഹാഎപ്പാർക്ക്യായിൽ ഉൾപ്പെട്ട തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലും മാമോദീസാ മുതലായ കൂദാശകൾ നടത്തുന്നതിൽ ഐകരൂപ്യം വരുത്തുന്നതിനായി നാമും നമ്മുടെ അഭിവന്ദ്യ സഹോദരൻ നി. വ. ദി. ശ്രീ. മാർ സെവേറിയോസ് മെത്രാപ്പോലീത്തായും കൂടി ആലോചിച്ച്, പൂർവ്വിക ആചാരങ്ങളെയും നടപടികളെയും ആസ്പദമാക്കി ക്രമപ്പെടുത്തിയിട്ടുള്ളതാണ് തക്സാ രണ്ടാം ഭാഗം. ദീർഘമായ ശുശ്രൂഷ മുഴുവൻ നടത്തുവാൻ സൌകര്യമില്ലാത്തപക്ഷം ഏതെല്ലാം ഭാഗങ്ങൾ വിട്ടുകളയാമെന്ന് × അടയാളത്താൽ ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തക്സായിൽ ഏതെങ്കിലും ഭാഗങ്ങൾ ഭേദപ്പെടുത്തിയാൽ കൊള്ളാമെന്ന് ബ. വൈദികന്മാരിൽ ആർക്കെങ്കിലും തോന്നുന്നപക്ഷം വിവരം നമ്മെ അറിയിക്കണമെന്ന് നാം ആവശ്യപ്പെടുന്നു. അപ്രകാരമുള്ള അഭിപ്രായങ്ങളെ നാം സന്തോഷപൂർവ്വം ഗൗനിക്കുന്നതായിരിക്കും.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

www.malankaralibrary.com

ആയതു് ദൈവമാതാവായ വി. കന്യക മർത്തമറിയാമ്മിന്റേയും സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

എന്നു്

✠ Mar Ivanios,
തിരുവനന്തപുരം മെത്രാപ്പോലീത്താ

മെത്രാപ്പോലീത്താ അരമന
തിരുവനന്തപുരം
All Saints day '43

www.malankaralibrary.com

# തൃക്കാസ രണ്ടാം പുസ്തകം

## ഒന്നാം അദ്ധ്യായം

## പ്രസവസ്തോത്രം

നമ്മുടെ കർത്താവിനെ പ്രസവിച്ചശേഷം നാല്പതാം ദിവസം ദൈവമാതാവു് ദൈവാലയപ്രവേശം (മായൽത്തൊ) കഴിക്കുകയും ശിശുവിനെ കാഴ്ചവയ്ക്കുകയും ചെയ്തതിനെ അനുകരിച്ചു ഈ ശുശ്രൂഷ നടത്തുന്നു.

പ്രസവം കഴിഞ്ഞു എട്ടുദിവസത്തിനുശേഷമാണു് സാധാരണയായി ശിശുക്കളെ സ്നാനപ്പെടുത്തുന്നതു്. പ്രസവസ്തോത്രം നാല്പതാംദിവസമോ അതിന്റെ ശേഷമോ മാത്രമേ നടത്തുക പതിവുള്ളു. പ്രസവസ്തോത്രത്തിനു മുമ്പായി ശിശുവിനെ മാമോദീസാ മുക്കുന്നപക്ഷം മാതാവു് മാമോദീസാ വേളയിൽ സന്നിഹിതയായിരിക്കുക പതിവില്ലാ എന്നാൽ ശിശുവിന്റെ പിതാവു് സന്നിഹിതനായിരിക്കുന്നതാണു്.

പ്രസവസ്തോത്രം ചെയ്യുന്നതിനായി വരുന്ന മാതാവു് ദേവാലയത്തിൽ കാഴ്ചവെയ്ക്കുന്നതിനായി രണ്ടു മെഴുകുതിരികൾ കൊണ്ടുവരണം, അവരവരുടെ ഭക്തിക്കും ശക്തിക്കും ഒത്തവണ്ണം പള്ളിക്കു നേർച്ച കാഴ്ചകൾ കൊടുക്കാവുന്നതാണു്. മദ്ബഹായിൽ ഉപയോഗിക്കുന്നതിനുള്ള കാസാ, പീലാസാ, കരസ്തോദി, കുരിശു്, ധൂപക്കുററി, കപ്പ മുതലായ അംശവസ്ത്രങ്ങൾ, ശോശപ്പാ, മർബഹാസാ, കിലുക്കമണി മുതലായവ പ്രസവസ്തോത്രവേളയിൽ കാഴ്ചകൊടുക്കുക സാധാരണമാണു്. ധനശക്തിയുള്ള മാതാപിതാക്കൾ ഈവിധം കൊടുക്കാൻ പട്ടക്കാർ ഉപദേശിക്കേണ്ടതാണു്.

പ്രസവസ്തോത്രം നടത്തുന്നതിനു് ശിശുവിനോടൊന്നിച്ചു മാതാവു് പള്ളിയിൽ ഹാജരാകുന്ന ദിവസവും സമയവും പട്ടക്കാരനെ മുമ്പുകൂട്ടി അറിയിച്ചിരിക്കണം.

ശുശ്രൂഷ ആഘോഷമായി നടത്തണമെങ്കിൽ ആ വിവരവും പട്ടക്കാരനെ തെര്യപ്പെടുത്തിയിരിക്കണം.

ഈ ശുശ്രൂഷ ആഘോഷമായി നടത്തുന്നപക്ഷം കാർമ്മികൻ തൃക്കാസാ മൂന്നാം പുസ്തകം മൂന്നാം അദ്ധ്യായം രണ്ടാം ഖണ്ഡിക ഒന്നാം വകുപ്പിൽ വിവരിച്ചിരിക്കുന്ന പ്രകാരം അംശവസ്ത്രം ധരിക്കണം. മററു പട്ടക്കാരും ശുശ്രൂഷകന്മാരും അഞ്ചു മുതൽ ഏഴുവരെയുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്ന പ്രകാരം അംശവസ്ത്രങ്ങൾ ധരി

www.malankaralibrary.com



ക്കണം. ഈ ശുശ്രൂഷ അനാഘോഷമായി നടത്തുന്നപക്ഷം കാർമ്മികൻ പുറംകുപ്പായവും ഹമ്മിനിയായും ധരിക്കുകയോ, അതിനു പകരം സർപ്ലീസും ഊറാറയും ധരിക്കുകയോ ചെയ്താൽ മതി.

പള്ളിയുടെ പടിഞ്ഞാറെ വാതിൽ (ത്രോണോസിൻെറ നേരെയുള്ള എതെങ്കിലും വാതിൽ) തുറന്നിട്ടിരിക്കവേ മാതാവു് ആ ശിശുവിനോടുകൂടി വാതുക്കൽ പള്ളിക്കു പുറത്തുവന്നു നില്ക്കണം. പട്ടക്കാരും ശുശ്രൂഷക്കാരും അംശവസ്ത്രം ധരിച്ചു് പള്ളിയകത്തു വാതില്ക്കൽ മാതാവിനെ അഭിമുഖീകരിച്ചുകൊണ്ടു ശുശ്രൂഷ ആരംഭിക്കണം. ശുശ്രൂഷകൻെറ കൈവശം ധൂപകലശം ഉണ്ടായിരിക്കണം.

## ശുശ്രൂഷക്രമം

പട്ടക്കാരൻ (കിഴക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ടു്) പിതാവിനും പുത്രനും (ഇത്യാദി)

എല്ലാവരും:— ബലഹീനന്മാരും പാപികളും (ഇത്യാദി)

പട്ട:—സ്ലൂംഭാ—ഓ- മൊറിയോ—ഞങ്ങളുടെ ദൈവമായ കർത്താവേ (ഇത്യാദി)

N. B. ഈ പ്രാർത്ഥനാസമയത്തു് മാതാവിനേയും ശിശുവിനേയും റശ്മാചെയ്തു ആശീർവദിക്കുന്നു. സ്ലൂംഭേസാ ചൊല്ലിക്കഴിഞ്ഞശേഷം മാതാവിൻെറ കൈയിൽ പട്ടക്കാരനോ ശുശ്രൂഷകനോ കത്തിച്ച മെഴുകുതിരി കൊടുക്കുന്നു. മെഴുകുതിരി കൈയിൽ വഹിച്ചുകൊണ്ടു് മാതാവു് പള്ളിയകത്തു പ്രവേശിക്കുന്നു. അനന്തരം പട്ടക്കാരനും ശുശ്രൂഷകന്മാരും മദ്ബഹായുടെ അടുക്കലേക്കു നടക്കുമ്പോൾ മാതാവു് (പിതാവിനോടൊരുമിച്ചു്) അവരെ അനുഗമിച്ചു് ഹൈക്കലായുടെ കിഴക്കേഭാഗത്തു പ്രാർത്ഥന മേശയുടെ പടിഞ്ഞാറുവശത്തായി വന്നു നില്ക്കുന്നു. പട്ടക്കാരൻ പ്രാർത്ഥനാമേശയുടെ കിഴക്കുവശത്തു കിഴക്കോട്ടു് തിരിഞ്ഞുനില്ക്കുന്നു. ആ സമയത്തു് ശുശ്രൂഷകൻ മദ്ബഹായുടെ തിരശ്ശീല നീക്കുകയും മാതാവു് നേർച്ചയായി കൊണ്ടുവന്നിട്ടുള്ള രണ്ടു മെഴുകുതിരികളും ത്രോണോസിന്മേൽ കത്തിച്ചുവയ്ക്കുകയും ചെയ്യുന്നു.

* അനന്തരം പട്ടക്കാരൻ പ്ര.മിയോനും സെദറായും ചൊല്ലുന്നു.

* അനാഘോഷമായ ശുശ്രൂഷയ്ക്കു് ഈ അടയാളമിട്ടിട്ടുള്ളതു് വിട്ടുകളയാം.

പ്ര.മിയോൻ:—തെശ്ബ്ഹത്തോ ല് തറ ഓ -പാപികൾക്കായി തുറക്കപ്പെട്ടിരിക്കുന്ന ഇത്യാദി. പ്ര.മിയോൻ അവസാനിക്കുമ്പോൾ ശുശ്രൂഷകൻ ധൂപം ഇടുവിച്ചു് ത്രോണോസിനും ഏവൻഗേലിമേശയ്ക്കും പട്ടക്കാർക്കും അനന്തരം പ്രസവസ്തോത്രം നടത്തുവാൻ വന്നിട്ടുള്ള ശിശുവിൻെറ പിതാവിനും മാതാവിനും ജനങ്ങൾക്കും ധൂപം വീശുന്നു.

www.malankaralibrary.com



* സെദ്റാ:-മൊറിയോ ആലോഹോ... ഞങ്ങളുടെ കർത്താവായ

* അനന്തരം ശുശ്രൂഷകന്മാർ-കോലോ ഗീതം ഇസ്രായേലിനായി

പട്ട:-എദ്ത്രാ— മൊറിയോ ആലോഹോ-ഞങ്ങളുടെ ദൈവമായ കർത്താവും-ശുശ്രൂഷകൻ ധൂപമർപ്പിക്കണം.

അനന്തരം പട്ടക്കാരൻ പടിഞ്ഞാറോട്ട് തിരിഞ്ഞു മുറപ്രകാരം എവൻഗേലിയോൻ (വി: ലൂക്കാ 2. 22-38) വായിക്കുന്നു.

* ഗീതം മാർ അപ്രേമിന്റെ ബോറൂസാ-ഞങ്ങളുടെ കർത്താവേ.

അനന്തരം പട്ടക്കാരൻ വലത്തുകൈ ഉയർത്തി മാതാവിനേയും പിതാവിനേയും ശിശുവിനേയും ആശീർവദിച്ചുകൊണ്ട് ഹൂത്താമോ പ്രാർത്ഥന നടത്തുന്നു. ആലോഹോ—തന്റെ അനുഗ്രഹങ്ങളാൽ—അനന്തരം നേർച്ചകൾ വല്ലതും കൊണ്ടുവന്നിട്ടുണ്ടെങ്കിൽ മദ്ബഹായുടെ മുമ്പിൽ കാഴ്ച വയ്ക്കുകയും പട്ടക്കാരന്റെ കൈ മുത്തുകയും (കാപ്പ മുത്തുകയും) ചെയ്യുന്നു. ഇങ്ങനെ ശുശ്രൂഷ അവസാനിക്കുന്നു.

# രണ്ടാം അദ്ധ്യായം

# മാമോദീസാ

മാമോദീസായിക്കുള്ള ശുശ്രൂഷക്രമമായി കൂദാശക്രമം എന്ന പുസ്തകത്തിൽ കൊടുത്തിരിക്കുന്ന ശുശ്രൂഷ യഥാർത്ഥത്തിൽ മാമോദീസായിക്കുള്ള ശുശ്രൂഷമാത്രമല്ല. പൂർവ്വികസഭയിൽ താഴെപ്പറയുന്ന നാലു ശുശ്രൂഷകൾ ഒന്നായി നടത്തുക പതിവായിരുന്നതുകൊണ്ട് അവ നാലുമൊരുമിച്ചു ഇതിൽ ചേർത്തിരിക്കുന്നു.

I. മ്ശിഹായിൽ വിശ്വസിക്കുന്ന ഒരാളെ "ശിഷ്യൻ" (മെത്തർത്തിയോനൻ അഥവാ Catechumen) ആയി സ്വീകരിക്കുന്നതിനുള്ള ശുശ്രൂഷ. ഈ ശുശ്രൂഷയെ ഒന്നും രണ്ടും, ഭാഗങ്ങളായി താഴെ കാണിച്ചിരിക്കുന്നു.

II. ശിഷ്യനെ മാമോദീസാ മുക്കുന്നതിനുള്ള ശുശ്രൂഷ. ഈ ശുശ്രൂഷ മൂന്നും നാലും അഞ്ചും ഭാഗങ്ങളായി താഴെക്കാണിച്ചിരിക്കുന്നു.

III. വിശ്വാസിക്ക് (മാമോദീസാ പ്രാപിച്ച ക്രിസ്ത്യാനിക്ക്) സ്ഥിരീകരണമാകുന്ന മൂറോനഭിഷേകം (മൈറോൻലേപനം) എന്ന കൂദാശ നൽകുന്നതിനുള്ള ക്രമം. ഇതു ആറാംഭാഗമായി താഴെ ചേർത്തിരിക്കുന്നു.

IV. മാമ്മോദീസായോ മൈസ്രോൻലേപനമോ പ്രാപിച്ച ആളിന് വി. കർബാന കൊടുക്കുന്നതിനുള്ള ശുശ്രൂഷ. ഇതു് ഏഴാം ഭാഗമായി താഴെ ചേർത്തിരിക്കുന്നു. അപ്പോസ്തോലകാലത്തു് മേൽപറഞ്ഞ നാലു ശുശ്രൂഷകളും വെവ്വേറെ നടത്തിവന്നു. പൂർവ്വകാലത്തു് എല്ലാ സ്ഥലങ്ങ

www.malankaralibrary.com


ളിലും പതിവിങ്ങനെയായിരുന്നുവെങ്കിലും ലത്തീൻ സഭയിൽ ആദ്യത്തെ രണ്ടു ശുശ്രൂഷകൾ മാത്രം ശിശുക്കളെ സംബന്ധിച്ചു് നടത്തുകയും മൂന്നാമത്തേയും നാലാമത്തേയും ശുശ്രൂഷകൾ പിന്നാലെ നടത്തുകയും ചെയ്യുന്ന പതിവു് ഏർപ്പെടുത്തി, ആദ്യകർബ്ബാനാനുഭവം സ്ഥൈര്യലേപനം എന്നിവ രണ്ടും അർത്ഥി പ്രായമായ ശേഷം നടത്തുന്ന പതിവു് ക്രിസ്ത്യാനികളുടെ സന്താനങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്രകാരമാണു ഉണ്ടായതു്. നമ്മുടെ സഭയിൽ പൗരസ്ത്യസഭകളിലെ പൂർവ്വികാചാരമനുസരിച്ചു മേൽപ്പറഞ്ഞ നാലുശുശ്രൂഷകളും ക്രിസ്ത്യാനികളുടെ സന്താനങ്ങളായ ശിശുക്കളെ സംബന്ധിച്ചിടത്തോളം ഒരുമിച്ചു നടത്തി വരുന്നു.

ശിശുക്കളല്ലാത്തവരെ സംബന്ധിച്ചുള്ള നടപടി വേറൊന്നാണു്. പുരുഷപ്രായമെത്തിയ ഒരു യഹൂദനോ പുറജാതിക്കാരനൊ ക്രിസ്തുമതം സ്വീകരിക്കുന്നതിനൊരുങ്ങുന്നുവെങ്കിൽ അയാളെ ക്രിസ്തീയവിശ്വാസസത്യങ്ങൾ പഠിപ്പിക്കുകയും അയാൾ ഹൃദയപൂർവ്വമായി അവയെ വിശ്വസിക്കുന്നുവെന്നുള്ള സ്ഥിതി വരുമ്പോൾ അയാളെ ശിഷ്യനായി (Catechumen) സ്വീകരിക്കുകയും ചെയ്യുന്നു. (അതിലേക്കുള്ള ശുശ്രൂഷ താഴെക്കാണുന്നതിൽ ഒന്നും രണ്ടും ഭാഗങ്ങളിൽ ചേർത്തിരിക്കുന്നതാണു്. ഈ പ്രകാരം ശിഷ്യനായി സ്വീകരിക്കപ്പെട്ട ശേഷം അയാൾ ദീർഘകാലത്തെ പഠനവും ഭക്തിപരമായ പരിശീലനവും നടത്തുന്നു. അതിന്റെ ശേഷം മാത്രമേ അയാളെ മാമോദീസാ മുക്കുക പതിവുണ്ടായിരുന്നുള്ളു. (മാമോദീസായ്ക്കുള്ള ക്രമം താഴെ മൂന്നുമുതൽ അഞ്ചുവരെയുള്ള ഭാഗങ്ങളിൽ അടങ്ങിയിരിക്കുന്നു) മാമോദീസാ പ്രാപിച്ചശേഷം അയാൾ പരിശുദ്ധാത്മാവിന്റെ നൽവരങ്ങൾക്കായി പ്രാർത്ഥിക്കുകയും നോമ്പുനോൽക്കുകയും ചെയ്തശേഷം മാത്രമേ അയാൾക്കു സ്ഥിരീകരണം (മൂറോനഭിഷേകം—സ്ഥൈര്യലേപനം) എന്ന കൂദാശ കൊടുക്കുക പതിവുണ്ടായിരുന്നുള്ളു. (താഴെ ആറാംഭാഗം നോക്കുക.) മാമോദീസായോ സ്ഥൈര്യലേപനമോ പ്രാപിക്കുന്നതോടുകൂടെ അയാൾക്കു വി. കർബ്ബാനയും കൊടുത്തുവന്നു. (താഴെ ഏഴാംഭാഗം നോക്കുക) ആദ്യസഭയിൽ മാമോദീസാ പ്രാപിക്കുന്നവരെല്ലാവരും തന്നെ പ്രായപൂർത്തി എത്തിയവരായിരുന്നു. ഈ അദ്ധ്യായത്തിൽ കൊടുത്തിരിക്കുന്ന ശുശ്രൂഷക്രമം വായിച്ചുനോക്കുന്ന പക്ഷം ഇതു് പ്രായപൂർത്തിയായ ഒരാളെ ശിഷ്യനായി സ്വീകരിക്കുന്നതിനും മാമോദീസ മുക്കുന്നതിനും മൂറോനഭിഷേകം ചെയ്യുന്നതിനും അതിനോടുകൂടെ വി. കർബ്ബാന കൊടുക്കുന്നതിനുമുള്ള ശുശ്രൂഷക്രമമാണെന്നു് ബോദ്ധ്യപ്പെടുന്നതാണു്. "കർത്താവേ ദിവ്യോപദേശം കൈക്കൊള്ളുന്ന ഈ നിന്റെ ദാസനെ വാഴ്ത്തേണമേ" "ഈ ലോകത്തിന്റെ വ്യർത്ഥതയെ തിരിച്ചറിയുവാൻ ഇവന്റെ ആന്തരികനയനങ്ങളെ പ്രകാശിപ്പിക്കണമേ?! എന്നിപ്രകാരമുള്ള പ്രാർത്ഥനകളും, സ്നാനാർത്ഥി പടിഞ്ഞാറോട്ടു തിരിഞ്ഞു നില്ക്കണം. സ്നാനാർത്ഥിയെ മാമോദീസാ മുക്കുന്നതിനു മുമ്പു സ്നാനാർത്ഥിയുടെ വസ്ത്രം നീ

www.malankaralibrary.com



ക്കണം എന്നിപ്രകാരമുള്ള നിർദ്ദേശങ്ങളും ശിശുവിനെ സംബന്ധിച്ച് ഉണ്ടാവാൻ ഇടയുള്ളതല്ലല്ലോ. എന്നാൽ ഒരേ ശുശ്രൂഷക്രമം തന്നെയാണ് പ്രായപൂർത്തിയായ ആളിനും ശിശുവിനും ഉപയോഗിക്കുന്നത്. ഏഴു വയസ്സിനു താഴെയുള്ള ആളിനെ ശിശുവായി ഗണിക്കുന്നു.

അർത്ഥി ശിഷ്യനായി സ്വീകരിക്കപ്പെടുമ്പോഴും ശിഷ്യൻ മാമോദീസാ കൈക്കൊള്ളുമ്പോഴും ഒരു മദ്ധ്യസ്ഥൻ (തലതൊടുന്നയാൾ) ഉണ്ടായിരിക്കുക പൂർവ്വകാലം മുതല്ക്കേ പതിവാണ്. ശിശുവിനു മാത്രമല്ല പ്രായപൂർത്തിയായ ആളിനും മദ്ധ്യസ്ഥൻ ഉണ്ടായിരിക്കണം. ആൺകുട്ടിയെ തലതൊടുന്നതിനു സത്യവിശ്വാസിയായ പുരുഷനും, പെൺകുട്ടിയെ തലതൊടുന്നതിനു സത്യവിശ്വാസിനിയായ സ്ത്രീയും ഉണ്ടായിരിക്കണം. ഒന്നിലധികം മദ്ധ്യസ്ഥന്മാർ ഉണ്ടായിരിക്കുന്നതിന് വിരോധമില്ല. അർത്ഥി വിശ്വാസപ്രതിജ്ഞ ചെയ്യുമ്പോൾ മദ്ധ്യസ്ഥനും അർത്ഥിയോടൊരുമിച്ചു വിശ്വാസപ്രതിജ്ഞ ചെയ്യണം: “സാത്താനെ ഉപേക്ഷിക്കുന്നുവെന്നും മിശിഹായിൽ വിശ്വസിക്കുന്നുവെന്നുമുള്ള പ്രസ്താവനകളാണു വിശ്വാസപ്രതിജ്ഞ. ഇതോടുകൂടെ ചൊല്ലിവന്ന അപ്പസ്തോല വിശ്വാസപ്രമാണമായിരുന്നു പൂർവ്വികസഭയിലെ വിശ്വാസപ്രതിജ്ഞ. എന്നാൽ ക്രിസ്താബ്ദം 325-ൽ നടന്ന സാർവ്വത്രികമായ നിഖ്യാ സുന്നഹദോസ്സിനു ശേഷം അപ്പസ്തോല വിശ്വാസപ്രമാണത്തിനു പകരം “നിഖ്യാവിശ്വാസപ്രമാണം” നടപ്പിലായി. ഇക്കാലത്ത് പൗരസ്ത്യ സഭകളിൽ എല്ലായിടത്തും നിഖ്യാവിശ്വാസപ്രമാണമാണ് ചൊല്ലുന്നത്.

സാധാരണയായി മാമോദീസാ മുക്കുന്നതിനുള്ള കാർമ്മികൻ കശ്ശീശാ ആണ്. ആഘോഷമായ മാമോദീസാ കശ്ശീശാ മാത്രമേ മുക്കുക പതിവുള്ളു. കശ്ശീശാ മാമോദീസാ മുക്കുമ്പോൾ അർത്ഥിയെ ശിഷ്യനായി സ്വീകരിക്കുകയും അനന്തരം മാമോദീസാ ഏല്പിക്കുകയും ചെയ്യുന്നു. കശ്ശീശായ്ക്കു മെത്രാനിൽ നിന്നു പ്രത്യേകാധികാരം ലഭിച്ചിട്ടുള്ള പക്ഷം അദ്ദേഹം തന്നെ അർത്ഥിക്കു സ്ഥിരീകരണക്രൂദാശ (മൂറോനഭിഷേകം) കൊടുക്കാവുന്നതാണ്. മാമോദീസായോ മൂറോനഭിഷേകമോ കൊടുക്കുന്നതോടുകൂടെ വിശുദ്ധ കുർബാന കൊടുക്കുക പതിവാകുന്നു. യഹൂദനോ പുറജാതിയോ ആയിരിക്കുന്ന ഒരാളോ, മാമോദീസാ പ്രാപിച്ചിട്ടില്ലാത്ത ഒരു ശിശുവോ ആസന്നമരണാവസ്ഥയിൽ എത്തിയിരിക്കുന്നുവെങ്കിൽ ആ ആളിനെ മാമോദീസാ ഏല്പിക്കുന്നതിന് ഏവർക്കും അർഹതയുള്ളതാകുന്നു. കശ്ശീശാ സമീപത്തുള്ള പക്ഷം അദ്ദേഹത്തെക്കൊണ്ടു മാമോദീസാ നടത്തിക്കേണ്ടതാണ്. ആസന്നമരണാവസ്ഥയിൽ കൊടുക്കപ്പെടുന്ന മാമോദീസായ്ക്കു “വീട്ടുമാമോദീസാ” എന്നു പറഞ്ഞുവരുന്നു. വീട്ടുമാമോദീസായ്ക്കുള്ള ക്രമം ഈ പുസ്തകം (തുക്കാസാ) രണ്ടാം ഭാഗം നാലാം അദ്ധ്യായത്തിൽ കൊടുത്തിരിക്കുന്നു.

മാമോദീസാ മുക്കുന്ന പട്ടക്കാരൻ ഉപവാസത്തോടുകൂടി കർമ്മം നടത്തുകയാണ് പൂർവ്വികമായ നടപ്പ്. ഇങ്ങനെ

www.malankaralibrary.com


തന്നെ ചെയ്യേണ്ടതാണെന്നു് കാനോൻ ചട്ടം നിഷ്കർഷിക്കുന്നു. മാമോദീസാ ഏല്ക്കുന്ന പ്രായപൂർത്തിയായ ആളും ഉപവാസത്തോടുകൂടി മാമോദീസാ കൈക്കൊള്ളേണ്ടതാണു്. വീട്ടുമാമോദീസായെ സംബന്ധിച്ചിടത്തോളം ഈ ഉപവാസം നിർബന്ധമില്ല. ഉപവാസത്തോടുകൂടി മാമോദീസാ എല്പിക്കുകയും എല്ക്കുകയും ചെയ്യുന്നതിലേക്കു് സൗകര്യമുണ്ടായിരിക്കത്തക്കവണ്ണം മാമോദീസാ പ്രഭാതത്തിൽ നടത്തിവരുന്നു. വി. കുർബാനയ്ക്കു മുമ്പു് മാമോദീസാ നടത്തുകയും മാമോദീസാ ഏൽക്കുന്ന ആൾ അന്നുതന്നെ വി. കുർബാന കാണുകയും വി. കുർബാന അനുഭവിക്കുകയും ചെയ്യണമെന്നുള്ളതും പൂർവ്വീകാചാരമാണു്. നിവൃത്തിയുള്ളപക്ഷം ഇങ്ങനെ തന്നെ ചെയ്യണമെന്നു നിർബന്ധമുള്ളതാണു്. അല്ലാത്തപക്ഷം വി. കുർബാനയുടെ ശേഷം മാമോദീസാ നടത്താം. മദ്ധ്യസ്ഥനും കുമ്പസാരിച്ചു് വി. കുർബാന അനുഭവിക്കുക പതിവാണു്.

മാതാപിതാക്കന്മാർ മാമോദീസായിങ്കൽ സന്നിഹിതരായിരിക്കണമെന്നു് നിർബന്ധമില്ലെങ്കിലും പിതാവു് സന്നിഹിതനായിരിക്കയാണു് പതിവു്. പ്രസവിച്ചിട്ടു് നാല്പതു ദിവസം കഴിഞ്ഞിട്ടാണെങ്കിൽ മാതാവു് സന്നിഹിതയായിരിക്കുക പതിവാണു്.

## അംശവസ്ത്രങ്ങൾ

തുക്കാസാ മൂന്നാം പുസ്തകം, മൂന്നാം അദ്ധ്യായം രണ്ടാം ഖണ്ഡിക ഒന്നാം വകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരം കാപ്പാ മുതലായ അംശവസ്ത്രങ്ങൾ ധരിച്ചുകൊണ്ടു് പട്ടക്കാരൻ മാമോദീസാ മുക്കണം. മററു പട്ടക്കാരും ശുശ്രൂഷകന്മാരും അഞ്ചും ആറും ഏഴും ഖണ്ഡികകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം അംശവസ്ത്രങ്ങൾ ധരിച്ചിരിക്കണം. അർത്ഥി പ്രായപൂർത്തിയുള്ള ആളാണെങ്കിൽ കിഴക്കോട്ടു തിരിഞ്ഞുനില്ക്കുക, പടിഞ്ഞാറോട്ടു തിരിഞ്ഞുനില്ക്കുക, തല വണങ്ങി നില്ക്കുക മുതലായ നിർദ്ദേശങ്ങൾ നിർവഹിക്കണം. എന്നാൽ അർത്ഥി ശിശുവാണെങ്കിൽ മേൽ പറഞ്ഞ നിർദ്ദേശങ്ങൾ അനുസരിച്ചു് മദ്ധ്യസ്ഥൻ പ്രവർത്തിക്കണം.

## ശുശ്രൂഷക്രമം

### ഒന്നാം ഭാഗം:

അർത്ഥിയെ ശിഷ്യനായി സ്വീകരിക്കുന്നതിനുള്ള ക്രമം.

### സജ്ജീകരണങ്ങൾ

1. പട്ടക്കാരനും ശുശ്രൂഷകന്മാരും അംശവസ്ത്രങ്ങൾ ധരിച്ചു് പ്രാർത്ഥന മേശയുടെ കിഴക്കുവശത്തായി കിഴക്കോട്ടു തിരിഞ്ഞു്—അതായതു് മദ്ബഹായിലേക്കു നോക്കി നില്ക്കുന്നു.

www.malankaralibrary.com



2. അത്ഥിയും മദ്ധ്യസ്ഥനും പ്രാത്ഥന മേശയുടെ പടിഞ്ഞാറവശത്തു് കിഴക്കോട്ടു തിരിഞ്ഞു നില്ക്കുന്നു.

3. മേശമേൽ താഴെപ്പറയുന്നവ ഉണ്ടായിരിക്കണം. 1. കരിശു് 2. ഏവൻഗേലിപുസ്തകം 3. ക്രൂദാശക്രമപുസ്തകം 4. രണ്ടു മെഴുകുതിരിക്കാലുകൾ.

4. ശുശ്രൂഷകൻെറ കയ്യിൽ ധൂപകലശവും കന്തിരിക്കപ്പാത്രവും ഉണ്ടായിരിക്കണം. മററു ശുശ്രൂഷകന്മാർ മരുബഹാസായും കിലുക്കുമണിയും വഹിക്കാവുന്നതാണു്.

5. അത്ഥി ശിശുവാണെങ്കിൽ ഒരാൾ ശിശുവിനെ വഹിച്ചിരിക്കണം.

# ശുശ്രൂഷക്രമം

പട്ടക്കാരൻ:—ശുബഹോ—പിതാവും പുത്രനും..........

ജനം:—ബലഹീനന്മാരും പാപികളും ഇത്യാദി

പട്ട:—സ്സൂമോ—അശ്ലുവാലാൻ—ദൈവമായ കത്താവേ....

പട്ടക്കാരനും ശുശ്രൂഷകനും പടിഞ്ഞാറോട്ടു തിരിഞ്ഞു് ഗീതം. ആൺകുട്ടിക്കും പെൺകുട്ടിക്കുമുള്ള ഗീതങ്ങൾ വെവ്വേറെ ആണു്. ആൺകുട്ടിയേയും പെൺകുട്ടിയേയും ഒരുമിച്ചു മാമോദിസാ മുക്കുന്നെങ്കിൽ രണ്ടും ചൊല്ലണം. പരിഭാഷ വായിച്ചാലും മതി.

പട്ടക്കാരൻ:—ശുബഹോ—

ശുശ്രൂഷകന്മാർ—ഗീതം. ദാവീദ് ഹെവർക്കോ—ഇവിടെ ദാവീദ് ഇത്യാദി.

ശുശ്രൂ:—മെനഓല—നോത്തുറോ—കൃപയുടെ മുദ്ര ഇത്യാദി.

പട്ട:—(കിഴക്കോട്ടു തിരിഞ്ഞു്) സ്സൂമോ—മെറിയെം ആദോഹോ—മേലുള്ള സൈന്യങ്ങളുടെ ഇത്യാദി

ജനം:-ആമ്മീൻ.

പട്ടക്കാരനും ശുശ്രൂഷകന്മാരും കൂടി പടിഞ്ഞാറോട്ടു തിരിഞ്ഞു് ഇരുപത്തിമൂന്നാം മസുമ്മൂറായും ഗീതവും ചൊല്ലുന്നു.

ശുശ്രൂ:—സ്താമൻ കാലോസ്.

ജനം:—കുറിയേലായിസോൻ.

പട്ടക്കാരൻ മുറപ്രകാരമുള്ള മുഖവുരയോടു കൂടെ പ്രുമിയോൻ വായിക്കുന്നു.

പ്രുമിയോൻ:—ലഹാവ്നഹറോ—തന്റെ മഹത്വത്തിന്റെ ഇത്യാദി.

ജനം:—ആമ്മീൻ.

ശുശ്രൂഷകൻ പട്ടക്കാരനെക്കൊണ്ടു ധൂപകലശത്തിൽ കുന്തുരുക്കമിടുവിച്ചു ത്രോണോസിനും ഏവൻഗേലി പീഠത്തിനും പട്ടക്കാർക്കും ജനത്തിനും ധൂപം വീശുന്നു.

പട്ടക്കാ:—സെദറാ:—(ഇതു് ആവശ്യമുള്ളപക്ഷം മറെറാരാളെക്കൊണ്ടു് വായിപ്പിക്കാവുന്നതാണു്.

www.malankaralibrary.com



പട്ടക്കാരൻ:–പടിഞ്ഞാറോട്ടു തിരിഞ്ഞു്.

ഗീതം–നാത്തർ മോറാൻ —ഞങ്ങളുടെ കർത്താവേ ഇത്യാദി.

പട്ടക്കാരൻ കിഴക്കോട്ടു തിരിഞ്ഞു്–എത്രോ

ശുശ്രൂഷകൻ പട്ടക്കാരനെക്കൊണ്ടു് ധൂപകലശത്തിൽ കുന്തുരുക്കമിട്ടുവിച്ചു് ധൂപം വീശണം.

ശുശ്രൂഷകൻ: സ്സൂമേറോ ഗീതം- ദൈവമായ കർത്താവേ!

ജനം:- പൗലോസ്ശ്ലീഹാ ധന്യൻ ഇത്യാദി ഗീതം.

ശുശ്രൂഷകൻ:–പ്രാർത്ഥനമേശയുടെ തെക്കുവശത്തു പടിഞ്ഞാറോട്ടു് തിരിഞ്ഞുകൊണ്ടു മുറപ്രകാരം ലേഖനം (റോമ V-20 മുതൽ VI 8 വരെ) വായിക്കണം.

ശുശ്രൂഷകൻ:–ഞ്ഹായ്‌ബാറക്കുമോർ

ജനം:–ഹാലേലുയ്യാ

പട്ടക്കാരൻ പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നു കൊണ്ടു് മുറപ്രകാരം എവൻഗേലിയോൻ വായിക്കുന്നു.

ശിശുവിനെ സ്നാനപ്പെടുത്തുന്നപക്ഷം അതിനെ ആദ്യമായി ശിഷ്യനായി സ്വീകരിക്കുകയും അതിനോടുകൂടിത്തന്നെ മാമ്മോദീസാ മുക്കുകയുമാണു് പതിവു്. ആയതുകൊണ്ടു് രോഗി ശിശുവാണെങ്കിൽ വി. ലൂക്കാ III, 15 മുതൽ 17 വരെയും വി: യോഹന്നാൻ III 5-ം 6-ം വാക്യങ്ങളും എവൻഗേലിയോനായി വായിക്കേണ്ടതാണു്. പ്രായപൂർത്തി ആയ ആളിനെ ശിഷ്യനായി സ്വീകരിക്കുന്നതോടുകൂടെ തന്നെ മാമ്മോദീസാ എല്ലിക്കുന്നുവെങ്കിൽ എവൻഗേലിയോൻ മേൽപറഞ്ഞ ഭാഗങ്ങൾ തന്നെ വായിക്കണം. "ലൂക്കാസ് മഡ്‌ഹറോനോ ഉഹബറെ" (സുവിശേഷകനായ ലൂക്കോസിന്റെയും അദ്ദേഹത്തിന്റെ സഖിയുടേയും എവൻഗേലിയോനിൽ നിന്നു്- എന്നിങ്ങനെയാണു് മുഖവുരയിൽ പ്രസ്താവിക്കേണ്ടതു്.) പ്രായപൂർത്തിയായ ആളിനെ ശിഷ്യനായി മാത്രമേ സ്വീകരിക്കുന്നുള്ളൂ. എന്നാൽ അതോടുകൂടി മാമ്മോദീസാ എല്ലിക്കുന്നില്ലാ എങ്കിൽ ശിഷ്യനായി സ്വീകരിക്കുന്ന ശുശ്രൂഷയ്ക്കു് വി. ലൂക്കാ III 15 മുതൽ 17 വരെ വാക്യങ്ങൾ മാത്രം വായിക്കണം. അയാളെ പില്ക്കാലത്തു് എപ്പോഴെങ്കിലും മാമ്മോദീസാ എല്ലിക്കുന്ന അവസരത്തിൽ വി. യോഹന്നാൻ IIIൽ 1 മുതൽ 8 വരെയുള്ള വാക്യങ്ങൾ വായിക്കണം.

ശുശ്രൂഷകന്മാർ:–മാനീദസ്സാ ഗീതം–അസഭഗാ എന്റെ അന്യായത്തിൽ നിന്നു് ഇത്യാദി.

ശുശ്രൂഷകൻ:–കുറിയേലയിസ്സോൻ.

പട്ടക്കാരൻ കിഴക്കോട്ടു തിരിഞ്ഞു് ഇരുകൈകളും നെഞ്ചത്തു കൂപ്പിപ്പിടിച്ചു് തലകുനിച്ചു കൊണ്ടു് രഹസ്യത്തിൽ -- യേമ്ഹ്ബോ—

കരുണയുള്ള കർത്താവേ! ഇത്യാദി.

www.malankaralibrary.com



നോട്ട്: അനന്തരം അത്ഥിയുടെയും മദ്ധ്യസ്ഥന്റെയും പേരുകറം മുതലായ വിവരങ്ങറം രജിസ്റ്റർപുസ്തകത്തിൽ എഴുതുന്നു. അത്ഥിയെ ശിഷ്യനായി സ്വീകരിക്കുകമാത്രമേയുള്ളുവെങ്കിൽ അതിലേക്കുള്ള രജിസ്റ്റർപുസ്തകത്തിൽ എഴുതണം. മാമോദീസാ മുക്കുന്നു എങ്കിൽ അതിലേക്കുള്ള രജിസ്റ്റർപുസ്തകത്തിലാണു് എഴുതേണ്ടതു്. രജിസ്റ്റർപുസ്തകത്തിൽ എഴുതുന്നതു് ശുശ്രൂഷയുടെ അവസാനത്തിലായാലും മതി. കാമ്മികൻ രജിസ്റ്റർപുസ്തകത്തിൽ തീയതിവെച്ചു് ഒപ്പിടേണ്ടതുമാണു്. മൂറോനഭിഷേകം നടത്തുന്നുവെങ്കിൽ ആ വിവരവും പുസ്തകത്തിൽ രേഖപ്പെടുത്തണം.

പട്ടക്കാരൻ ഇരുകൈകളും ഉയൎത്തിക്കൊണ്ടു് ഉച്ചത്തിൽ—ഹാബ്ലേ നിന്റെ ഏകപുത്രൻ ഇത്യാദി. ഈ പ്രാത്ഥനാമദ്ധ്യേ പട്ടക്കാരൻ "നിന്റെ പരിശുദ്ധറൂഹായെ കൈക്കൊള്ളുന്നതിനു് ഇവനെ ഒരുക്കേണമെ" എന്നുള്ള പ്രാത്ഥന ചൊല്ലുമ്പോറം ശിഷ്യനായി സ്വീകരിക്കപ്പെടുവാനുള്ള അത്ഥിയുടെ അടുക്കലേക്കു് തിരിഞ്ഞു് സ്ലീബാരൂപത്തിൽ അത്ഥിയുടെ മുഖത്തു് മൂന്നു പ്രാവശ്യം ഊതണം. അത്ഥിയുടെ നെററിയിൽനിന്നു് താടിവരെക്കും, ഇടത്തെകാതു് മുതൽ വലത്തെകാതുവരെക്കും ആണു് ഊതേണ്ടതു്. അനന്തരം പ്രാത്ഥനയുടെ ബാക്കിഭാഗം ചൊല്ലി അവസാനിപ്പിക്കണം. അത്ഥികറം പലരുണ്ടെങ്കിൽ ഓരോരുത്തരെയും വെവ്വേറെ ഊതണം.

ജനം:—ആമ്മീൻ.

അനന്തരം പട്ടക്കാരൻ അത്ഥിയുടെ അടുക്കലേക്കുതിരിഞ്ഞു അത്ഥിയുടെ നെററിമേൽ സൈത്തു് (എണ്ണ) കൂടാതെ മൂന്നുപ്രാവശ്യം സ്ലീബാ അടയാളംവരച്ചു് റൂശ്മാചെയ്യുന്നു. ആ സമയത്തു് അത്ഥിക്കു് ക്രിസ്തീയനാമം നൽകുന്നു. തിരുസഭയാൽ അംഗീകരിക്കപ്പെട്ട ഏതെങ്കിലും ശുദ്ധിമാന്റെയോ, ശുദ്ധിമതിയുടെയോ പേർ നൽകപ്പെടുന്നു. പുരുഷനു് ശുദ്ധിമാന്റെ പേരും, സ്ത്രീക്കു് ശുദ്ധിമതിയുടെ പേരും വിളിക്കണം. പുറജാതിദേവന്മാരുടേയും, ദേവികളുടേയും പേരു് കൊടുക്കപ്പെടുവാൻ പാടില്ല. ശിശു കടിഞ്ഞൂൽപുത്രനാണെങ്കിൽ പിതാമഹന്റെ പേരും, കടിഞ്ഞൂൽ പുത്രിയാണെങ്കിൽ പിതാമഹിയുടെ പേരും നൽകപ്പെടുന്നു. രണ്ടാമത്തെ സന്താനമാണെങ്കിൽ ആൺകുട്ടിക്കു് മാതാമഹന്റെ പേരും പെൺകുട്ടിക്കു് മാതാമഹിയുടെ പേരും നൽകപ്പെടുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിലുള്ള പൂവ്വാചാരം ശിശുവിനുള്ള ക്രിസ്തീയനാമം, ഇം പ്രഥമമായി പട്ടക്കാരൻ വിളിക്കണമെന്നുള്ളതാണു്. പേരുകൊടുക്കുന്നതിനുള്ള റൂശ്മാവചനം മലയാളത്തിൽ വായിക്കുകയും അനന്തരം സുറിയാനിയിൽ ചൊല്ലിക്കൊണ്ടു് അത്ഥിയുടെ നെററിക്കു റൂശ്മാവരച്ചു് പേരുവിളിക്കുകയും ചെയ്യാവുന്നതാണു്.

നോട്ട്: അത്ഥിക്കു് ക്രിസ്തീയനാമം കൊടുക്കുന്നതിനുള്ള ഒന്നാം ഭാഗം ഇവിടെ അവസാനിക്കുന്നു, ഇനിയത്തെ ഭാഗം അത്ഥിയിൽ

www.malankaralibrary.com


നിന്ന് മ്ലേച്ഛാത്മാവിനെ ദൂരത്താക്കുകയും അർത്ഥി വിശ്വാസപ്രതിജ്ഞയെ നടത്തുകയും ചെയ്യുന്നതിനുള്ള രണ്ടാംഭാഗമാകുന്നു.

## രണ്ടാംഭാഗം

ശുശ്രൂഷകൻ:—കുറിയേലായിസോൻ. പട്ടക്കാരൻ കിഴക്കോട്ടു തിരിഞ്ഞ് ഇരുകൈകളും നെഞ്ചത്തു കൂപ്പി തലകുനിച്ചുകൊണ്ടു രഹസ്യത്തിൽ —ലോക് കോറെനൊ— സർവ്വശക്തനായ ദൈവമായ കർത്താവേ!

അനന്തരം പട്ടക്കാരൻ പടിഞ്ഞാറോട്ടുതിരിഞ്ഞ് അർത്ഥിയെ അഭിമുഖീകരിച്ചുകൊണ്ട് അർത്ഥിയിൽനിന്ന് മ്ലേച്ഛാത്മാവിനെ ആട്ടിക്കളയുന്നതിനുള്ള പ്രാർത്ഥന ചൊല്ലുകയും അർത്ഥിയെ തൊടാതെ അർത്ഥിയുടെ മേൽ കുരിശടയാളം വരയ്ക്കുകയും ചെയ്യുന്നു,

ലോക് കോറെനൻ— കാണപ്പെടുന്നവയും കാണപ്പെടാത്തവയും ഇത്യാദി ദീർഘമായ പ്രാർത്ഥന കാർമ്മികൻ ചൊല്ലുന്നപക്ഷം അർത്ഥിയുടെ മേൽ ഒൻപതുപ്രാവശ്യം കുരിശടയാളം വരയ്ക്കേണ്ടതാണ്. എന്നാൽ "ദൈവമായ കർത്താവേ" ഇത്യാദി ചെറിയ പ്രാർത്ഥന മാത്രമേ ചൊല്ലുന്നുള്ളുവെങ്കിൽ അർത്ഥിയുടെ മേൽ മൂന്നുപ്രാവശ്യം കുരിശടയാളം വരച്ചാൽ മതിയാകും. അർത്ഥികളായി ഒന്നിലധികം ആളുകൾ ഉണ്ടായിരുന്നാലും അവരെല്ലാവരെയും ഉദ്ദേശിച്ച് ഒന്നായി റശ്മാ ചെയ്താൽ മതിയാകും. അനന്തരം അർത്ഥി പ്രായപൂർത്തിയുള്ള ആളാണെങ്കിൽ അയാളെ പടിഞ്ഞാറോട്ട് നോക്കുവാൻ തക്കവണ്ണം തിരിച്ചുനിറുത്തുന്നു. മദ്ധ്യസ്ഥൻ്റെ ഇടത്തുകൈകൊണ്ട് അർത്ഥിയുടെ ഇടത്തുകൈമേൽ പിടിക്കുന്നു. അർത്ഥി ശിശുവാണെങ്കിൽ അതിൻ്റെ മുഖം പടിഞ്ഞാറോട്ടായിരിക്കത്തക്കവണ്ണം എടുത്തു പിടിക്കുന്നു. മദ്ധ്യസ്ഥൻ ഇടത്തുകൈകൊണ്ടു ശിശുവിൻ്റെ ഇടത്തു കൈമേൽ പിടിക്കുന്നു. ഇപ്രകാരം ക്രമപ്പെടുത്തിയശേഷം പട്ടക്കാരൻ "മാമ്മോദീസാ മുക്കപ്പെടുന്ന (ഇന്നാരായ) ഞാൻ സാത്താനെ നിന്നെയും ഉപേക്ഷിക്കുന്നു" ഇത്യാദി പ്രതിജ്ഞാവചനം മൂന്നു പ്രാവശ്യം ചൊല്ലിക്കൊടുക്കുകയും അർത്ഥിയും മദ്ധ്യസ്ഥനും ഏറ്റുചൊല്ലുകയും ചെയ്യുന്നു. അർത്ഥി ശിശുവാണെങ്കിൽ മദ്ധ്യസ്ഥനും സന്നിഹിതരായിരിക്കുന്ന മാതാപിതാക്കന്മാരും ഇതു ഏറ്റുചൊല്ലുന്നു.

അനന്തരം അർത്ഥിപ്രായപൂർത്തിയുള്ള ആളാണെങ്കിൽ അയാളെ കിഴക്കോട്ടു തിരിച്ചുനിറുത്തുന്നു. മദ്ധ്യസ്ഥനും കിഴക്കോട്ടു തിരിഞ്ഞു നിൽക്കുന്നു. മദ്ധ്യസ്ഥൻ്റെ വലത്തു കൈകൊണ്ടു അർത്ഥിയുടെ വലത്തു കൈമേൽ പിടിക്കുന്നു അർത്ഥി ശിശുവാണെങ്കിൽ അതിൻ്റെ മുഖം കിഴക്കോട്ടായിരിക്കത്തക്കവണ്ണം എടുത്തു പിടിക്കുന്നു. ഇപ്രകാരം

www.malankaralibrary.com



ക്രമപ്പെടുത്തിയശേഷം "മാമോദീസ മുക്കപ്പെടുന്ന (ഇന്നാരായ) ഞാൻ മിശിഹാതമ്പുരാനെ നിന്നിലും...വിശ്വസിക്കുന്നു" ഇത്യാദി പ്രതിജ്ഞാവചനം പട്ടക്കാരൻ മൂന്നു പ്രാവശ്യം ചൊല്ലിക്കൊടുക്കുകയും അത്ഥിയും മദ്ധ്യസ്ഥനും ഏററു ചൊല്ലുകയും ചെയ്യുന്നു. അത്ഥി ശിശുവാണെങ്കിൽ മദ്ധ്യസ്ഥനും സന്നിഹിതരായിരിക്കുന്ന മാതാപിതാക്കന്മാരും ഏററു ചൊല്ലുന്നു. പ്രായപൂത്തി വന്ന ഒരാളെ ശിഷ്യനായി സ്വീകരിക്കുന്ന ശുശ്രൂഷമാത്രമേ നടത്തുന്നുള്ളു, അതോടുകൂടിത്തന്നെ അയാളെ മാമോദീസാ മുക്കുന്നില്ലായെങ്കിൽ—മാമോദീസാ മുക്കപ്പെടുന്ന "(ഇന്നാരായ) ഞാൻ" എന്നു മേലഴുതിയ രണ്ടു പ്രതിജ്ഞാവചനങ്ങളിലും കാണുന്നതിനുപകരം "ഈശോ മിശിഹായുടെ ശിഷ്യനായി സ്വീകരിക്കപ്പെടുന്ന (ഇന്നാരായ) ഞാൻ" എന്നു് കാമ്മികൻ ചൊല്ലിക്കൊടുക്കേണ്ടതും അത്ഥിയും മദ്ധ്യസ്ഥനും ഏററു ചൊല്ലേണ്ടതും ആകുന്നു.

അനന്തരം പട്ടക്കാരൻ "സർവ്വശക്തിയുള്ള പിതാവായി" ഇത്യാദി നിഖ്യാവിശ്വാസപ്രമാണം ആരംഭിക്കുകയും അത്ഥിയും മദ്ധ്യസ്ഥനും വിശ്വാസികളെല്ലാവരും കൂടി അതു് ഏററു ചൊല്ലുകയും ചെയ്യുന്നു.

അത്ഥിയെ ശിഷ്യനായി സ്വീകരിക്കുന്നതിനുള്ള ശുശ്രൂഷ ഇവിടെ അവസാനിച്ചു.

# മാമോദീസാക്രമം

## 3 മുതൽ 5 വരെ ഭാഗങ്ങൾ

1. സജ്ജീകരണങ്ങൾ 1 മാമോദീസാത്തൊട്ടി നന്നായി കഴുകിയ ശേഷം വെള്ളം ചോർന്നുപോകാതെ ഇരിക്കത്തക്കവണ്ണം ദ്വാരം ഭദ്രമായി അടച്ചിരിക്കണം.

2. മാമോദീസാത്തൊട്ടി സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തു് കാമ്മികനായ പട്ടക്കാരൻ കാപ്പ മുതലായ അംശവസ്ത്രങ്ങൾ ധരിച്ചു് സന്നിഹിതനായിരിക്കണം. മററു പട്ടക്കാരും ശുശ്രൂഷകന്മാരും തുക്സാ മൂന്നാം പുസ്തകം മൂന്നാം അദ്ധ്യായത്തിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള അംശവസ്ത്രങ്ങൾ ധരിച്ചു് സന്നിഹിതരായിരിക്കണം.

3. മേൽ ഒന്നാംഭാഗത്തിൽ പറഞ്ഞിട്ടുള്ള സജ്ജീകരണങ്ങൾക്കു പുറമേ മേശമേൽ മാമോദീസായ്ക്കുള്ള വി. ഷൈത്തു്, വി. മൂറോൻ എന്നിവയും തുടയ്ക്കാൻ പഞ്ഞിയും (തുണിയായാലും മതി) വച്ചിരിക്കണം.

4. ചൂടുവെള്ളവും പച്ചവെള്ളവും രണ്ടു പാത്രങ്ങളിലായി കരുതിയിരിക്കണം.

www.malankaralibrary.com



5. മാമോദീസാത്തൊട്ടിയുടെ മീതെ വയ്ക്കുന്നതിനുള്ള കുരിശും മാമോദീസാത്തൊട്ടി മൂടുന്നതിനുള്ള ശോശപ്പായും തയ്യാറായിരിക്കണം. ശോശപ്പാമേൽ കുരിശടയാളം ഉണ്ടായിരിക്കണം.

6. ശിശുവിനെ മാമോദീസാ മുക്കിയശേഷം തൊട്ടിയിൽ നിന്നുമെടുത്തു് മദ്ധ്യസ്ഥന്റെ കൈയ്യിൽ കൊടുക്കുമ്പോൾ അയാളുടെ ദേഹത്തു് കഴുത്തുമുതൽ ഉള്ളം കൈവരെ ഒരു തുണിവിരിച്ചിരിക്കേണ്ടതും ആ തുണിക്കുള്ളിൽ കുട്ടിയെ വാങ്ങിക്കേണ്ടതും ആകയാൽ അതിലേക്കുള്ള ശീല മദ്ധ്യസ്ഥന്റെ കൈവശം ഉണ്ടായിരിക്കണം.

7. മാമ്മോദീസാ കഴിഞ്ഞിട്ടു് കാർമ്മികന്റെയും ശുശ്രൂഷകന്റെയും കൈകൾ കഴുകിത്തുടയ്ക്കുന്നതിലേക്കുള്ള വെള്ളം, സോപ്പു്, തുവല എന്നിവ തയ്യാറായിരിക്കണം.

Note 1. പ്രായപൂർത്തിയായ ആളിനെ മാമോദീസാ മുക്കുന്നതു് അയാളെ വെള്ളത്തിൽ മുക്കുകയും അനന്തരം വെള്ളത്തിൽ നിന്നു ഉയർത്തുകയും ചെയ്തിട്ടായിരുന്നു. ഈ പ്രകാരം മുക്കിവന്നതു് നദിയിലോ കുളത്തിലോ ആയിരുന്നു. പള്ളിയോടു ചേർത്തു് ചിലയിടങ്ങളിൽ മാമ്മോദീസായിക്കു പ്രത്യേകകുളങ്ങൾ ഉണ്ടായിരുന്നു. ഇങ്ങനെ അർത്ഥിയെ വി. ത്രിത്വത്തിന്റെ നാമത്തിൽ വെള്ളത്തിൽ മുക്കുകയും അനന്തരം ഉയർത്തുകയും ചെയ്യുന്ന പൂർവ്വാചാരം കാലാന്തരത്തിൽ നിന്നുപോയി. ഇപ്പോൾ അർത്ഥിയുടെ ശിരസ്സിന്മേൽ മൂന്നു പ്രാവശ്യം കാർമ്മികൻ വെള്ളം കോരി ഒഴിച്ചു് വിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ മാമോദീസാ മുക്കുന്നപതിവാണു് നമ്മുടെ സഭയിൽ നടപ്പിലിരിക്കുന്നതു്. ഈ പതിവനുസരിച്ചു് കാർമ്മികൻ മാമോദീസാ എല്പിക്കേണ്ടതാണു്. അർത്ഥിയുടെ ശിരസ്സിലും ദേഹത്തിലും വെള്ളം കുടഞ്ഞു് (sprinkling) മാമ്മോദീസാ മുക്കുവാൻ പാടില്ല. അർത്ഥിയുടെ തലയുയർത്തിനിറുത്തുകയും അവിടെ നിന്നും വെള്ളം ഒഴുകുകയും വേണം, കാർമ്മികന്റെ തള്ളവിരൽ വെള്ളത്തിൽ മുക്കി അർത്ഥിയുടെ നെറ്റിക്കു് റൂശ്മാ ചെയ്താൽ മതിയാകയില്ല.

2. മാമോദീസായിക്കായി താഴെക്കൊടുത്തിരിക്കുന്ന ശുശ്രൂഷക്രമത്തിൽ അർത്ഥിയെ മാമോദീസായിക്കൊരുക്കുന്നതിനായി വി: മൈത്തുകൊണ്ടു് മുദ്രകുത്തുന്നതിനുള്ള ക്രമവും (മൂന്നാംഭാഗം), മാമോദീസായിക്കുള്ള വെള്ളം വാഴ്ത്തുന്നതിനുള്ള ക്രമവും (നാലാംഭാഗം), വാഴ്ത്തപ്പെട്ട വെള്ളത്തിൽ അർത്ഥിയെ മാമോദീസാ മുക്കുന്നതിനുള്ള ക്രമവും (അഞ്ചാംഭാഗം) അടങ്ങിയിരിക്കുന്നു.

3. മാമോദീസായിക്കുള്ള വെള്ളം താഴെ നാലാംഭാഗത്തിൽ കൊടുത്തിരിക്കുന്ന പ്രകാരമുള്ള ശുശ്രൂഷ അനുസരിച്ചു് വാഴ്ത്തി സൂക്ഷിക്കാവുന്നതാണു്. അതു മാമോദീസാ തൊട്ടിയിൽ സൂക്ഷിക്കാൻപാടില്ല. സ്ഫടികഭരണിയിൽ ഭദ്രമായി അടച്ചു് അതു മാമോദീസാ മുറിയിൽ സൂക്ഷിക്കാവുന്നതാണു്. അങ്ങനെ സൂക്ഷിക്കുന്നപക്ഷം ആ വെള്ളത്തിനു് കേടുവരാതെ ഇരിപ്പാൻ തക്കവണ്ണം ഭദ്രമായി സൂക്ഷിച്ചുകൊള്ളേണ്ടതാണു്. വെള്ളത്തിനു കേടുവന്നുപോയി എന്നു തോന്നുന്നപ

www.malankaralibrary.com


ക്ഷം ആ വെള്ളം മാമ്മോദീസാത്തൊട്ടിയിൽ ഒഴിച്ചു് പോർത്തികളയേണ്ടതും പുതുതായി വെള്ളം വാഴ്ത്തി സൂക്ഷിച്ചുകൊള്ളേണ്ടതും ആകുന്നു.

4. വാഴ്ത്തപ്പെട്ട വെള്ളത്തിൽനിന്നും ഒരു തുടംതോളം മാമോദീസാത്തൊട്ടിയിൽ ഒഴിക്കയും ആൺകുട്ടിയെ മുക്കുവാൻ ആവശ്യപ്പെട്ടിടത്തോളം വെള്ളം അതിനോടു കൂട്ടിച്ചേർക്കയും ചെയ്തിട്ട് അതിൽ കുട്ടിയെ മുക്കാവുന്നതാണ്. ആ വെള്ളത്തിൽ ഒന്നിലധികം ആൺകുട്ടികളെ മുക്കാവുന്നതാണ്. ഒരു കുട്ടിയെ മുക്കുമ്പോഴും വെള്ളം മലിനപ്പെട്ടുപോയി എന്നു കണ്ടാൽ വീണ്ടും വേറെ വെള്ളം കലർത്തി മററു കുട്ടികളെ മുക്കേണ്ടതാണ്.

5. ആൺകുട്ടിയെ മുക്കിയ വെള്ളത്തിൽ പെൺകുട്ടിയെ മുക്കുവാൻ പാടില്ലാ. ആൺ കുട്ടിയെ മുക്കിയ വെള്ളം മുഴുവനും പോർത്തികളഞ്ഞശേഷം മാമ്മോദീസാത്തൊട്ടി കഴുകണം. വെള്ളം പൊന്തപോകാതെ വീണ്ടും അടച്ചു ഭദ്രമാക്കിയശേഷം വാഴ്ത്തപ്പെട്ടവെള്ളവും ശുദ്ധജലവും കൂടി (അത്ഥി—ശിശുവാണെങ്കിൽ ചെറുചൂടുള്ള വെള്ളമായിരിക്കും നല്ലതു്) കലർത്തി അതിൽ പെൺകുട്ടിയെ മുക്കേണ്ടതാണു. ഒന്നിലധികം പെൺകുട്ടികളെ ഈ വെള്ളത്തിൽ മുക്കാവുന്നതാണ്.

6. മാമ്മോദീസാ ശുശ്രൂഷ ആദ്യന്തം ദൃഢമായ ഭക്തിവിശ്വാസത്തോടുകൂടിയും ബാഹ്യമായ ആഡംബരങ്ങളോടുകൂടിയും അതായതു ആഘോഷമായിത്തന്നെ നടത്തേണ്ടതാണ്. താഴെ അടയാളം കൊടുത്തിട്ടുള്ള പ്രാത്ഥനകൾ സമയച്ചുരുക്കമുള്ളപ്പോൾ വിട്ടുകളയാമെങ്കിലും ബാക്കിയുള്ള പ്രാത്ഥനകളും കമ്മങ്ങളും ആഘോഷമായി നിർവഹിക്കപ്പെടേണ്ടതാണ്. അത്ഥിയുടെ ആസന്നമരണാവസ്ഥയിൽ ഏല്പിക്കപ്പെടുന്ന "വിട്ടുമാമോദീസാ" മാത്രമെ അനാഘോഷമായി നടത്തുകയുള്ളു.

7. മാമോദീസാ ഏല്പിക്കുന്ന പട്ടക്കാരനും മാമോദീസാ ഏല്ക്കുന്ന അത്ഥി ശിശുവോ രോഗിയോ അല്ലെങ്കിൽ ആയാളും ഉപവാസത്തോടുകൂടി കമ്മം നിർവഹിക്കുകയും കമ്മത്തിൽ സംബന്ധിക്കയും ചെയ്യേണ്ടതാണ്. മാമോദീസാ ഏററു കഴിഞ്ഞാൽ ഉടൻതന്നെ വി. കർബാനായിൽ സംബന്ധിക്കുകയും വി. കർബാന അനുഭവിക്കുകയും ചെയ്യേണ്ടതാണ്. അത്ഥിശിശുവാണെങ്കിൽ ശിശുവിനു് മൂറോനഭിഷേകവും വി. കർബാനയും കൊടുക്കേണ്ടതാണ്.

8. ഹന്നാൻ വെള്ളത്തിൽ മാമോദീസാ മുക്കുവാൻ പാടില്ലാ. (ദനഹാ പെരുനാളിന്റെ ശുശ്രൂഷയ്ക്കു വാഴ്ത്തുന്ന ദനഹാ വെള്ളത്തിലും മാമ്മോദീസാ മുക്കുവാൻ പാടില്ല.)

9. നിവൃത്തിയുള്ളിടത്തോളം മുൻപുകൂട്ടി വാഴ്ത്തിവെച്ചിരിക്കുന്ന വെള്ളം ഉപയോഗിച്ചുകൂടാത്തതും താഴെ കൊടുത്തിരിക്കുന്ന ശുശ്രൂഷക്രമത്തിൽ ഘടനചെയ്തിരിക്കുന്നപ്രകാരമുള്ള ശുശ്രൂഷമുഴുവൻ നടത്തി അപ്പോൾ വാഴ്ത്തുന്ന വെള്ളത്തിൽ മാമോദീസാ മുക്കേണ്ടതുമാണ്.

www.malankaralibrary.com



# മൂന്നാംഭാഗം

## സൈത്തു പൂശുന്നതിനുള്ള ക്രമം

കാർമ്മികൻ കിഴക്കോട്ടു തിരിഞ്ഞുനില്ക്കുന്നു. ഒരു ശുശ്രൂഷകൻ കാർമ്മികന്റെ മുമ്പിൽ ശുശ്രൂഷപുസ്തകം തുറന്നു പിടിച്ചുകൊടുക്കുന്നു. മററു ശുശ്രൂഷകന്മാർ ഇരുവശങ്ങളിലുമായി നില്ക്കുന്നു. അർത്ഥി പ്രായപൂർത്തിവന്നയാളാണെങ്കിൽ കാർമ്മികന്റെ പുറകിൽ കിഴക്കോട്ടു തിരിഞ്ഞുനില്ക്കുന്നു. അർത്ഥി ശിശുവാണെങ്കിൽ ഒരാൾ ശിശുവിനെ എടുത്തുകൊണ്ടു കിഴക്കോട്ടു തിരിഞ്ഞുനില്ക്കുന്നു. മദ്ധ്യസ്ഥൻ അർത്ഥിയുടെ ഇടത്തുവശത്തായി കിഴക്കോട്ടു തിരിഞ്ഞുനില്ക്കുന്നു.

കാർമ്മികൻ:—ഇരുകൈകളും നെഞ്ചത്തു കൂപ്പി തല കുനിച്ചു രഹസ്യത്തിൽ—ഈശൽമൊറിയോ—കർത്താവെ നിന്റെ വി. റൂഹായെ ഇത്യാദി.

അനന്തരം ശുശ്രൂഷകൻ മാമ്മോദീസായിക്കുള്ള വി. സൈത്തുകുപ്പി തുറന്നു കാർമ്മികന്റെ അടുക്കൽ കൊണ്ടുവരുന്നു. കാർമ്മികൻ വലതുകൈയ്യുടെ തള്ളവിരൽ വി. സൈത്തിൽ മുക്കിയശേഷം താഴെകാണുന്ന റൂശ്മാവചനം ചൊല്ലിക്കൊണ്ടു അർത്ഥിയുടെ നെററിക്ക് മൂന്നു പ്രാവശ്യം സ്ലീബാ അടയാളം വരയ്ക്കുന്നു. പരിഭാഷ വായിക്കാവുന്നതാണ്. എന്നാൽ റൂശ്മാകർമ്മം ചെയ്യുമ്പോൾ സുറിയാനിഭാഷയിലുള്ള റൂശ്മാ വചനംതന്നെ കാർമ്മികൻ ഉച്ചരിക്കണം. റൂശ്മാവചനം ചൊല്ലുമ്പോൾ അർത്ഥിയുടെ ക്രിസ്തീയനാമം ഉച്ചരിക്കണം.

റൂശ്മാവചനം, കൂദാശക്രമം എന്നപുസ്തകം രണ്ടാംപുറത്തു കൊടുത്തിരിക്കുന്നു. പരിശുദ്ധ ത്രിത്വത്തിൽ ഓരോ ക്നൂമ്മായുടെയും പേരു ഉച്ചരിച്ചുകൊണ്ടു കാർമ്മികൻ അർത്ഥിയുടെ നെററിയ്ക്കു റൂശ്മാ മുദ്ര വരക്കേണ്ടതാണ്. ഓരോ റൂശ്മായും കഴിയുമ്പോൾ ശുശ്രൂഷകൻ ആമ്മീൻ ചൊല്ലേണ്ടതാണ്. ആദ്യമായി ആൺകുട്ടികളെയും അനന്തരം പെൺകുട്ടികളെയും ഇപ്രകാരം വി. സൈത്തുകൊണ്ട് റൂശ്മാ വരക്കണം. ഓരോ കുട്ടിയുടെയുംമേൽ റൂശ്മാവരയ്ക്കുമ്പോൾ പട്ടക്കാരന്റെ വിരലിന്മേൽ സൈത്ത് ഉണ്ടായിരിക്കണം. റൂശ്മാ ചെയ്യുന്ന അവസരത്തിൽ ചെറിയമണിയും മർബഹാസായും കിലുക്കാവുന്നതാണ്.

# നാലാം ഭാഗം

## വെള്ളം വാഴ്ത്തുന്നതിനുള്ള ക്രമം

പട്ടക്കാരൻ മാമ്മോദീസാ തൊട്ടിയുടെ പടിഞ്ഞാറുവശത്തു കിഴക്കോട്ടു തിരിഞ്ഞുനില്ക്കുന്നു. ഒരു ചെറിയ പാത്രത്തിൽ ചൂടുവെള്ളം

www.malankaralibrary.com



പട്ടക്കാരന്റെ വലത്തുകൈകൊണ്ടു എടുക്കുകയും മറ്റൊരു ചെറിയ പാത്രത്തിൽ പച്ചവെള്ളം പട്ടക്കാരന്റെ ഇടത്തുകൈകൊണ്ടു എടുക്കുകയുംചെയ്തു് പട്ടക്കാരന്റെ വലത്തുകൈ ഇടത്തുകൈയുടെ മീതെയായി സ്ലീബാ രൂപത്തിൽ പിടിക്കണം, അല്ലെങ്കിൽ കൈകൾ ഒന്നിന്റെ മീതെ ഒന്നായി സ്ലീബാരൂപത്തിൽ വെച്ചിട്ടുള്ള പട്ടക്കാരന്റെ വലത്തുകൈകൊണ്ടു് ചൂടുവെള്ളവും ഇടത്തുകൈകൊണ്ടു് പച്ചവെള്ളവും സ്പർശിപ്പാൻ തക്കവണ്ണം ഈ വെള്ളങ്ങൾ അടങ്ങിയിരിക്കുന്ന പാത്രങ്ങൾ മാമ്മോദീസാത്തൊട്ടിക്കടുത്തു ശുശ്രൂഷകൻ വെച്ചുകൊണ്ടാൽ മതിയാകും.

മാദേസഗ്മോറിയെ—ദൈവമായ കർത്താവെ — ഇത്യാദി പ്രാർത്ഥന പട്ടക്കാരൻ ഉച്ചത്തിൽ ചൊല്ലികൊണ്ടു് ചൂടുവെള്ളവും പച്ചവെള്ളവും പെരു പാത്രങ്ങളിൽനിന്നും മാമ്മോദീസാ തൊട്ടിയിലേക്കു ഒഴിക്കണം. ശിശുവിനു് തണുപ്പു ഏല്ക്കാതിരിക്കാൻവേണ്ടി സമ്മിശ്രജലത്തിനു് ചെറുചൂടുണ്ടായിരിക്കത്തക്കവണ്ണം ആവശ്യമുള്ള ചൂടുവെള്ളം ചേർക്കണം. ആൺകുട്ടിയേയും പെൺകുട്ടിയേയും മാമ്മോദീസാ മുക്കുവാൻ ആവശ്യമുള്ളപക്ഷം വെള്ളം വാഴ്വിന്റെ ശുശ്രൂഷ കഴിഞ്ഞിട്ടു്, പെൺകുട്ടിയെ മുക്കുവാനുള്ള വെള്ളം കോരിയെടുത്തു മാറ്റി വെയ്ക്കേണ്ടതാകയാൽ ഇപ്പോൾ കൂടുതൽ വെള്ളം ചേർക്കണം.

Note:—വെള്ളം കലർത്തുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിൽ "ഈ ദാസൻ" എന്ന പദത്തിനുപകരം "ഈ ദാസികൾ" "ഈ ദാസന്മാർ" എന്നിങ്ങനെ ആവശ്യാനുസരണം ഭേദപ്പെടുത്തി ചൊല്ലേണ്ടതാണ്; "മാമ്മോദീസാ മുങ്ങുന്ന" എന്ന തർജ്ജിമ തെറ്റാണ്. "മാമ്മോദീസാ മുക്കപ്പെടുന്ന" എന്നുള്ള തർജ്ജിമയാണു് ശരി. മാമ്മോദീസാ വെള്ളം ശുദ്ധീകരിച്ചു സൂക്ഷിക്കുന്നതിലേക്കായി വാഴ്ത്തുകയാണെങ്കിൽ "മാമ്മോദീസാമുക്കപ്പെടുന്ന നിന്റെ അടിയാർക്കു" എന്നു ചൊല്ലേണ്ടതാണു്.

മേൽപറഞ്ഞപ്രകാരം ഉള്ള പ്രാർത്ഥനയോടുകൂടി വെള്ളം കലർത്തിയശേഷം മാമ്മോദീസാ തൊട്ടിയുടെ മീതെ ഒരു കുരിശു കിടത്തി വയ്ക്കുന്നു. ഈ കുരിശിന്റെ നാലു കവരങ്ങളുടെയും അഗ്രം മാമ്മോദീസാ തൊട്ടിയുടെ വക്കത്തു ചേർന്നിരിക്കത്തക്കവണ്ണം പ്രത്യേകം ഉണ്ടാക്കിയിട്ടുള്ളതായിരിക്കണം. അതിൻമീതെ മാമ്മോദീസാതൊട്ടി മൂടുവാൻ തക്കവണ്ണം ശോശപ്പാ വിരിക്കണം.

അനന്തരം പട്ടക്കാരനും ശുശ്രൂഷകനുംകൂടി ശ്ലാ ഹോറെൻ.... ഇത്യാദിഗീതം ഒന്നും, രണ്ടും മൂന്നും പാദങ്ങൾ പാടണം. ഇവയിൽ ഒന്നാമത്തേതുമാത്രം ചൊല്ലിയാലും മതി. അനന്തരം നാലാമത്തെ പാദം പാടുമ്പോൾ പട്ടക്കാരൻ (വി: കുർബാനസമയത്തു ഇരുകരങ്ങളുംകൊണ്ടു ശോശപ്പാ എടുത്തു ആഘോഷിക്കുന്നപ്രകാരം) മാമ്മോദീസാത്തൊട്ടിയുടെ മീതെ വിരിച്ചിരിക്കുന്ന ശോശപ്പാ എടുത്തു ആഘോഷിക്കണം; ഗീതം സുറിയാനിയിൽ പാടുന്നതിനുപകരം പരിഭാഷ വായിച്ചാൽ മതിയാകും. "മാമ്മോദീസാ മുങ്ങുകയും" എന്നുള്ള

www.malankaralibrary.com



പരിഭാഷ തെറ്റാണ്. "മാമോദിസാ ഏല്ക്കുകയെന്നുള്ളതാണ് ശരി.

ആഘോഷം കഴിഞ്ഞ് ശോശപ്പാ മടക്കി ശുശ്രൂഷകനെ ഏല്പിക്കുന്നു. കുരിശും എടുത്തുമാറ്റുന്നു. അനന്തരം പട്ടക്കാരൻ ഇരുകരങ്ങളും നെഞ്ചത്തുകൂപ്പി തലകുനിച്ചുകൊണ്ട് രഹസ്യത്തിൽ "ഏബ്ത്ലാൻ—കർത്താവെ പാപത്തിന്റെ" ഇത്യാദി പ്രാർത്ഥന ചൊല്ലുന്നു. അപ്പുറം ശുശ്രൂഷകൻ ഉച്ചത്തിൽ കുറിയേലായിസ്സോൻ ചൊല്ലിക്കൊടുക്കുകയും സന്നിഹിതരായിരിക്കുന്ന ജനം ഏറ്റുചൊല്ലുകയും ചെയ്യുന്നു.

അനന്തരം പട്ടക്കാരൻ ഇരുകരങ്ങളും വിരിച്ച് തലയുയർത്തി ആകാശത്തിലേക്ക് ദൃഷ്ടിപതിച്ചുകൊണ്ട് "മെത്തുൻലായത്" എന്നുകൊണ്ടെന്നാൽ കർത്താവെ—ഇത്യാദി പ്രാർത്ഥന ചൊല്ലുന്നു.

ജനം. ആമ്മീൻ.

പട്ടക്കാരൻ ശബ്ദം ഉയർത്തി 'എസ്ഹാൻമൊറിയൊ'—കർത്താവെ ഈ വെള്ളത്തിലേക്ക് തിരിഞ്ഞ് ഇതിനെ ശുദ്ധീകരിക്കണമെ— എന്നു ചൊല്ലുകയും വെള്ളത്തിൻമീതെ കുനിഞ്ഞുനിന്നുകൊണ്ട് പടിഞ്ഞാറുനിന്ന് കിഴക്കോട്ടും, തെക്കുനിന്നു വടക്കോട്ടും, ആയികുരിശുരൂപത്തിൽമൂന്നുപ്രാവശ്യം ഊതുകയും ചെയ്യുന്നു. അനന്തരം പട്ടക്കാരൻ ഇടത്തു കൈ അല്പം ഉയർത്തിപിടിച്ചുകൊണ്ട് വലത്തുകൈകൊണ്ട് വെള്ളത്തിൻമീതെ മൂന്നുപ്രാവശ്യം കുരിശടയാളം വരക്കുന്നു. രഹസ്യത്തിൽ "ഈൻ ഓ മൊറിയൊ—കർത്താവെ മനുഷ്യമക്കളെ കൊല്ലുന്ന" ഇത്യാദി പ്രാർത്ഥന ചൊല്ലുന്നു. പുസ്തകത്തിൽ കുരിശടയാളം കൊടുത്തിട്ടുള്ള പദങ്ങൾ ഉച്ചരിക്കുമ്പോൾ ആണ് വെള്ളത്തിൻമീതെ കുരിശടയാളം വരയ്ക്കേണ്ടത്. മാമ്മോദീസാ കൈക്കൊള്ളുന്ന എന്ന പരിഭാഷ തെറ്റാണ്. മാമ്മോദീസാ മുക്കപ്പെടുന്ന എന്നു തർജ്ജിമചെയ്യണം "ഇവനിൽ" എന്നതിനുപകരം "ഇവളിൽ" എന്നോ "ഇവരിൽ" എന്നോ ആവശ്യാനുസരണം ഭേദപ്പെടുത്തി ചൊല്ലണം. ഈ സമയത്ത് ശുശ്രൂഷകൻ കുറിയേലായിസ്സോൻ ചൊല്ലിക്കൊടുക്കുകയും ജനം ഏറ്റുചൊല്ലുകയും ചെയ്യണം. അനന്തരംപട്ടക്കാരൻ ഇരുകൈകളുംവിരിച്ച് ശബ്ദം ഉയർത്തി—"മെത്തുൽ ഹോദെ—ഇതുനിമിത്തം" ഇത്യാദി ചൊല്ലണം.

ജനം:—സർവ്വശക്തിയുള്ള പിതാവായ ദൈവമെ! ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ.

പട്ടക്കാരൻ:—(ഉച്ചത്തിൽ) ഓഫ് ഹനാൻ—എന്റെ കർത്താവെ—ഇത്യാദി.

ജനം:—ദൈവമായ കർത്താവെ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നിന്നെ ഞങ്ങൾ വാഴ്ത്തുന്നു. നിന്നെ ഞങ്ങൾ വന്ദിക്കുന്നു. നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഉത്തമനായുള്ളവേ കരുണതോന്നി ഞങ്ങളെ അനുഗ്രഹിക്കണമെ

www.malankaralibrary.com


ശുശ്രൂഷകൻ:—(ഉച്ചത്തിൽ) ബാറക്ക്മോർ. എന്റെ വാത്സല്യമുള്ളവരെ ജീവനുള്ള പരിശുദ്ധരൂഹാ സ്വർഗ്ഗമാകുന്ന മേലുള്ള ഉയരങ്ങളിൽനിന്ന് പ്രതാപത്തോടുകൂടി ഇറങ്ങി, വെയ്ക്കപ്പെട്ടിരിക്കുന്ന മാമോദീസാത്തൊട്ടിയിലുള്ള വെള്ളത്തിന്മേൽ പൊരുന്നി ആവസിച്ച് ഇതിനെ ശുദ്ധീകരിക്കുന്നതായ ഈ നാഴിക എത്രഭയങ്കരവും ഈ സമയം എത്ര ഭീതികരമായുമാകുന്നു. നിങ്ങൾ അടക്കത്തോടും ഭയത്തോടുംകൂടി പ്രാർത്ഥിപ്പിൻ.

ശുശ്രൂഷകൻ മേലെഴുതിയ പ്രാർത്ഥന ചൊല്ലുമ്പോൾ പട്ടക്കാരൻ വെള്ളത്തിന്മേൽ ഇരുകൈകളും ആഘോഷമായി മൂന്നുപ്രാവശ്യം ആവസിപ്പിക്കയും പരിശുദ്ധരൂഹായെ ക്ഷണിച്ചുവരുന്ന "റാഹേം അലൈൻ" — സർവ്വശക്തിയുള്ള പിതാവായ ദൈവമെ — ഇത്യാദി പ്രാർത്ഥന രഹസ്യത്തിൽ ചൊല്ലുകയും ചെയ്യുന്നു. ഈ സമയത്തു ശുശ്രൂഷകന്മാർകിലുക്കുമണിയും മറ്വഹാസായും കിലുക്കുന്നു.

ശുശ്രൂഷകന്റെ പ്രസ്താവനയുടെ അവസാനത്തിൽ ജനം:— ഞങ്ങൾ എല്ലാവരോടുംകൂടെ സമാധാനവും ഞങ്ങൾക്കെല്ലാവർക്കും സമ്പ്രീതിയും ഉണ്ടാകണമെ.

അനന്തരം പട്ടക്കാരൻ ഇടത്തുകൈ വിരിച്ചുപിടിക്കയും വലത്തുകൈകൊണ്ട് നെഞ്ചത്തു മൂന്നുപ്രാവശ്യം ഇടിച്ചുകൊണ്ട് മൂന്നുപ്രാവശ്യം ഉച്ചത്തിൽ(വി: കുർബാനയിലെപ്പോലെ) കർത്താവെ! എന്നോടു ഉത്തരമരുളി ചെയ്യേണമെ!! ഇത്യാദി ചൊല്ലുന്നു.

അനന്തരം ജനം:—കുറിയേലായിസ്സോൻ (മൂന്നുപ്രാവശ്യം).

കാർമ്മികൻ:—"ആത്ത്മൊറിയൊ—സർവ്വശക്തിയുള്ള ദൈവമായ കർത്താവെ" — ഇത്യാദി മൂന്നുപ്രാർത്ഥനകളും ഉച്ചത്തിൽ ചൊല്ലുന്നു. ഇവയിൽ ഓരോ പ്രാർത്ഥനയും ചൊല്ലുമ്പോൾ വെള്ളത്തിൻ മീതെ കാർമ്മികൻ കിഴക്കുനിന്ന് പടിഞ്ഞാറോട്ടും വടക്കു നിന്നു തെക്കോട്ടുമായി കുരിശടയാളം വരയ്ക്കുന്നു. ഓരോ പ്രാർത്ഥനയുടെയും അവസാനത്തിൽ ജനം ആമ്മീൻ ചൊല്ലുന്നു. അനന്തരം പട്ടക്കാരൻ മൂറോൻ കുപ്പി എടുത്തു അതിനെ വെള്ളത്തിന്മേൽ ഉയർത്തിപ്പിടിച്ചുകൊണ്ട് മൂന്നു പ്രാവശ്യം സ്ലീബാരൂപത്തിൽ ആഘോഷിക്കുന്നു. ഒന്നാം പ്രാവശ്യം ആഘോഷിക്കുമ്പോൾ പട്ടക്കാരൻ "ഹാസാവൂക്ക്—ദൈവമെ വെള്ളങ്ങൾ—ഇത്യാദി ചൊല്ലുന്നു.

അനന്തരം ശുശ്രൂഷകൻ—ഹാലേലൂയ്യാ

രണ്ടാം പ്രാവശ്യം മൂറോൻ കുപ്പി ആഘോഷിക്കുമ്പോൾ പട്ടക്കാരൻ "കോലെ ദ്മോറിയോ—കർത്താവിന്റെ ശബ്ദം ഇത്യാദി

അനന്തരം ശുശ്രൂഷകൻ —ഹാലേലൂയ്യാ.

മൂന്നാംപ്രാവശ്യം മൂറോൻ കുപ്പി ആഘോഷിക്കുമ്പോൾ പട്ടക്കാരൻ — ശുബഹോ ലആബോ പിതാവിനും പുത്രനും ഇത്യാദി"

അനന്തരം ജനം:—ആദിമുതൽ എന്നേക്കും ആമ്മീൻ.

പട്ടക്കാരൻ മാമോദീസാ തൊട്ടിയിലെവെള്ളത്തിന്മേൽ മൂറോൻ കുപ്പിയിൽ നിന്നു അല്പം (മൂന്നു നാലു തുള്ളികൾ മാത്രം) മൂറോൻ

www.malankaralibrary.com



ഒഴിച്ചുംകൊണ്ടു് ഒശ്ലിനാൻ — പഴയമനുഷ്യൻ പുത്രൻ—ഇത്യാദി ചൊല്ലുന്നു. ഈ പ്രാർത്ഥന ആരംഭിക്കുമ്പോൾ തന്നെ മൂറോൻ വെള്ളത്തിൽ ഒഴിക്കുന്നു. "ബശ്മോദാബോ" ചൊല്ലുമ്പോൾ പട്ടക്കാരൻ വലത്തു കയ്യുടെ മൂന്നു വിരലുകൾ ചേർത്തു പിടിച്ചുകൊണ്ടു് വെള്ളത്തിൽ കുരിശടയാളം വരയ്ക്കുന്നു, ഈ സമയത്തു് പട്ടക്കാരന്റെ വിരലുകൾ വെള്ളത്തെ സ്പർശിച്ചിട്ടുണ്ടു് കുരിശു വരയ്ക്കേണ്ടതു്.

ജനം:—ആമ്മീൻ

"ഉബ്റോ" ചൊല്ലുമ്പോൾ മേൽ പറഞ്ഞ പ്രകാരം വീണ്ടും വെള്ളത്തിൽ കുരിശു വരയ്ക്കണം.

ജനം:—ആമ്മീൻ

"വദ് റൂഹോ" ചൊല്ലുമ്പോൾ മേൽപറഞ്ഞ പ്രകാരം മൂന്നാമത്തും വെള്ളത്തിൽ കുരിശു വരക്കണം.

ജനം:—ആമ്മീൻ

അനന്തരം ശുശ്രൂഷകൻ—കുറിയേലായിസ്സോൻ ചൊല്ലിക്കൊടുക്കയും ജനം ഏററു പറകയും ചെയ്യണം. ഈ സമയത്തു പട്ടക്കാരൻ—തല കുനിച്ചു രഹസ്യത്തിൽ "ആത്ത് മെററിയൊ — തന്റെ വി. റൂഹായെ ഇത്യാദി പ്രാർത്ഥന ചൊല്ലുന്നു.

വെള്ളം വാഴ്ത്തുന്നതിനുള്ള ശുശ്രൂഷ അവസാനിച്ചു. പെൺകുട്ടിയെ മാമ്മോദീസാ മുക്കുവാനുണ്ടെങ്കിൽ അതിലേക്കു് കുറെ വെള്ളമെടുത്തു മാററി വയ്ക്കേണ്ടതാണു്. മാമ്മോദീസായ്ക്കുള്ള വെള്ളം സൂക്ഷിക്കണമെന്നുള്ളപക്ഷം അതിലേക്കു് ആവശ്യമുള്ള വെള്ളം എടുത്തു ഭദ്രമായി കുപ്പിയിൽ സൂക്ഷിക്കാവുന്നതാണു്.

മൂറോൻ ഒഴിച്ചിട്ടുള്ള വെള്ളം മൂന്നു മാസത്തിലധികം സൂക്ഷിക്കാതിരിക്കുന്നതാണു് നന്നു്.

## അഞ്ചാംഭാഗം

പട്ടക്കാരൻ മാമ്മോദീസാ തൊട്ടിയുടെ പടിഞ്ഞാറുവശത്തു കിഴക്കോട്ടു തിരിഞ്ഞു നിന്നുകൊണ്ടു് കൈകൾ വിരിച്ചു് തലയുയർത്തി ഉച്ചത്തിൽ ഐക്കാറനോ—നിന്റെ കൃപയാൽ ഇത്യാദി. "ഇവൻ" എന്നതിനു പകരം "ഇവൾ" "ഇവർ" എന്നു് ചൊല്ലാവുന്നതാണു്. ജനം: ആമ്മീൻ.

പട്ടക്കാരൻ—വി. കുർബാന സമയത്തു ജനത്തിനു് ശ്ലോമ്മോ—സമാധാനം—പ്രസ്താവിക്കുന്നതുപോലെ വലത്തു കൈ ജനത്തിങ്കലേക്കു് നീട്ടിക്കൊണ്ടു്, നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജനം:—അവിടത്തെ ആത്മാവോടുകൂടിയും ഉണ്ടായിരിക്കട്ടെ.

പട്ടക്കാരൻ:— ഇടത്തു കൈ അല്പം മുമ്പോട്ടു വിരിച്ചു പിടി

www.malankaralibrary.com



ക്കയും താഴെ പറയുന്ന പ്രകാരത്തിൽ വലത്തു കൈ വെള്ളത്തിന്റെ മീതെ ആഘോഷിക്കുകയും അനന്തരം വെള്ളത്തിൻമേൽ റശ്മായെ യ്ക്കയും ചെയ്യുന്നു.

ഈ കർമ്മം ചെയ്യുന്നതിനുമുമ്പു് പരിശോഷവായിക്കാവുന്നതാണ്.

പട്ടക്കാരൻ:—(ഇടത്തു കൈ അല്പം മുൻപോട്ടുനീട്ടി മേലത്തി പിടിച്ചുകൊണ്ടു്) "മ്ബർക്കീൻ എന്തൻ" ഉച്ചത്തിൽ ഗീതമായിചൊല്ലിക്കൊണ്ടു് വെള്ളത്തിൻ മീതെ ഒരു പ്രാവശ്യം വലത്തു കൈ ആഘോഷിക്കുന്നു.

പട്ടക്കാരൻ—"വമ്ക്കദ്ശിൻ മാറെയാഹെയലെൻ" ചൊല്ലിക്കൊണ്ടു രണ്ടാംപ്രാവശ്യം വലത്തുകൈ വെള്ളത്തിന്റെ മീതെ ആഘോഷിക്കുന്നു.

പട്ടക്കാരൻ:—"മ്നെഹറവൂൻ ഖസ്ഹോമ്ബ ആലോഹോയ് ത്തോ" ചൊല്ലിക്കൊണ്ടു് മൂന്നാംപ്രാവശ്യം, വെള്ളത്തിൻ മീതെ വലത്തുകൈ ആഘോഷിക്കുന്നു,

അനന്തരം "മൊലൊമൈമൊദ് മെൻമ് റീശ്ശു്" ചൊല്ലിക്കൊണ്ടു് വലത്തു കൈ വെള്ളത്തിൻ മീതെ ആവസിപ്പിക്കുന്നു.

ശുശ്രൂഷകൻ:—ബാറെക്മോർ

പട്ടക്കാരൻ:—ബ്ശേം ആബോ ഹായെ ല്ഹായെ—ചൊല്ലിക്കൊണ്ടു് വെള്ളത്തിൻ മീതെ കുരിശു വരക്കുന്നു,

ശുശ്രൂഷകൻ:—ആമ്മീൻ.

പട്ടക്കാരൻ:—ബ്ശേം ബ്റോഹായോ ല്ഹായെ—ചൊല്ലിക്കൊണ്ടു് വെള്ളത്തിൻമീതെ കുരിശു വരയ്ക്കുന്നു.

ശുശ്രൂഷകൻ:—ആമ്മീൻ.

പട്ടക്കാരൻ:—ബ്ശേം റൂഹാ ഹായോ ഉകാദിശോല്ഹായെ-ചൊല്ലിക്കൊണ്ടു് വെള്ളത്തിന്മേൽ കുരിശുവരയ്ക്കുന്നു. അനന്തരം "ഉല് ഓലംഒൻമീൻ" ചൊല്ലിക്കൊണ്ടു് വെള്ളത്തിന്മേൽ കൈ ആഘോഷിച്ചു് ആവസിപ്പിക്കുന്നു. അനന്തരം പട്ടക്കാരനും ജനവും കൂടിഒരുമിച്ചു ആമ്മീൻ ചൊല്ലുന്നു.

## സ്നാപനകർമ്മം

പട്ടക്കാരൻ മാമ്മോദിസാതൊട്ടിയുടെ കിഴക്കുവശത്തുവന്നു പടിഞ്ഞാറോട്ടു തിരിഞ്ഞു നില്ക്കുന്നു. സ്നാനാർത്ഥി പ്രായപൂർത്തിയുള്ള ആളാണെങ്കിൽ മാമ്മോദിസാതൊട്ടിയുടെ പടിഞ്ഞാറുഭാഗത്തു് കിഴക്കോട്ടു് അഭിമുഖമായി നില്ക്കുന്നു. സ്നാനാർത്ഥിയുടെ തലയിൽ വെള്ളം ഒഴിക്കുമ്പോൾ ആ വെള്ളം മാമ്മോദിസാതൊട്ടിയിൽ വീഴുവാൻ തക്കവണ്ണം തലകുനിച്ചുനില്ക്കുന്നു.

www.malankaralibrary.com



അർത്ഥി ശിശുവാണെങ്കിൽ ഒരു ശുശ്രൂഷകൻ ശിശുവിനെ വാങ്ങി മാമ്മോദീസാ തൊട്ടിയുടെ പടിഞ്ഞാറുവശത്ത് കിഴക്കോട്ടു തിരിഞ്ഞു നിന്നുകൊണ്ട് ശിശുവിന്റെ മുഖം കിഴക്കോട്ടാക്കി ശിശുവിനെ മാമ്മോദീസാതൊട്ടിയിലേക്ക് ഇറക്കി പിടിക്കുന്നു. ശിശുവിനെ തൊട്ടിയിൽ ഇരുത്തുകയും ശുശ്രൂഷകന്റെ ഇരുകരങ്ങളും കൊണ്ട് ശിശുവിന്റെ ഇരുകക്ഷങ്ങളിലും പിടിച്ചുകൊള്ളുകയും ചെയ്താൽ മതി. മാമ്മോദീസായിക്കുള്ള കൂദാശ വചനം മലയാള പരിഭാഷ വായിച്ചതിന്റെ ശേഷം പട്ടക്കാരൻ സുറിയാനിയിൽ കൂദാശവചനങ്ങൾ ചൊല്ലിക്കൊണ്ട് സ്നാപനകർമ്മം നടത്താവുന്നതാണ്. സ്നാപനകർമ്മം നടത്തുമ്പോൾ സുറിയാനിഭാഷയിൽ തന്നെ ചൊല്ലേണ്ടതാണ് (കൂദാശവചനം എന്ന പുസ്തകം രണ്ടാംപുറം)

പട്ടക്കാരൻ വലത്തുകൈ സ്നാനാർത്ഥിയുടെ ശിരസ്സിന്മേൽ വച്ചുകൊണ്ട് ഓമേദ് (അർത്ഥിയുടെ പേര്) അൽസബറോദ്ഹായെ ഉത്തുബക്കാനോ ദഹത്തോഹൈ

## ശുശ്രൂഷകൻ ബാറക്ക് മോർ

പട്ടക്കാരൻ ഇടത്തുകൈകൊണ്ടോ ചെറിയ പാത്രംകൊണ്ടോ സ്നാനാർത്ഥിയുടെ മുൻവശത്തുനിന്നും (തൊട്ടിയുടെ കിഴക്കേഭാഗത്തു നിന്ന്) വെള്ളമെടുത്തു സ്നാനാർത്ഥിയുടെ ശിരസ്സിന്മേൽ ഒഴിക്കുമ്പോൾ ബശ്മോദാബോ എന്ന് ഉച്ചരിക്കയും അതേ സമയം തന്നെ വലത്തു കൈയുടെ തള്ളവിരൽ കൊണ്ട് സ്നാനാർത്ഥിയുടെ നെററിക്ക് സ്ലീബാ രൂപത്തിൽ വരം വരക്കുകയും വേണം.

ജനം:—ആമ്മീൻ

അനന്തരം പട്ടക്കാരൻ ഇടത്തുകൈകൊണ്ടോ ചെറിയ പാത്രം കൊണ്ടോ സ്നാനാർത്ഥിയുടെ പിൻഭാഗത്ത് (തൊട്ടിയിൽ പടിഞ്ഞാറേഭാഗത്തു) നിന്ന് വെള്ളം എടുത്ത് അർത്ഥിയുടെ ശിരസ്സിൽ ഒഴിക്കുമ്പോൾ "ഉദബ്റോ എന്ന് ഉച്ചരിക്കയും അതേ സമയം തന്നെ വലത്തു കയ്യുടെ തള്ള വിരൽ കൊണ്ടു അവന്റെ നെററിക്കു സ്ലീബാ രൂപത്തിൽ വരം വരക്കുകയും വേണം.

ജനം:—ആമ്മീൻ

അനന്തരം പട്ടക്കാരൻ ഇടത്തുകൈകൊണ്ടോ ചെറിയപാത്രം കൊണ്ടോ സ്നാനാർത്ഥിയുടെ ഇടത്തു വശത്തു നിന്നും വലത്തു വശത്തു നിന്നും (തൊട്ടിയിൽ തെക്കു നിന്നും വടക്കു നിന്നും) വെള്ളമെടുത്തു അർത്ഥിയുടെ തലയിൽ ഒഴിക്കുകയും "വദ് റൂഹോ ഹായോ ഉകാദിശോ" എന്ന് ഉച്ചരിക്കയും വലത്തു കയ്യിന്റെ തള്ളവിരൽകൊണ്ടു അതേ സമയം തന്നെ സ്നാനാർത്ഥിയുടെ നെററിയിൽ സ്ലീബാ രൂപത്തിൽ വരം വരക്കുകയും ചെയ്യണം. അനന്തരം പട്ടക്കാരൻ "ലഹായെ ദല ഓലം ഓൽ മീൻ" ചൊല്ലിക്കൊണ്ടു വലത്തുകൈ സ്നാനാർത്ഥിയുടെ ശിരസ്സിന്മേൽ വയ്ക്കണം.

www.malankaralibrary.com



ജനം:—ആമ്മീൻ

നോട്ട്. പൂർവ്വകാലത്തു് അർത്ഥിയെ നദിയിലോ കുളത്തിലോ ഇറക്കി മാമ്മോദീസാ മുക്കി വന്നു. അപ്പോൾ അർത്ഥിയെ വെള്ളത്തിൽ മുക്കുകയും അനന്തരം വെള്ളത്തിൽ നിന്നു് മേല്പോട്ടുയർത്തുകയും ഇപ്രകാരം മൂന്നു പ്രാവശ്യം ചെയ്തുകൊണ്ടു് ത്രിത്വനാമം ഉച്ചരിക്കയും ആയിരുന്നു പതിവു്. മാമ്മോദീസായിൽ മരണത്തിലേക്കു് ക്രിസ്തുവിനോടുകൂടെ നാം കുഴിച്ചിടപ്പെട്ടിരിക്കുന്നു എന്നും, തന്റെ പിതാവിന്റെ മഹത്വത്തിൽ മരിച്ചവരിൽ നിന്നും ക്രിസ്തു ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവനിൽ നടപ്പാനുള്ളവരത്രെ എന്നും, ക്രിസ്തുവിൽ മാമ്മോദീസാ കൈക്കൊണ്ടവരായ നാം അവന്റെ മരണത്തിലേക്കാകുന്നു മാമ്മോദീസാ കൈക്കൊണ്ടതെന്നും വി. പൗലോസ് ശ്ലീഹാ പ്രസ്താവിക്കുന്നതു് ഈ പ്രകാരമുള്ള സ്നാപന കർമ്മത്തെ ആസ്പദമാക്കിയാകുന്നു. ഈ കാലത്തു് ഇപ്രകാരം നദിയിലും കുളത്തിലും മാമോദീസാ മുക്കുക പതിവില്ല. തക്സായിൽ ക്രമപ്പെടുത്തിയിരിക്കുന്നപ്രകാരം മാമ്മോദീസാ തൊട്ടിയിലോ അതില്ലാത്തപക്ഷം അതിനു പകരം ഒരു പാത്രം ഉപയോഗിച്ചോ സ്നാപനം നടത്തേണ്ടതാണു്. അർത്ഥിപ്രായപൂർത്തിയായ ആളാണെങ്കിൽ സ്നാപനകർമ്മത്തിന്റെ ശേഷം പട്ടക്കാരൻ അർത്ഥിയുടെ ഇരുകരങ്ങളും സ്വഹസ്തങ്ങളിൽ ചേർത്തു പിടിച്ചു മദ്ധ്യസ്ഥന്റെ കയ്യിൽ ഏല്പിച്ചു കൊടുക്കുന്നു. മദ്ധ്യസ്ഥൻ അർത്ഥിയുടെ ഇടത്തുവശത്തു (വടക്കുവശത്തു്) നിന്നുകൊണ്ടു് അർത്ഥിയെ സ്വീകരിക്കുന്നു.

അർത്ഥി ശിശുവാണെങ്കിൽ—അർത്ഥിയെ ഇരുകരങ്ങളിലും വാങ്ങുന്നതിനായി മദ്ധ്യസ്ഥൻ മാമോദീസാ തൊട്ടിയുടെ വടക്കുവശത്തു് ഒരുങ്ങിനില്ക്കണം. ശിശുവിന്റെ ദേഹത്തെ വെള്ളം മദ്ധ്യസ്ഥന്റെ ദേഹത്തു് പുരളാതിരിക്കത്തക്കവണ്ണം മദ്ധ്യസ്ഥൻ കഴുത്തുമുതൽ ഹസ്തങ്ങൾവരെയും ശീലവിരിച്ചിരിക്കണം. (ശിശുവിന്റെ മാതാപിതാക്കളുടെ വിവാഹസമയത്തു് മാതാവിനു് നല്കപ്പെട്ട മന്ത്രകോടി (വിരിപ്പാവു്) ഇതിലേക്കായി ഉപയോഗിക്കുക പൂർവ്വാചാരമാണു്. സൗകര്യമുള്ള ഏതെങ്കിലും ശീല ഉപയോഗിച്ചാൽ മതിയാകും. പട്ടക്കാരനും ശിശുവിനെ പിടിച്ചിരിക്കുന്ന ശുശ്രൂഷകനും കൂടി ചേർന്നു മാമ്മോദീസാതൊട്ടിയിൽ നിന്നും ശിശുവിനെ എടുത്തു മദ്ധ്യസ്ഥന്റെ കയ്യിൽ ഏല്പിക്കുന്നു. ശിശുവിന്റെ ഉച്ചി തുവർത്തുന്നു.

അർത്ഥിയെ മദ്ധ്യസ്ഥന്റെ പക്കൽ ഏല്പിക്കുന്ന അവസരത്തിൽ ശുശ്രൂഷകന്മാർ 'ഫ്രം.സ്സ' കെൻ ഖൈഫക്ക്—ഇത്യാദിഗീതം പാടുന്നു. രാജാവിന്റെപുത്രി—ഇത്യാദി പരിഭാഷ വായിച്ചാലും മതി.

നോട്ട്. മാമ്മോദീസാ മുക്കപ്പെടുന്നു എന്നുള്ളതാണു് ശരിയായ പരിഭാഷ. മാമ്മോദീസാ മുങ്ങുന്നു, മുഴുകുന്നു, മുഴുകപ്പെടുന്നു, എന്നിവയെല്ലാം തെറ്റാണു്.

www.malankaralibrary.com



നോട്ട്. പ്രായപൂർത്തിയായ ഒരാളിനെ മാമോദീസാ മുക്കുമ്പോൾ അതോടു കൂടി മൂറോനഭിഷേകം (സൈത്തുലേപനം) ആകുന്ന ക്രൂദാശ പ്രാപിപ്പാൻ തക്കവണ്ണം വേണ്ടിടത്തോളം ഉള്ള മതപാഠവും ആത്മീയ ഒരുക്കവും ഉണ്ടായിട്ടുണ്ടെന്നു പട്ടക്കാരനു ബോദ്ധ്യമുള്ളപക്ഷം മൂറോനഭിഷേകം നടത്താവുന്നതാണ്. ഇതിലേക്ക് മെത്രാന്റെ പ്രത്യേക അനുമതിയുള്ള പട്ടക്കാരൻ മാത്രമെ മൂറോനഭിഷേകം നടത്തുവാൻ പാടുള്ളൂ. അർത്ഥി ശിശുവാണെങ്കിൽ മാമോദീസായോടുകൂടി തന്നെ മൂറോനഭിഷേകം നടത്തുകയാണ് പതിവ്. ഇതിലേക്കും മെത്രാന്റെ അനുമതി പട്ടക്കാരന് ആവശ്യമാണ്. മൂറോനഭിഷേകം നടത്തുന്നതിന് മെത്രാന്റെ അടുക്കൽ നിന്നു അനുമതി പ്രാപിച്ചിട്ടുള്ള പട്ടക്കാരനു മാത്രമെ ഇതും നടത്താൻ പാടുള്ളൂ.

മാമോദീസായോടുകൂടി മൂറോനഭിഷേകം നടത്തുന്നില്ലെങ്കിൽ പട്ടക്കാരൻ അർത്ഥിക്ക് താഴെ ഏഴാംഭാഗത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം വി. കുർബാന കൊടുക്കുകയും അനന്തരം ആശീർവദിക്കുന്നതിനുള്ള ഹൂത്തോമൊ ചൊല്ലിക്കൊണ്ട് ശുശ്രൂഷ അവസാനിപ്പിക്കുകയും ചെയ്യുന്നു.

ഹൂത്തോമോ വചനം "ആവേറെഹോം ആബോനോറവെ ആമെക്ക്-പിതാവായ ദൈവം നിന്നോടുകൂടെ ഉണ്ടായിരിക്കട്ടെ - ഇത്യാദി ആകുന്നു. (ഇതു മാമോദീസാ ശുശ്രൂഷാക്രമത്തിന്റെ ഒടുവിൽ കൊടുത്തിട്ടുള്ള രണ്ടു ഹൂത്തോമോകളിൽ ഒന്നാമത്തേതാകുന്നു. നിമുഴുകിയിട്ടുള്ള മാമോദീസാ എന്നുള്ള തർജമ തെറ്റാണ്. നിമുക്കപ്പെട്ടിട്ടുള്ള മാമോദീസാ എന്നുള്ളതാണ് ശരി.

## ആറാംഭാഗം

# മൂറോനഭിഷേകം

(മാമോദീസാത്തൊട്ടി സ്ഥാപിച്ചിരിക്കുന്നതു് പ്രത്യേകമുറിയിൽ ആണെങ്കിൽ സ്നാപനകർമ്മം കഴിഞ്ഞാലുടൻ പട്ടക്കാരും ശുശ്രൂഷകന്മാരും അർത്ഥിയും ഹൈക്കലായിലേക്ക് പോകുകയും അവിടെ വെച്ചു മൂറോനഭിഷേകകർമ്മം നടത്തുകയും ആണ് പതിവ്.)

കാർമ്മികൻ കിഴക്കോട്ടു തിരിഞ്ഞുനിന്നു മൂറോൻ കുപ്പി കയ്യിൽ എടുത്തുപിടിച്ചുകൊണ്ടു "വൽഹോനൊ തബ്ദോ'—കർത്താവെ മാമോദീസായുടെ വിശ്വാസത്താൽ ഇത്യാദി പ്രാർത്ഥന ഉച്ചത്തിൽ ചൊല്ലുന്നു.

ജനം:—ആമ്മീൻ

www.malankaralibrary.com



കാർമ്മികൻ അനന്തരം വലത്തുകൈയ്യുടെ തള്ളവിരൽ വി. മൂറോൻ തൈലത്തിൽ മുക്കിക്കൊണ്ടു് അർത്ഥിയുടെ അടുക്കലേക്കു് തിരിഞ്ഞു് അർത്ഥിയുടെ നെറ്റിയിൽ മൂറോൻ കൊണ്ടു കുരിശു വരയ്ക്കുന്നു. ഈ കർമ്മം താഴെ കാണുന്ന പ്രകാരം നിർവഹിക്കപ്പെടേണ്ടതാണു്.

കാർമ്മികൻ, അഭിഷേകകർമ്മത്തിനുള്ള കൂദാശാവചനം മലയാളത്തിൽ വായിക്കാവുന്നതാണു്. എന്നാൽ കർമ്മം ചെയ്യുമ്പോൾ കൂദാശാവചനം സുറിയാനിയിൽ ഉച്ചരിക്കണം.

കാർമ്മികൻ മൂറോൻ കൂദീശൊ (കൂദാശവചനം എന്ന പുസ്തകം പുറം നാലു്) ഇത്യാദി ഫ്‌ലൊൻ വരെ ചൊല്ലണം. പ്‌ലോൻ എന്ന പദത്തിനു് പകരം അർത്ഥിയുടെ പേരു് ഉച്ചരിക്കണം. അനന്തരം ശുശ്രൂഷകൻ ബാറക്‌മോർ.

കാർമ്മികൻ, ബശ്‌മോദാബോ ചൊല്ലിക്കൊണ്ടു് (അർത്ഥിയുടെ നെറ്റിക്കു് ഒരു പ്രാവശ്യം സ്ലീബാ അടയാളത്തിൽ രശ്‌മാ വരച്ചുകൊണ്ടു മൂറോൻ പുരട്ടുന്നു.)

ജനം:—ആമ്മീൻ

കാർമ്മികൻ, "ഉദബ്റൂഹോ" ചൊല്ലിക്കൊണ്ടു് അർത്ഥിയുടെ നെറ്റിക്കു് ഒരുപ്രാവശ്യം സ്ലീബാ വരച്ചിട്ടു മൂറോൻ പുരട്ടുന്നു.

ജനം—ആമ്മീൻ

കാർമ്മികൻ, "വദറൂഹോ ഹായോ ഉകാദീശോ" ചൊല്ലിക്കൊണ്ടു അർത്ഥിയുടെ നെറ്റിക്കു് സ്ലീബാ രൂപത്തിൽ രശ്‌മം വരച്ചുകൊണ്ടു മൂറോൻ പുരട്ടുന്നു. (അനന്തരം കാർമ്മികൻ അർത്ഥിയുടെ ശിരസ്സിന്മേൽ വലത്തുകൈവച്ചുകൊണ്ടു് "ല്‌ഹോയെ ദലഓലം ഒൽമീൻ" ചൊല്ലുന്നു.)

ജനം :—ആമ്മീൻ

അനന്തരം അർത്ഥി പ്രായപൂർത്തിയുള്ളയാളാണെങ്കിൽ അർത്ഥിയുടെ കണ്ണു് ചെവി മൂക്കു് അധരങ്ങൾ കൈകൾ എന്നീ സ്ഥാനങ്ങളിൽമാത്രം പൂശുന്നു. അർത്ഥി ശിശുവാണെങ്കിൽ മേൽപറഞ്ഞ സ്ഥലങ്ങളിലും ശിശുവിന്റെ ശിരസ്സു മുതൽ പാദം വരെ എല്ലായിടത്തും മൂറോൻ പൂശുന്നു. ഈ സമയത്തു് ശുശ്രൂഷകന്മാർ "ബ്‌മെശഹോ ദ് കദീശാ" ഈ ഗീതം പാടുന്നു. അനന്തരം "എസ്സഹായാൽ"—കൃപയുടെ സ്നേഹത്താൽ ഇത്യാദി ആശീർവാദവചനം പട്ടക്കാരൻ വായിക്കുന്നു.

www.malankaralibrary.com



# കിരീടധാരണം

മാമോദീസാ പ്രാപിച്ചവരെ മദ്ബഹായുടെ വാതില്ക്കൽ വച്ചു കിരീടം ധരിപ്പിക്കുക പതിവുണ്ടു്. കിരീടം ധരിപ്പിക്കുമ്പോൾ പട്ടക്കാരൻ "കാമലൽ മൊറിയൊ" ദൈവമായ കർത്താവെ—ഇത്യാദി പ്രാർത്ഥന പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നു് അർത്ഥിയെ അഭിമുഖീകരിച്ചുകൊണ്ടു് ചൊല്ലുന്നു. കരീടം ഇല്ലാത്തപക്ഷം പട്ടക്കാരൻ അർത്ഥിയുടെ ശിരസ്സിന്മേൽ ഉറാറോയോ വി. കർബാനയ്ക്കുപയോഗിക്കുന്ന വി. വസ്ത്രങ്ങളിൽ ഏതെങ്കിലുമൊ വയ്ക്കുന്നു. അനന്തരം ശുശ്രൂഷകന്മാർ "അഹ്ഹൻ ശ്മർ ശുബഹൊ" ഞങ്ങളുടെ സഹോദരാ—ഇത്യാദി ഗീതം ചൊല്ലുന്നു.

## ഏഴാംഭാഗം

# വി. കർബാനാനുഭവം

ശിശുവിനു് കാസായിൽ നിന്നു് വി. കർബാന കൊടുക്കണം. ശിശുവിന്റെ രണ്ടു കവിളിലും ഒരു ശുശ്രൂഷകൻ പിടിച്ചു ശിശുവിന്റെ വായ് തുറക്കണം. വൈദികൻ വിരൽ കാസായിൽ നനച്ചു് ശിശുവിന്റെ വായിൽ കൊടുക്കണം. തിരു രക്തം നിലത്തു വീഴാതെ ഭദ്രമായി സൂക്ഷിച്ചുകൊണ്ടാണു് ഇതു ചെയ്യേണ്ടതു്. അതു കഴിഞ്ഞാലുടൻ തന്നെ അല്പം വെള്ളം ശിശുവിന്റെ വായിൽ തുള്ളികളായി കൊടുക്കണം. അനന്തരം ശിശുവിന്റെ അധരങ്ങൾ തുടയ്ക്കുകയും വേണം. ഈ സമയത്തു പട്ടക്കാരൻ "പീമോദ് ലോ—താമെ—പരിഭോഷ ആദാം പറുദീസായിൽ വച്ചു" ഇത്യാദി ചൊല്ലണം.

അർത്ഥി പ്രായപൂർത്തിയുള്ള ആളാണെങ്കിൽ പീലാസായിൽ നിന്നു് തിരുശരീരവും കാസായിൽ നിന്നും തിരു രക്തവും അർത്ഥിക്കു് കൊടുക്കാവുന്നതാണു്. അതിനു് സൗകര്യമില്ലെങ്കിൽ തിരുശരീരം മാത്രം കൊടുത്താൽ മതിയാകും. ഇപ്രകാരം കർബാന കൊടുക്കുമ്പോൾ പീമോ ദ്ലോ താമെ എന്ന ഗീതം ചൊല്ലണം.

അനന്തരം പുരുഷന്മാരെ മദ്ബഹായിൽ പ്രവേശിപ്പിച്ചു് അവർ ത്രോണോസിനു് പ്രദക്ഷിണം വയ്ക്കുകയും അതിന്റെ നാലു കോണുകളും മുത്തുകയും ചെയ്യുന്നു. മദ്ബഹായിൽ പ്രവേശിപ്പാൻ ഉചിതമായ വസ്ത്രങ്ങൾ ധരിച്ചിട്ടില്ലാത്തപക്ഷം ഇവവിട്ടു കളയാം. സ്ത്രീകളെ മദ്ബഹായിൽ പ്രവേശിപ്പിക്കുന്നില്ല.

www.malankaralibrary.com



അനന്തരം ഹൂത്താമൊ ചൊല്ലി ശുശ്രൂഷ അവസാനിപ്പിക്കണം. മാമോദീസായും മൂറോനഭിഷേകവും ഒരുമിച്ചു നടത്തിയിട്ടുണ്ടെങ്കിൽ ഒന്നാമത്തേതും രണ്ടാമത്തേതും ഹൂത്താമൊ ചൊല്ലണം. മൂറോനഭിഷേകം മാത്രമെ നടത്തിയിട്ടുള്ളൂ എങ്കിൽ രണ്ടാമത്തെ ഹൂത്താമൊ മാത്രം ചൊല്ലിയാൽ മതി. ഹൂത്താമൊ പട്ടക്കാരൻ പടിഞ്ഞാറോട്ടു തിരിഞ്ഞു അർത്ഥിയെ അഭിമുഖീകരിച്ചുകൊണ്ടു ചൊല്ലുവാനുള്ളതാണു്.

ഒന്നാമത്തെ ഹൂത്താമൊ

ആലോഹൊ ആബോ—പിതാവായ ദൈവം് നിന്നോടുകൂടെ ഇത്യാദി

രണ്ടാമത്തെ ഹൂത്താമൊ

സേൽ ബശ് ലോമൊ—എന്നോടും നമ്മുടെ ദൈവമായ—ഇത്യാദി.

നോട്ട്. വി. മൂറോനഭിഷേകം പ്രാപിച്ചിട്ടുള്ള ശിശുവിനെ മൂന്നു ദിവസം കുളിപ്പിക്ക പതിവില്ല. മൂന്നാംദിവസം കുളിപ്പിക്കുമ്പോൾ ആ വെള്ളം ആരും ചവിട്ടാത്ത സ്ഥലത്തു് ഒഴിക്കുകയാണു് പതിവു്. കുളിപ്പിക്കുന്നതിനു മുമ്പു് ശിശുവിനെ പുറജാതിക്കാർ തൊടുവാൻ അനുവദിക്കുക പതിവില്ല. മാമോദീസാ സ്വീകരിച്ച കുഞ്ഞിനെ പുറജാതിക്കാർ വളർത്തുന്നതിനു അനുവദിക്കുക പതിവില്ലാ.

## മദ്ധ്യസ്ഥൻ

മാമോദീസായിൽ മദ്ധ്യസ്ഥനായി സ്നാനാർത്ഥിയെ തലതൊടുന്നതിനു് താഴെ പറയുന്ന ആളുകളെ അനുവദിക്കുവാൻ പാടില്ലാ.

1. പുറജാതികൾ, മതവിപരീതികൾ, ശീശ്മക്കാർ, മതത്യാഗികൾ പള്ളിയിൽ നിന്നും മുടക്കപ്പെട്ടവർ, ആണ്ടുകുമ്പസാരം നടത്തി വി. കുർബ്ബാന അനുഭവിച്ചിട്ടില്ലാത്തവർ.
2. തിരുസഭയാൽ നിരോധിക്കപ്പെട്ടിരിക്കുന്ന ഗൂഢസമാജങ്ങളിലെ അംഗങ്ങൾ.
3. മററുള്ളവർക്കു് ദോഷകരമായ ദൃഷ്ടാന്തം കാണിച്ചുകൊണ്ടു് പരസ്യമായ പാപത്തിൽ പാർക്കുന്നവർ. ദൃഷ്ടാന്തം, ന്യായരഹിതമായ വിവാഹബന്ധത്തിൽ ഏർപ്പെട്ടു ജീവിക്കുന്നവർ.
4. പതിനാലു വയസ്സിനു താഴെ പ്രായമുള്ളവർ.
5. സ്നാനാർത്ഥിയുടെ മാതാപിതാക്കൾ,
6. സന്യാസസഭകളുടെ അംഗങ്ങൾ.
7. മ്ശംശോനോ, കശ്ശീശോ, മുതലായ പട്ടക്കാർ.

ഒരു സ്നാനാർത്ഥിക്കു മദ്ധ്യസ്ഥനായി ഒരാൾ മതിയാകും. രണ്ടിൽ കൂടുതൽ അനുവദനീയമല്ല.

www.malankaralibrary.com



## അദ്ധ്യായം ൩

# ശിശുക്കളെ അടിമവയ്ക്കുന്ന ക്രമം

ശിശു ആൺകുട്ടിയാണെങ്കിൽ മാമോദീസാ കഴിഞ്ഞു ത്രോണോസ് മുത്തിച്ച ശേഷം ത്രോണോസിന്റെ മുൻവശത്തു നിലത്തുവിരിച്ചിരിക്കുന്ന തുണിമേൽ കിഴക്കോട്ടു അഭിമുഖമായി കിടത്തുകയും പട്ടക്കാരൻ തൂബൈഹ്ലൂൻ— യജമാനൻ വരുമന്നേരം—എന്ന ഗീതം ചൊല്ലുകയും വേണം. ഈ സമയത്തു മറ്ബഹാസാ കിലുക്കുന്നു. അതിനു ശേഷം പട്ടക്കാരൻ (ക്രൂദാശവചനം 28-ാം പുറത്തുള്ള) ശിശുക്കളെ അനുഗ്രഹിക്കുന്ന പ്രാർത്ഥന ചൊല്ലി പൂർത്തിയാക്കണം.

പെൺകുട്ടിയാണെങ്കിൽ അതിനെ മദ്ബഹായിൽ പ്രവേശിപ്പിക്കുന്നില്ല. ഹൈക്കലായിൽ തുണിവിരിച്ചു് അതിന്മേൽ കിഴക്കോട്ടു അഭിമുഖമായി ശിശുവിനെ കിടത്തണം. അനന്തരം മറ്റുള്ള ശുശ്രൂഷയും പ്രാർത്ഥനയും ആൺശിശുവിനു് എന്നതുപോലെ നടത്തണം.

## അദ്ധ്യായം ൪

# വീട്ടുമാമോദീസാ

ഒരുവൻ വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ജനിക്കാത്ത പക്ഷം അവനു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിപ്പാൻ കഴികയില്ലെന്നു് നമ്മുടെ കർത്താവു് കല്പിച്ചിരിക്കുന്നതിനാൽ ആസന്നമരണാവസ്ഥയിൽ എങ്കിലും മാമോദീസാ പ്രാപിപ്പാനുള്ള ഭാഗ്യം എതൊരു മനുഷ്യനും ഉണ്ടാക്കിക്കൊടുക്കുന്നതിനു് എല്ലാ കത്തോലിക്കരും കടപ്പെട്ടിരിക്കുന്നു. സാധാരണയായി മാമോദീസാ മുക്കുവാനുള്ള അധികാരം കശ്ശീശ്ശായിക്കു മാത്രമെയുള്ളൂ. അസാധാരണയായി മശ്ശംശോനോയിക്കു അധികാരമുണ്ടു്. എന്നാൽ ആസന്നമരണാവസ്ഥയിൽ മാമോദീസാ മുക്കുവാൻ കശ്ശീശായൊ ശെമ്മാശനൊ കാർമ്മികനായിരിക്കണമെന്നു് നിർബന്ധമില്ല. തിരുസഭയുടെ നിയോഗപ്രകാരവും ക്രൂദാശവചനവും കർമ്മവും ശരിയായി ഉപയോഗിച്ചും മാമോദീസാ എല്പിക്കുവാൻ സന്മനസ്സുള്ള എവർക്കും സ്നാപനം നടത്താവുന്നതാണു്.

ആസന്നമരണാവസ്ഥയിൽ ശിശുവിനെയും പ്രായപൂർത്തിയായ അക്രൈസ്തവനെയും മാമോദീസാ മുക്കുന്നതിനുള്ള ക്രമം താഴെ ചേർക്കുന്നു. തിരിച്ചറിവാൻ പ്രായമുള്ള ആളാണെങ്കിൽ അയാൾ വിശ്വാസപ്രമാണത്തിൽ അടങ്ങിയിരിക്കുന്ന വേദസത്യങ്ങൾ വിശ്വസിക്കുന്നുവെ

www.malankaralibrary.com


ന്നു് ഉറപ്പുവരുത്തിയശേഷം മാത്രമെ അയാളെ മാമോദീസാ മുക്കവാൻ പാടുള്ളൂ. ശിശുവാണെങ്കിൽ മരിച്ചുപോകുമെന്നബലമായ സംശയമുള്ള പക്ഷം മുക്കാം.

വീട്ടുമാമോദീസാ പ്രാപിച്ച ഒരാൾ ഉടനെ മരിക്കാതെ ജീവിക്കുന്നപക്ഷം ആ ആളെ പള്ളിയിൽ കൊണ്ടുവന്നു മാമോദീസാശുശ്രൂഷയുടെ ബാക്കി കർമ്മങ്ങൾ പട്ടക്കാരനെകൊണ്ടു് നടത്തിക്കേണ്ടതാണു്.

വീട്ടുമാമോദീസാ നടത്തുമ്പോൾ മാമോദീസായിക്കായി വാഴ്ത്തപ്പെട്ട വെള്ളം ഉള്ളപക്ഷം അതു ഉപയോഗിച്ചു മാമോദീസാ മുക്കണം. ഹനാൻ വെള്ളംപാടില്ല. മാമോദീസായ്ക്കായി വാഴ്ത്തപ്പെട്ട വെള്ളം ഇല്ലെങ്കിൽ ശുദ്ധജലം മതിയാകും. സ്നാനാർത്ഥിയുടെ തലയിൽ കുറെ തുള്ളികൾ എങ്കിലും ഒഴിക്കുകയും തലയോട്ടിയും നെററിയും നനയ്ക്കുകയും വെള്ളംകുറേയെങ്കിലും ഒഴുകുകയും ചെയ്യണം. അതേസമയം തന്നെ താഴെ കാണുന്ന ക്രദാശവചനം ചൊല്ലണം. കർമ്മം നടത്തുന്ന ആൾ തള്ളവിരൽ വെള്ളത്തിൽ നനച്ചു അർത്ഥിയുടെ നെററിയിൽ വരച്ചാൽ മതിയാകയില്ല.

ക്രദാശവചനം;–ജീവൻെറ ശരണത്തിനും പാപങ്ങളുടെ മോചനത്തിനുമായി പിതാവിൻെറയും ✠ പുത്രൻെറയും ✠ ജീവനുംവിശുദ്ധിയുമുള്ള റൂഹായുടെയും ✠ തിരുനാമത്തിൽ നിത്യജീവനായി–ഇന്നാരു്– (ക്രിസ്തീയനാമം ഏതെങ്കിലും കൊടുക്കണം) മാമോദീസാ മുക്കപ്പെടുന്നു.

ആമ്മീൻ, ✠ ഈ അടയാളം കൊടുത്തിരിക്കുന്ന പദങ്ങൾ ഉച്ചരിക്കുമ്പോൾ സ്നാനാർത്ഥിയുടെ നെററിക്കു കുരിശടയാളം വരയ്ക്കണം. ആ സമയത്തു നെററി ജലംകൊണ്ടു നനയണം. അനന്തരം താഴെ കാണുന്ന പ്രാർത്ഥന കാർമ്മികൻ ചൊല്ലണം. "പിതാവായ ദൈവം നിന്നോടുകൂടെ ഇരിക്കുകയും വന്ദ്യനായ പുത്രൻ നിന്നെ കാത്തുകൊള്ളുകയുംനീ ധരിച്ചിട്ടുള്ള വി. റൂഹാ ഉപദ്രവങ്ങളിൽ നിന്നു് നിന്നെ വീണ്ടുകൊണ്ടു പൂർണ്ണനാക്കുകയും നീ ഏല്പിക്കപ്പെട്ടിട്ടുള്ള മാമോദീസാ എന്നേക്കും നിന്നിൽ വസിക്കുകയും ചെയ്യുമാറാകട്ടെ ആമ്മീൻ.

ഒരു ശിശു തീർച്ചയായും മരിച്ചുപോകുമെന്നുള്ള സന്ദർഭത്തിൽ അതിനു വീട്ടു മാമോദീസാ കൊടുക്കുവാൻ ഏതൊരു കത്തോലിക്കനും കടമയുണ്ടു് ഇപ്രകാരം വീട്ടുമാമോദീസാ മുക്കുന്നതിനുലക്കു പട്ടക്കാരൻ വിശ്വാസികളെയും പ്രത്യേകിച്ചു കന്യാസ്ത്രീകൾ,സൂതികർമ്മിണികൾമുതലായവരെയുംഅഭ്യസിപ്പിക്കേണ്ടതാണു്.ഒരു ശിശു ആസന്നമരണാവസ്ഥയിൽ എത്തിയിട്ടില്ലാഎങ്കിൽ താഴെ കാണുന്നതുഗൌനിക്കേണ്ടതാണു്.

(a) കുട്ടിയുടെ മാതാപിതാക്കൾ ഇരുവരും കത്തോലിക്കരല്ലാ എങ്കിൽ അവരുടെ സമ്മതം കൂടാതെയും കുട്ടിയെ കത്തോലിക്കാവിശ്വാസത്തിൽ വളർത്തിക്കൊള്ളാമെന്നുള്ള ഉറപ്പു ലഭിക്കാതെയും, ഈ ഉറപ്പു് സ്ഥിരമായിരിപ്പാൻ ത ചർണ്ണം തക്കതായ മദ്ധ്യസ്ഥനെ കൂടാതെയും, മാമോദീസാ മുക്ക കൂടാത്തതാകുന്നു,

www.malankaralibrary.com


(b) കുട്ടിയുടെ മാതാപിതാക്കൾ പേരിന് കത്തോലിക്കരാകുന്നുവെങ്കിലും കുട്ടിയുടെ സ്ഥാപനത്തിന് തടസ്സം പറയുന്നുവെങ്കിൽ ഉടനെ മാമോദീസാ നടത്തിക്കൂടാ.

(c) കുട്ടിയുടെ മാതാപിതാക്കളിൽ ഒരാൾ മാത്രം കത്തോലിക്കാ സഭാംഗമായിരിക്കുകയും കത്തോലിക്കാ വിശ്വാസത്തിൽ കുട്ടിയെ വളർത്തിക്കൊള്ളാമെന്നു ദൃഢമായ ഉറപ്പു തരികയും ചെയ്യുന്നപക്ഷം അപ്രകാരമുള്ള ഉറപ്പ് ദൃഢപ്പെടുത്തുന്ന മദ്ധ്യസ്ഥൻ കൂടെയും ഉണ്ടായിരിക്കുന്ന പക്ഷം കുട്ടിയെ മാമോദീസാ മുക്കാവുന്നതാണ്.

(d) വിവേകജ്ഞാനം ഉണ്ടായിരിക്കത്തക്ക പ്രായത്തിൽ എത്തിയിരിക്കുന്ന ബാലൻ അപേക്ഷിക്കുന്നു. പക്ഷം ആ ബാലൻ വിശ്വാസത്തിൽ നിലനില്ക്കുമെന്നു നല്ല ആശയുള്ള പക്ഷം മദ്ധ്യസ്ഥനെ നിറുത്തി മാമോദീസാ മുക്കാവുന്നതാണ്.

## അദ്ധ്യായം ൭

# വിവാഹത്തിനുള്ള മനസ്സു ചോദ്യം

കത്തോലിക്കരായ സ്ത്രീ പുരുഷന്മാർ തമ്മിലുള്ള വിവാഹത്തെ പട്ടക്കാരൻ ആശീർവ്വദിക്കുന്നതിനു മുൻപ് ക്രിസ്തീയനിയമപ്രകാരം പരസ്പരം വിവാഹത്തിൽ കൈക്കൊള്ളുന്നതിന് അവർ ഇരുവർക്കും സമ്മതമാണോ എന്ന് ഉറപ്പുവരുത്തുന്നതിലേക്കായി മനസ്സു ചോദ്യം (വാത്തുപ്പാറ) നടത്തേണ്ടതാണ്.

# മനസ്സു ചോദ്യത്തിനുള്ള ക്രമം.

(സൗകര്യമുള്ള പക്ഷം പള്ളിയിൽ) വധൂവരന്മാർ കിഴക്കോട്ടു തിരിഞ്ഞുനില്ക്കുന്നു. രണ്ടു സാക്ഷികൾ (പ്രായപൂർത്തിയായ രണ്ടു കത്തോലിക്കർ) സന്നിഹിതരായിരിക്കണം. പട്ടക്കാരൻ അവരുടെമുമ്പിലായി കിഴക്കോട്ടുതിരിഞ്ഞു നിന്നുകൊണ്ട് പിതാവും പുത്രനും—ഇത്യാദി പ്രാരംഭപ്രാർത്ഥനയും ദൈവമേ നീ പരിശുദ്ധനാകുന്നു ഇത്യാദി കൊമായും ചൊല്ലുന്നു.

പട്ടക്കാരൻ:—പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

എല്ലാവരും:—ബലഹീനന്മാരും പാപികളുമായ......

പട്ടക്കാരൻ:—പടിഞ്ഞാറോട്ടു തിരിഞ്ഞു വരനോടായി "കർത്താവിൽ നമ്മുടെ മകനായ" (ഇവിടെ വരന്റെ പേരുപറഞ്ഞു അഭിസംബോധനം ചെയ്യുന്നു. ഈ വീട്ടിൽ ഇന്നാരുടെയും ഇന്നാരുടെയും മകൾ ഇന്നാരെ ക്രിസ്തീയപ്രമാണവും തിരുസഭയുടെ ചട്ടംകെട്ടും അനുസരിച്ചു് വിവാഹം ചെയ്തുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുവാൻ സമ്മതമാണോ?

www.malankaralibrary.com



വരൻ:—(ഉത്തരമായി) ബഹു: അച്ചാ! എനിക്കു സമ്മതമാണു്.
പട്ടക്കാരൻ:—(സാക്ഷികളോടായി) മനഃസമ്മതം പറഞ്ഞതു നിങ്ങൾ കേട്ടുവോ?
സാക്ഷികൾ:—ബ: അച്ചാ: ഞങ്ങൾ കേട്ടു.
പട്ടക്കാരൻ:—വധുവിനോടായി "കർത്താവിൽ നമ്മുടെ മകളായ (ഇവിടെ വധുവിന്റെ പേരു പറഞ്ഞു് അഭിസംബോധനം ചെയ്യണം) (ഇന്ന വീട്ടിൽ ഇന്നാരുടെയും ഇന്നാരുടെയും മകൻ ഇന്നാരെ ക്രിസ്തീയപ്രമാണവും തിരുസഭയുടെ ചട്ടംകെട്ടും അനുസരിച്ചു വിവാഹം ചെയ്തുകൊള്ളാമെന്ന വാഗ്ദാനം ചെയ്യുവാൻ സമ്മതമാകുന്നുവോ?)
വധു:—(ഉത്തരമായി) ബഹു. അച്ചാ! എനിക്കു സമ്മതമാണു്.
പട്ടക്കാരൻ:—(സാക്ഷികളോടായി) മനഃസമ്മതം പറഞ്ഞതു് നിങ്ങൾ കേട്ടുവോ?
സാക്ഷികൾ:—ബ. അച്ചാ: ഞങ്ങൾ കേട്ടു.

അനന്തരം പട്ടക്കാരൻ വലത്തുകൈയ്യ് വധൂവരന്മാരുടെ മേൽ ഉയർത്തി "കർത്താവിന്റെ കൃപ നിങ്ങളോടുകൂടി ധാരാളമായി ഉണ്ടായിരിക്കട്ടെ" എന്നു പറഞ്ഞു് അവരെ ഒരു പ്രാവശ്യം റശ്മാചെയ്തു ആശീർവ്വദിക്കുന്നു.

അനന്തരം പട്ടക്കാരൻ സാക്ഷികളുടെയും സന്നിഹിതരായ വിശ്വാസികളുടെയും മേൽ വലത്തു കൈയ്യ് ഉയർത്തിപിടിച്ചുകൊണ്ടു താഴെ കാണുന്നതു ചൊല്ലുകയും അതിന്റെ ഒടുവിൽ ഒരു പ്രാവശ്യം റശ്മാ ചെയ്തു് അവരെ ആശീർവ്വദിക്കുകയും ചെയ്യുന്നു.

നിബിയന്മാരുടെ സമരങ്ങളിൽ അവരോടുകൂടിയും, ശ്ലീഹന്മാരുടെ കാലങ്ങളിൽ അവരോടുകൂടിയും, സഹദേന്മാരുടെ യുദ്ധങ്ങളിൽ അവരോടുകൂടിയും ഇരുന്നിട്ടുള്ള കർത്താവിന്റെ ബലമുള്ളതും വിജയസംപൂർണ്ണവുമായ വലത്തുകൈയ്യ് ഈ സമൂഹത്തിന്മേലും വിവാഹസമ്മതം വാഗ്ദാനം ചെയ്തവരുടെമേലും അതിഥികളുടെ മേലും ആതിഥേയരുടെ മേലും ഇവിടെ സന്നിഹിതരായിരിക്കുന്ന എല്ലാവരുടെ മേലും വന്നു ആവസിക്കുമാറാകട്ടെ!
എല്ലാവരും:—ആമ്മീൻ.

മനഃസമ്മതം രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ പുസ്തകത്തിൽ വധൂവരന്മാരും സാക്ഷികളും ഒപ്പിടുകയും പട്ടക്കാരൻ അടയാളം വെയ്ക്കുകയും വേണം.

www.malankaralibrary.com



# അദ്ധ്യായം ൬

# വിവാഹത്തിനുള്ള ഒരുക്കങ്ങൾ

1 അഞ്ചാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം മനസ്സമ്മതം നടന്നിരിക്കണം. വിവാഹത്തീയതി നിശ്ചയിച്ചു പരസ്പരം എഴുത്തുകൊടുക്കുന്നതു ബ. വികാരികൂടി അറിഞ്ഞും സമ്മതിച്ചും മാത്രമെ ആകാവൂ.

2 വധൂവരന്മാർ തമ്മിൽ വിവാഹം ചെയ്യുന്നതിന് കാനോനികമായി എന്തെങ്കിലും പ്രതിബന്ധമുണ്ടോ എന്നുള്ളതിന്റെ സൂക്ഷ്മാവസ്ഥ അറിയുന്നതിലേക്കായി "വിളിച്ചു ചൊല്ല്" (Banns) നടത്തിയിരിക്കണം. മൂന്നു ദിവസം വിളിച്ചു ചൊല്ലുകയാണു പതിവ്. അതിൽ കുറച്ചു മാത്രമേ വിളിച്ചുചൊല്ല് നടത്തിയിട്ടുള്ളു വെങ്കിൽ മെത്രാന്റെ അനുമതി ലഭിച്ചശേഷം മാത്രമെ വിവാഹം ആശീർവ്വദിക്കാവൂ.

3 വിവാഹത്തിന് കാനോനികതടസ്സമില്ലെന്നു രേഖപ്പെടുത്തുന്ന "കുറികൾ"–വികാരിക്കുറി—ദേശക്കുറി- ലഭിച്ചശേഷം മാത്രമെ വികാരി വിവാഹം നടത്തിക്കൊടുക്കാവൂ. കുറികൊടുക്കുന്നതിനു മുൻപ് പള്ളിക്കും പട്ടക്കാർക്കും നിയമപ്രകാരമുള്ള വരുമാനം കൊടുക്കേണ്ടതാണ്, വിവാഹം ആശീർവ്വദിക്കുന്നതിന് ന്യായമായ അധികാരമുള്ളത് വികാരിക്കാണ്.

വിവാഹം നിശ്ചയിച്ചു കഴിഞ്ഞാലുടനെ ആ വിവരം വധൂവരന്മാർ വികാരിയെ അറിയിക്കണം. മനസ്സു ചോദ്യം നടത്തുന്നതിലേക്ക് ആവശ്യമുള്ള രേഖാമൂലമായ സമ്മതം ആരുടെ ഇടവകയിൽവച്ച് മനസ്സു ചോദ്യം നടത്തുന്നുവോ ആ ഇടവകയിലെ വികാരിക്ക് മറ്റെ കക്ഷിയുടെ ഇടവകയിലെ വികാരിയിൽനിന്നു വാങ്ങിക്കൊടുക്കേണ്ടതാകുന്നു. സാധാരണയായി വധുവിന്റെ ഇടവകയിൽ വച്ചു മനസ്സു ചോദ്യം നടത്തുകയാണ് പതിവ്.

## വിളിച്ചു ചൊല്ല്.

മനസ്സു ചോദ്യം കഴിഞ്ഞ് ഞായറാഴ്ചയോ കടമുള്ള മററു ദിവസങ്ങളിലോ പരസ്യമായി മൂന്നു വിളിച്ചു ചൊല്ലുനടത്തണം.

വിളിച്ചു ചൊല്ലുന്നതിനുള്ള പ്രസ്താവന. "ഇന്നപള്ളിഇടവകയിൽ ഇന്നവീട്ടിൽ ഇന്നാരുടെ മകൻ ഇന്നാരും– ഇന്നപള്ളി ഇടവകയിൽ ഇന്ന വീട്ടിൽ ഇന്നാരുടെ മകൾ ഇന്നാരും- തമ്മിലുള്ള വിവാഹം ഇന്നമാസം ഇത്രാം തീയതി ഇന്നപള്ളിയിൽവച്ചു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഈ വിവാഹം നടത്തിക്കൊടുക്കാതിരിപ്പാൻ തക്ക പ്രതിബന്ധം എന്തെങ്കിലും ഉള്ളപക്ഷം അറിവുള്ളവർ ബ. വികാരിഅച്ചനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്."

www.malankaralibrary.com



1 രണ്ടാം വിവാഹമാണെങ്കിൽ മരിച്ചുപോയ ഭർത്താവിന്റെയോ ഭാര്യയുടെയോ പേർകൂടെ പറഞ്ഞിരിക്കണം.

2 എത്രാമത്തെ വിളിച്ചു ചൊല്ലാണിതെന്ന് പറഞ്ഞിരിക്കണം.

3. വിളിച്ചു ചൊല്ലു കുറച്ചു കിട്ടിട്ടുണ്ടെങ്കിൽ ആ വിവരവും പറയണം.

പ്രതിബന്ധങ്ങളില്ലാത്തപക്ഷം വികാരി വിവാഹം നടത്തിക്കൊടുക്കാവുന്നതാണ്. അതിനു മുൻപായി താഴെ പറയുന്ന കാര്യങ്ങളം അന്വേഷിച്ചു ഉറപ്പു വരുത്തണം.

1. വിവാഹം നടത്തുന്നതിനുലക്ക കാനോനിക തടസ്സമില്ലെന്നുള്ള ഉറപ്പ്.

2. സിവിൽ നിയമപ്രകാരം വരന് 18-ം വധുവിന് 16-ം വയസ്സുപ്രായമുണ്ടായിരിക്കണം.

3. നോമ്പുകാലങ്ങളിൽ വിവാഹം നടത്തുവാൻ പാടില്ല.

4. വിവാഹ ക്രമശുശ്രൂഷയ്ക്കു മുൻമ്പ് വധുവരന്മാർ കുമ്പസാരം നടത്തിയിരിക്കണം.

5. പള്ളിക്കും പട്ടക്കാർക്കും ഉള്ള വരുമാനങ്ങൾ കൊടുത്തിരിക്കണം.

## വിവാഹത്തിനുള്ള ശുശ്രൂഷക്രമം

## താഴെ ചേർക്കുന്നു.

സജ്ജീകരണം. ശുശ്രൂഷനടത്തുവാൻ നിശ്ചയിക്കപ്പെട്ട സ്ഥലത്തു മേശമേൽ താഴെ പറയുന്ന സാധനങ്ങൾ തയാറാക്കി വയ്ക്കണം.

1. സ്ലീബാ.(കുരിശ്) (2) മെഴുകുതിരിക്കാലുകൾ തിരികളോടുകൂടി (3) ശുശ്രൂഷപുസ്തകം (4) ഏവൻഗേലി പുസ്തകം (5) ധൂപകലശം കുന്തുരുക്കം, (6) വധുവിന്റെ വിരലിന്മേൽ വാഴ്ത്തിയിടുന്നതിനുള്ള മോതിരവും വരന്റെ വിരലിന്മേൽ വാഴ്ത്തിയിടുന്നതിനുള്ള മോതിരവും (7) മന്ത്രകോടി(വിരിപ്പാവ്) (8)മിന്ന്(കുരിശാകൃതിയിലുള്ള താലി) (9) വധുവരന്മാരുടെ മേൽ കിരീടധാരണം നടത്തുന്നതിനുവേണ്ടി രണ്ടു പേർക്കും വെവ്വേറെ കുരിശും മാലയും.

മേശയുടെ പടിഞ്ഞാറുവശത്തായി കിഴക്കോട്ടു തിരിഞ്ഞു വധുവും വരനും നിൽക്കണം. വരൻ വടക്കുവശത്തും വധു തെക്കുവശത്തുമായി നിൽക്കണം. അതായതു് വരന്റെ വലത്തുവശത്തായി വധു നിൽക്കണം. തോഴ്മക്കാരൻ വരന്റെ ഇടത്തുവശത്തും തോഴ്മക്കാരി വധുവിന്റെ വലത്തുവശത്തുമായി നിൽക്കണം

വിവാഹം പള്ളിയിൽവെച്ചു നടത്തപ്പെടുന്നപക്ഷം മദ്ബഹായുടെ മുമ്പാകെ ബലിപീഠത്തിലേക്കു നോക്കിക്കൊണ്ടാണ് വധൂവരന്മാർ നില്ക്കേണ്ടതു്.

www.malankaralibrary.com



കാൎമ്മികനായ പട്ടക്കാരനും ശേഷം പട്ടക്കാരും ശുശ്രൂഷകന്മാരും ശുക്കാസാ മൂന്നാംഭാഗം മൂന്നാം അദ്ധ്യായത്തിൽ ക്രമപ്പെടുത്തിയിരിക്കുന്ന പ്രകാരം അംശവസ്ത്രങ്ങൾ ധരിക്കണം. കാൎമ്മികൻ മേശയുടെ മുമ്പാകെ കിഴക്കോട്ടു തിരിഞ്ഞു നില്ക്കണം.

5. വിവാഹത്തിനുള്ള ശുശ്രൂഷക്രമത്തിനു രണ്ടു ഭാഗങ്ങൾ അടങ്ങിയിരിക്കുന്നു.

(i) മോതിരം വാഴ്വിന്റെ ക്രമം

(ii) കിരീടം വാഴ്വിന്റെ ക്രമം.

നോട്ടു. ആഘോഷമായ ശുശ്രൂഷയാണെങ്കിൽ താഴെ പറയുന്ന ക്രമം മുഴുവൻ നടത്തണം.

അനാഘോഷമായ ശുശ്രൂഷയാണെങ്കിൽ സ്ററർ അടയാളം കൊടുത്തിട്ടുള്ള പ്രാൎത്ഥനകൾ വിട്ടുകളയാം എന്നാൽ കൎമ്മങ്ങൾ ഒന്നും വിട്ടുകളയാൻ പാടില്ല.

## മോതിരം വാഴ്ത്തുന്നതിനുള്ള ക്രമം

## അഥവാ വിവാഹ വാഗ്ദാനം

പട്ടക്കാരൻ (കിഴക്കോട്ടു തിരിഞ്ഞു് കുരിശുവരച്ചുകൊണ്ടു്. ശുബഹോ—പരിശോഷ—പിതാവിനും പുത്രനും പരിശുദ്ധറൂഹായിക്കും സ്തുതി.

എല്ലാവരും:—ബലഹീനന്മാരും പാപികളും ഇത്യാദി.

പട്ടക്കാരൻ:—സ്ലൂമോസോ-അശ്രീവോലാൻ—പരിശോഷ ദൈവമായ കൎത്താവേ ഇത്യാദി.

എല്ലാവരും:—ആമ്മീൻ

പട്ടക്കാരൻ:—ദൈവമേ നിന്റെ കൃപയിൻപ്രകാരം ഇത്യാദി.

51-ാം മസുമൂറാ ആരംഭിക്കുന്നു. ജനങ്ങൾ രണ്ടുഭാഗമായി മസുമൂറാമുഴുവൻ ചൊല്ലുന്നു.

### ഗീതം (എനിയോനൊ)

പട്ടക്കാരൻ;—പടിഞ്ഞാറോട്ടു തിരിഞ്ഞു്. ബ്രീക്ക് മോറിലശ്മായോനെ— ഇത്യാദി ഗീതം ആരംഭിക്കുന്നു. ശുശ്രൂഷകന്മാർ രണ്ടുഭാഗമായി ചൊല്ലുന്നു.

സ്ലൂമോസോ-പട്ടക്കാരൻ കിഴക്കോട്ടുതിരിഞ്ഞു്-ശൈനോക്ക് മെറിയോ-പരിശോഷ—ദൈവമായ കൎത്താവേ

എല്ലാവരും:—ആമ്മീൻ

www.malankaralibrary.com



# കുക്കിലിയോൻ.

പട്ടക്കാരൻ (പടിഞ്ഞാറോട്ടു തിരിഞ്ഞു്)–പട്ടക്കാരനും ശുശ്രൂഷക്കാരും ആബൊ ലേബ് എന്ന കുക്കിലിയോൻ മൂന്നാമത്തെ രാഗത്തിൽ ചൊല്ലുന്നു.

പട്ടക്കാരൻ:–ശുബഹോ–ജനം:– മെന ദാലം എക്'ബാ—കദമ്മൂൻ—മ്ശ്രമാൻ ഉപമകളാൽ

ശുശ്രൂഷകൻ:—സ്തൗമൻകാലസ്.

എല്ലാവരും:—കുറിയേലായിസ്സോൻ

പട്ടക്കാരൻ:—കിഴക്കോട്ടു തിരിഞ്ഞു്— ന്'ഹാമേഖ—പരിഭാഷ നാമെല്ലാവരും പ്രാർത്ഥിച്ചു്

എല്ലാവരും—അനുഗ്രഹിക്കുന്നവനായ കർത്താവെ

പട്ടക്കാരൻ —സ്തുതിയും സ്തോത്രവും

പട്ടക്കാരൻ:—പ്രമിയോൻ–തെശ്ബുഹത്തോ—പരിഭാഷ–മനുഷ്യമക്കളുടെ

എല്ലാവരും:—ആമ്മീൻ

ഗീതം പട്ടക്കാരൻ പടിഞ്ഞാറോട്ടു തിരിഞ്ഞു്–കദ്മക്'ലോ—മൂന്നാമത്തെരാഗത്തിൽ—പരിഭാഷ സാഗ്ലിയമണവാളൻ.

എത്രോ—പട്ടക്കാരൻ കിഴക്കോട്ടു തിരിഞ്ഞു് 'ഹസ്നോ–പരിഭാഷ -കന്യാവ്രതം ഉള്ള ദയം

ഈ സമയത്തു് ശുശ്രൂഷകൻ പട്ടക്കാരനെക്കൊണ്ടു് ധൂപകലശത്തിൽകുന്തുരുക്കം ഇടുവിച്ചു് ധൂപം വീശണം. അനന്തരം പട്ടക്കാരൻ പടിഞ്ഞാറോട്ടു തിരിഞ്ഞു നിൽക്കുമ്പോൾ ഒരു ശുശ്രൂഷകൻ മോതിരങ്ങൾ ഉള്ളങ്കയ്യിലെടുത്തു് പട്ടക്കാരന്റെ മുമ്പാകെ ഉയർത്തി പിടിച്ചുകൊള്ളണം. അപ്പോൾ പട്ടക്കാരൻ ശുബ്ഹോ ലാബോ— പരിഭാഷ–ഈ മോതിരങ്ങളെ ഇത്യാദി ചൊല്ലുന്നു. അനന്തരം പട്ടക്കാരൻ "മ്ബക്കോൻ എനേൻ എസ്ക്കോറോ ഹോലേൻ ലശ്രബ്'ലോയ് ഹാദ്ദസ്സോ ദബ്'നായൊ ദ്'ഈതൊ കാദീശ്'ത്തൊ" എന്നു ചൊല്ലുന്നു.

ശുശ്രൂഷകൻ:- ബാറക്'മോർ.

പട്ടക്കാരൻ:–ബശ്'മൊദാബോ ✠

ശുശ്രൂഷകൻ:-ആമ്മീൻ

പട്ടക്കാരൻ:-ഉദാബ്രോ ✠

ശുശ്രൂഷകൻ:–ആമ്മീൻ.

പട്ടക്കാരൻ:–വ്രൂഹോ ഹായോ ഉക്കാദീശോ. ✠

ശുശ്രൂഷകൻ:–ആമ്മീൻ.

ഇപ്രകാരംചൊല്ലിക്കൊണ്ടു് മോതിരങ്ങളുടെ മേൽ മൂന്നു പ്രാവശ്യം കുരിശുവരച്ചു് അവയെ ആശീർവദിക്കുന്നു. ക്രമാശവചനംപുറം 11

www.malankaralibrary.com



അനന്തരം വരന്റെ വലത്തുകൈയുടെ മോതിരവിരലിന്മേൽ പട്ടക്കാരൻ മോതിരം ധരിപ്പിച്ചുകൊണ്ട് യാമ്മീനേ ദ്മോറാൻ – പരിഭാഷ–നമ്മുടെ കർത്താവായ യേശുമിശിഹായുടെ വലത്തുകൈ ഇത്യാദി ചൊല്ലുന്നു.

അനന്തരം പട്ടക്കാരൻ വധുവിന്റെ വലത്തുകൈയുടെ മോതിര വിരലിന്മേൽ മോതിരം ധരിപ്പിച്ചുകൊണ്ട് "യമ്മീനേദ്മോറാൻ" –പരിഭാഷ-നമ്മുടെ കർത്താവായ യേശുമിശിഹായുടെ വാഴ്വുകൾ ഇത്യാദി.

[ഒന്നിലധികം വധുവരന്മാർ ഉള്ളപക്ഷം വരന്മാരുടെ മോതിരങ്ങൾ എല്ലാം ഒരുമിച്ചു ആശീർവദിക്കുകയും അനന്തരം വരന്മാരുടെ മോതിരങ്ങൾ ആദ്യം ധരിപ്പിക്കയും അനന്തരം വധുക്കളുടെ മോതിരം ധരിപ്പിക്കയും ചെയ്യാവുന്നതാണ്.]

മോതിരങ്ങൾ ധരിപ്പിച്ചശേഷം പട്ടക്കാരൻ സ്വസ്ഥാനത്തു വന്നു പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നുകൊണ്ട്–വധുവരന്മാർക്കു വേണ്ടിയുള്ള പ്രാർത്ഥന, മൊറിയോ ആലോഹോ–പരിഭാഷ-തന്റെ അഭിഷിക്തൻ മൂലം ഇത്യാദി. (അനാഘോഷമായ ശുശ്രൂഷയ്ക്കു ഈ പ്രാർത്ഥനയുടെ ഒടുവിൽ ഈൻമൊറിയോ –"ദൈവമായ കർത്താവേ!" എന്നു മുതലുള്ള അവസാനഭാഗം ചൊല്ലിയാൽ മതി.

* ഗീതം ഈത്തോനോ ഈത്തോനോ ആഘോഷമായ ശുശ്രൂഷയ്ക്കു ഈ ഗീതത്തിൽ അടങ്ങിയിരിക്കുന്ന നാലു പാദങ്ങൾ മാത്രമേ ചൊല്ലുക പതിവുള്ളൂ അനാഘോഷമായ ശുശ്രൂഷയ്ക്കു ഗീതം മുഴുവൻ വിട്ടുകളയാം.

പട്ടക്കാരൻ:- ഛൂത്തോമോ-പ്രാർത്ഥന-ആത്തുൻ-പരിഭാഷ – ദൈവത്താൽ നീതീകരിക്കപ്പെട്ട ഇത്യാദി.

പട്ടക്കാരൻ കിഴക്കോട്ടു തിരിഞ്ഞു "ദൈവമേ നീ പരിശുദ്ധനാകുന്നു" ഇത്യാദി കൗമ ചൊല്ലണം.

മോതിരവാഴ്‌വിന്റെ ശുശ്രൂഷ ഇവിടെ അവസാനിക്കുന്നു.

www.malankaralibrary.com



# രണ്ടാം ശുശ്രൂഷ

## (കിരീടം വാഴ്ത്തുന്നതിനുള്ള ക്രമം)

### പ്രാരംഭപ്രാൎത്ഥന

പട്ടക്കാരൻ കിഴക്കോട്ടു തിരിഞ്ഞു്:- ശുബഹോലാബോ.......

എല്ലാവരും:- ബലഹീനന്മാരും -

പട്ടക്കാരൻ:- അശുവോലാൻ (പരിഭാഷ) ദൈവമായ കൎത്താവേ

51-ാം മസുമൂറാ ഒന്നാം ശുശ്രൂഷയിൽ ചൊല്ലിയതാകകൊണ്ടു് ഇവിടെ വിട്ടുകളയാം.

പട്ടക്കാരൻ പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നുകൊണ്ടു്: പട്ടക്കാരനും ശുശ്രൂഷക്കാരനും കൂടി രണ്ടുഭാഗമായി നിന്നു് താഴെ ചേൎത്തിരിക്കുന്ന ഗീതം ചൊല്ലുന്നു.

"ആലോഹോ ദ്ബാറേക് പരിഭാഷ:- പൂൎവ്വന്മാരായ "അനുഗ്രഹിക്കമാറാകട്ടെ" എന്ന പദം ഉച്ചരിക്കുന്ന ഓരോ സമയത്തും പട്ടക്കാരൻ കുരിശു വരച്ചുകൊണ്ടു വധൂവരന്മാരെ ആശീൎവദിക്കുന്നു. വധൂവരന്മാർ തലവണക്കി തന്നത്താൻ കുരിശു വരച്ചുകൊണ്ടു് ആശീൎവ്വാദം സ്വീകരിക്കുന്നു.

ശുശ്രൂഷകൻ:- മൊറിയോ റാഹെമെലെൻ ഊ ആദറയിൻ.

പട്ടക്കാരൻ കിഴക്കോട്ടു തിരിഞ്ഞു് സ്തൌമ്സ്സോ—"ഔറേബ്ബമോർ" പരിഭാഷ:- എന്റെ കൎത്താവേ!

പട്ടക്കാരൻ പടിഞ്ഞാറോട്ടു തിരിഞ്ഞു് * കുക്കിലിയോൻ ഏഴാം രാഗത്തിൽ—മൊറിയോ ബ്ഹൈലോക്........ പരിഭാഷ- കൎത്താവേ! ഇത്യാദി.

എക്ബോ — ബെശ്മൈശ്ലായോ...... പരിഭാഷ - സഭയെ മണവാളൻ.

ശുശ്രൂഷകൻ:- സ്തൗമൻകാലൊസ്

എല്ലാവരും:- കുറിയേലായിസ്സോൻ

പട്ടക്കാരൻ കിഴക്കോട്ടു തിരിഞ്ഞു പ്രുമിയോൻ വായിക്കുന്നു. "നാമെല്ലാവരും പ്രാൎത്ഥിച്ചു" ഇത്യാദി.

എല്ലാവരും:- "അനുഗ്രഹിക്കുന്നവനായ കൎത്താവേ!"

പട്ടക്കാരൻ:- "സ്തുതിയും സ്തോത്രവും" ഇത്യാദി.

പട്ടക്കാരൻ:- ല്ഹാവു് ഇദിയോ... പരിഭാഷ- ഇരുന്നാവനും ഇരിക്കുന്നവനും

എല്ലാവരും:- ആമ്മീൻ.

പട്ടക്കാരൻ:- സെദ്റാ—മൊറിയോ ആലോഹോ പരിഭാഷ — സകല സ്വൎഗ്ഗസേനകളും.

www.malankaralibrary.com



എല്ലാവരും:-ആമ്മീൻ.

ഗീതം പട്ടക്കാരൻ പടിഞ്ഞാറോട്ടു തിരിഞ്ഞു്
* ക്രുക്കോയോ ഏഴാം രാഗത്തിൽ—മോ ശാപ്പിറാത്ത് പരിഭാഷ—പുറജാതികളുടെ പുത്രി ഇത്യാദി.

എത്രോ—പട്ടക്കാരൻ കിഴക്കോട്ടു തിരിഞ്ഞു്:-ഹസ്നോ ദ് കുശ്ത്തോ പരിഭാഷ—കൊത്തിനേ പട്ടണത്തിലേക്കു ഇത്യാദി.......

ഈ സമയത്തു് ശുശ്രൂഷകൻ ധൂപകലശത്തിൽ പട്ടക്കാരനെക്കൊണ്ടു് കുന്തുരുക്കം ഇടുവിച്ചു് ധൂപം അർപ്പിക്കണം. എത്രോ പ്രാത്ഥനയുടെ മദ്ധ്യേ "ബാറേക്" പരിഭഞ്ചേ-"നിന്റെ അടിയാരെ വാഴ്ത്തണമേ" എന്നുള്ള വചനം ചൊല്ലുമ്പോൾ പട്ടക്കാരൻ വധൂവരന്മാരുടെ നേരെ തിരിഞ്ഞു് വലത്തുകൈ ഉയർത്തി അവരെ ആശീർവദിക്കുന്നു.

* എല്ലാവരും:-പൌലൂസ് ശ്ലീഹാ ഇത്യാദി ഗാനം.

വായനക്കാരൻ മേശയുടെ തെക്കുവശത്തു വന്നു പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നുംകൊണ്ടു്:-പൌലോസ് ശ്ലീഹാ എഫേസ്യക്കാർക്കെഴുതിയ ലേഖനത്തിൽ നിന്നും ആഹായ് ബാറക്മോർ

എല്ലാവരും—ശ്ലീഹന്മാരുടെ ഉടയവനു സ്തുതി ഇത്യാദി.

ശുശ്രൂഷകൻ:—എന്റെ സഹോദരന്മാരേ ഇത്യാദി എഫേ: 5: 20 മുതൽ 33 വരെ വായിക്കുന്നു. വായനയുടെ ഒടുവിൽ ശുശ്രൂഷകൻ:—ആഹായ് ബാറെക്മോർ (6: 3 വരെ പുസ്തകത്തിൽ ഇട്ടിട്ടുണ്ടെങ്കിലും 5: 37 വരെ വായിച്ചാൽ മതി.

എല്ലാവരും:-ഹാലേലൂയ്യാ ഹാലേലൂയ്യാ ഇത്യാദി.

പട്ടക്കാരൻ അനന്തരം മുറപ്രകാരം ഏവൻഗേലിയോൻ വായിക്കുന്നു. വി. മത്തായി 19: 1 മുതൽ 6 വരെ ഉള്ള വാക്യങ്ങൾ.

നോട്ടു്:—1 മുതൽ 12 വരെ ഉള്ള വാക്യങ്ങൾ പുസ്തകത്തിലിട്ടിട്ടുണ്ടെങ്കിലും 1 മുതൽ 6 വരെ ഉള്ള വാക്യങ്ങൾ വായിച്ചാൽ മതിയാകും.

ഏവൻഗേലിയോൻ വായന കഴിഞ്ഞശേഷം

ഗീതം * കാദ ഹസോസോക്- പരിഭാഷ-പുണ്യമഹാസൂര്യനായ

അനന്തരം പട്ടക്കാരൻ മേശമേൽ വച്ചുപ്പെട്ടിരിക്കുന്ന കിരീടത്തിന്മേൽ (മാലയോടു കൂടിയ കുരിശിന്റെ) മേൽ വലത്തുകൈ ആഘോഷിച്ചശേഷം മുൻപ്രാവശ്യം കുരിശു വരച്ചുകൊണ്ടു് അവയെ ആശീർവദിക്കുന്നു. ഈ സമയത്തു് മ്ബർക്കിൻ എന്തൻ (ക്രൂദാശവചനം പേജ് 12) ഇത്യാദി ആശീർവാദവചനം ചൊല്ലുന്നു. അതു് താഴെ കാണുന്ന വിധം നിർവഹിക്കണം.

പട്ടക്കാരൻ—മ്ബക്കിൻ എന്തൻ ക്ലീലേ മഹാലേൻ റിശേഭാലൈയ്ഹൻ മെത്ത്സിമിൻ.

ശുശ്രൂഷക്കാരൻ-ബാറെക്മോർ.

പട്ടക്കാരൻ—ബശ്മോ ദാബോ-(റശ്മം ✠ ചെയ്യുന്നു)

www.malankaralibrary.com



ശുശ്രൂഷകൻ:-ആമ്മീൻ.

പട്ടക്കാരൻ:—ഉദാബ്രോ ✠(റശ്മാ ചെയ്യുന്നു)

ശുശ്രൂഷകൻ-ആമ്മീൻ.

പട്ടക്കാരൻ—വദ്‌റൂഹോ കാദിശോ ✠(റശ്മാ ചെയ്യുന്നു) അനന്തരം പട്ടക്കാരൻ വലത്തുകൈ കുരിശിന്മേൽ ആവസിപ്പിച്ചുകൊണ്ടു് "ല്‌ഓലം ഒൽമീൻ" ചൊല്ലുന്നു.

ശുശ്രൂഷകൻ:ആമ്മീൻ.

Note:-മ്‌ബർക്കിനേന്വൻ എന്ന പദങ്ങളുടെ ശേഷം വമ്‌ശമിലെൻ എന്നു ചില പതിപ്പിൽ കാണുന്നതു വിട്ടുകളയണം.

പരിഭാഷ-ഈ കിരീടങ്ങളും ക്രൂദാശവചനങ്ങൾ എന്ന പുസ്തകം പുറം 13. കുരിശു തൂങ്ങിക്കിടക്കത്തക്കവണ്ണം കുരിശിന്റെ മാല വലത്തുകയ്യിൽ മടക്കി പിടിച്ചുകൊണ്ടു് പട്ടക്കാരൻ വരന്റെ മുമ്പിൽ എത്തി പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നുകൊണ്ടു തന്റെ മുമ്പാകെ ശിരസ്സു കുനിച്ചു നില്ക്കുന്ന വരന്റെ ശിരസ്സിന്മേൽ പടിഞ്ഞാറും പിന്നീടു കിഴക്കും അനന്തരം തെക്കും വടക്കുമായി സ്ലീബാ ആഘോഷിക്കുകയും അനന്തരം സ്ലീബാ കിരീടം വെയ്ക്കുന്ന മട്ടിൽ തലക്കു ചുററിച്ചു വരന്റെ തലയിൽ വെയ്ക്കുന്നു. ഈ സമയത്തു് ക്ലീലോ ബീദേ എന്ന ഗീതം കാമ്മീകൻ ചൊല്ലുന്നു.

അനന്തരം ശുശ്രൂഷകന്മാർ ഹാദോമോറാൻ എന്ന ഗീതം ചൊല്ലണം. മേല്പറഞ്ഞ പ്രകാരം രണ്ടാം പ്രാവശ്യം പട്ടക്കാരൻ വരന്റെ ശിരസ്സിന്മേൽ കിരീടം ആഘോഷിക്കണം. അതു കഴിയുമ്പോൾ ശുശ്രൂഷകന്മാർ ഒക്‌മോ ശാപീർ എന്ന ഗീതം ചൊല്ലണം.

മൂന്നാം പ്രാവശ്യവും മേൽപറഞ്ഞ പ്രകാരം പട്ടക്കാരൻ കിരീടം ആഘോഷിക്കണം. അതു കഴിയുമ്പോൾ ശുശ്രൂഷകന്മാർ ഹോ ഹസനോ ഇത്യാദി ഗീതം ചൊല്ലണം.

ഇങ്ങനെ വരന്റെ ശിരസ്സിന്മേൽ മൂന്നു പ്രാവശ്യം സ്ലീബാ ആഘോഷിച്ചു കിരീടധാരണം നടത്തണം.

അനന്തരം മാല വിട്ടു് വരന്റെ കഴുത്തിൽ കുരിശു ധരിപ്പിക്കണം. വരന്മാർ ഒന്നിൽ കൂടുതൽ ഉള്ളപക്ഷം വരന്മാരുടെ മേൽ ഉള്ള കിരീടം വാഴ്‌വിന്റെ ആഘോഷം കഴിഞ്ഞ ശേഷം വധുക്കളുടെ മേൽ ആഘോഷം നടത്തിയാൽ മതിയാകും.

വരന്റെ കഴുത്തിൽ കുരിശു ധരിപ്പിക്കുമ്പോൾ പട്ടക്കാരൻ—ന്‌കല്ലോക് മൊറിയോ... കർത്താവു നീതിയുടെ ഇത്യാദി ചൊല്ലുന്നു.

അനന്തരം പട്ടക്കാരൻ വധുവിന്റെ ശിരസ്സിന്മേൽ സ്ലീബാ ആഘോഷിച്ചു് കിരീടധാരണം നടത്തുന്നു. അതു താഴെകാണുന്നപ്രകാരമാണു്.

www.malankaralibrary.com



കരിശിൻെറ മാല വലത്തുകൈയിൽ മടക്കിപ്പിടിച്ചുകൊണ്ടു വധുവിൻെറ മുൻപിൽ എത്തി പടിഞ്ഞാറോട്ടുതിരിഞ്ഞുനിന്നുംകൊണ്ടു പട്ടക്കാരൻ, തൻെറ മുമ്പാകെ തലകുനിച്ചു ശിരസ്സിലെ കവണിനീക്കിനിൽക്കുന്ന വധുവിൻെറ ശിരസ്സിന്മേൽ പടിഞ്ഞാറും പിന്നീടു കിഴക്കും അനന്തരം തെക്കും വടക്കുമായി സ്ലീബാ ആഘോഷപൂർവ്വം വാഴ്ത്തുകയും അനന്തരം സ്ലീബാ വധുവിൻെറ ശിരസ്സിൽ കിരീടംവയ്ക്കുന്ന മട്ടിൽ തലയ്ക്കു ചുററിച്ചു ഒടുവിൽ സ്ലീബാ വധുവിൻെറ തലയിൽ വെയ്ക്കുകയും ചെയ്യും. ഈ സമയത്തു പട്ടക്കാരൻ "ക്ലീലോ ബ്ലീദേ എന്ന ഗീതം ചൊല്ലുന്നു. വരൻെറ ശിരസ്സിന്മേൽ സ്ലീബാആഘോഷം നടത്തിയപ്പോൾ ഈ ഗീതത്തിൽ "ഹസ്സ്നോ" ("മണവാളൻ") എന്ന പദമാണു ഉപയോഗിച്ചതു്, എന്നാൽവധുവിൻെറ ശിരസ്സിന്മേൽ സ്ലീബാആഘോഷം നടത്തുമ്പോൾ 'കൽസോ (മണവാട്ടി) എന്ന പദമാണ് ഉപയോഗിക്കേണ്ടതു്. ഒന്നാംപ്രാവശ്യം പട്ടക്കാരൻ കിരീടധാരണം നടത്തിക്കഴിയുമ്പോൾ ശുശ്രൂഷകന്മാർ ഹാദോമോറാൻ എന്ന ഗീതം പാടണം. അനന്തരം മേൽപറഞ്ഞ വിധത്തിൽ രണ്ടാംപ്രാവശ്യം പട്ടക്കാരൻ ക്ലീലോബ്ലീദേ ചൊല്ലിക്കൊണ്ടു വധുവിൻെറ ശിരസ്സിന്മേൽ കിരീടധാരണം നടത്തുന്നു. അതുകഴിയുമ്പോൾ ശുശ്രൂഷകന്മാർ ഒക് മോശാപ്പീർ എന്ന ഗീതം ചൊല്ലുന്നു. അനന്തരം മൂന്നാംപ്രാവശ്യം ക്ലീലോ ബ്ലീദേ ചൊല്ലിക്കൊണ്ടു പട്ടക്കാരൻ വധുവിൻെറ ശിരസ്സിന്മേൽ കിരീടധാരണം നടത്തുന്നു. അനന്തരം ശുശ്രൂഷകന്മാർ ദോമേ' ക്ലീലോ ഇത്യാദിഗീതം ചൊല്ലുന്നു. മേൽപറഞ്ഞപ്രകാരം മൂന്നുപ്രാവശ്യം സ്ലീബാ ആഘോഷിച്ചതിൻെറശേഷം പട്ടക്കാരൻ കരിശിൻെറ മാല വിടുത്തു് വധുവിൻെറ കഴുത്തിൽ കരിശു് ധരിപ്പിക്കുന്നു. ഈ സമയത്തു് ന്കല്ലോക്—കർത്താവു് നീതിയുടെ കിരീടത്താലും...ഇത്യാദി ചൊല്ലുന്നു. വധുക്കളായി പലരുള്ളപക്ഷം ഒന്നിൻെറ പിന്നാലെ ഒന്നായി നടത്താവുന്നതാണു്. ഓരോ വരനും ഓരോ വധുവിനും വെവ്വേറെ മേൽപറഞ്ഞവിധം കിരീടധാരണശുശ്രൂഷ നടത്തേണ്ടതാണു്. പലക്കായി ഒരുമിച്ചുനടത്തുവാൻ പാടില്ല.

അനന്തരം ഇൻഡ്യയിലെ പൂർവ്വികമായ ആചാരപ്രകാരം വധുവിൻെറ കഴുത്തിൽ വരൻ താലി (മിന്നു്) കെട്ടുന്നതിലേക്കായി വധുവിനെ വരൻെറ മുൻപിൽ കിഴക്കോട്ടു തിരിച്ചുനിറുത്തുന്നു. അനന്തരം പട്ടക്കാരൻ:—മെസ്ബാറാക് നിശോ ദസലിബോ ഹോനൊ ബശ്മൊ ✠ ദാബോ.

ശു:—ആമ്മീൻ, പട്ടക്കാരൻ:– ✠ ഉദാബ്രൊ (ശു. ആമ്മീൻ) പട്ടക്കാരൻ:– ✠ വദ്റൂഹാ കാദീശോ (ശു. ആമ്മീൻ)

N. B. കരിശടയാളമുള്ള പദങ്ങൾ ഉച്ചരിക്കുമ്പോൾ പട്ടക്കാരൻ കരിശുവരച്ചു താലിമേൽ റശ്മാ ചെയ്യണം. പരിഭാഷ- ഈ സ്ലീബായാകുന്ന ലക്ഷ്യം പിതാവിൻെറയും പുത്രൻെറയും പരിശുദ്ധറൂഹായുടെയും നാമത്തിൽ ആശീർവ്വദിക്കപ്പെടട്ടെ.

www.malankaralibrary.com



ഹാജരുള്ള എല്ലാ പട്ടക്കാരും താലി, വുശ്മാശെയ്യുകപതിവാണ്. അനന്തരം വരൻ താലി (മിന്നു) വധുവിന്റെ കഴുത്തിൽകെട്ടുന്നു. ആ സമയത്തു സ്ലീബോ മാര്യോ ദ്ശൈനോ പരിഭാഷ— സ്ലീബാ സമാധാനത്തിന്റെ അടയാളമാകുന്നു. ഇത്യാദിഗീതം ചൊല്ലുന്നു. ക്രമശവചനം പുറം 14. ഇപ്രകാരം ആവർത്തിച്ചു ചൊല്ലിക്കൊണ്ടു താലികെട്ടു നിർവ്വഹിക്കുന്നു. കാർമ്മികൻ മന്ത്രകോടി വരനെ ഏല്പിക്കുന്നു. വരൻ അതു നിവർത്തു് വധുവിന്റെ ശിരസ്സിൽ ധരിപ്പിക്കുന്നു. അവളുടെ തലയും മുഖവും മൂടത്തക്കവണ്ണമാണു ധരിപ്പിക്കേണ്ടതു്. അനന്തരം വധുവിനെ വരന്റെ ഇടത്തുവശത്തു പൂർവ്വസ്ഥാനത്തുനിറുത്തുന്നു. അനന്തരം മൊറിയോ സോബെ പരിഭാഷ—മനുഷ്യമക്കളുടെ ജീവിതത്തിൽ ഇത്യാദിചൊല്ലിക്കൊണ്ടു വധൂവരന്മാരെ പട്ടക്കാരൻ അനുഗ്രഹിക്കുന്നു. അനാഘോഷശുശ്രൂഷയ്ക്കു "ദൈവത്തെ സ്നേഹിക്കുകയും" എന്നതു മുതൽ ചൊല്ലിയാൽ മതി.

ആത്ത് ഈശൈക്—പരിഭാഷ—ഏദന്റെ ശ്രേഷ്ഠസ്ഥാപകനായുള്ളഇത്യാദി ഗീതം.

അനന്തരം പ്തഹ്ലൻ മോറാൻ ഇത്യാദിഗീതം—പരിഭാഷ— ഞങ്ങളുടെ കർത്താവേ! ഇത്യാദി. ഈ ഗീതത്തിൽ "ബാറേക്", (വാഴ്ത്തണമേ) എന്നവാക്ക ഓരോ പദത്തിലുമുള്ളതു ചൊല്ലുമ്പോൾ പട്ടക്കാരൻ വധൂവരന്മരെ കുരിശുവരച്ചു് ആശീർവ്വദിക്കണം,

അനന്തരം ഹൂത്തോമാ പ്രാർത്ഥന, ഓ ആഹായ്—പരിഭാഷ— എന്റെ പ്രിയ സഹോദരന്മാരെ ഇത്യാദി, "അറിയാത്തവന്റെ മുൻപാകെ അല്ലാ" എന്നതുവരെ വായിക്കണം. അനന്തരം പട്ടക്കാരൻ "കണ്ടാലും, ഇപ്പോൾ മുതൽ നിങ്ങളെ ഞാൻ തമ്മിൽ തമ്മിൽ ഭാരമേല്പിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു കൈപിടുത്തം നടത്തുന്നു.

അതായതു് പട്ടക്കാരൻ തന്റെ വലത്തുകൈകൊണ്ടു മണവാളന്റെ വലത്തുകൈയിലും തന്റെ ഇടത്തുകൈകൊണ്ടു് മണവാട്ടിയുടെ വലത്തുകൈയിലും പിടിച്ചുകൊണ്ടു അവരിരുവരുടെയും വലത്തുകൈകൾ (ഉള്ളംകൈകൾ) തമ്മിൽ ഭാരമേല്പിക്കുന്നു.

അനന്തരം "ദൈവം എനിക്കും നിങ്ങൾക്കും ഇടയിൽ മദ്ധ്യസ്ഥനായിരിക്കട്ടെ" ഇത്യാദിചൊല്ലുന്നു. "സകല വിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽതന്നെ" എന്നു അവസാനിക്കുമ്പോൾ വധൂവരന്മാർ കൈകൾ വിട്ടു തനിയെ കുരിശുവരയ്ക്കണം. അനന്തരം വീണ്ടും വിശ്വാസികളെ എന്ന പ്രബോധനം പട്ടക്കാരൻ വായിക്കുന്നു.

പിന്നീടു് ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ......... ഇത്യാദി സർവ്വശക്തിയുള്ള പിതാവായി.......... ഇത്യാദി വിശ്വാസപ്രമാണം,

www.malankaralibrary.com


* ബസ്മൽക്കാം—(നിങ്ങൾ സ്തുതിയോട് രാജമകൾ) ഇവിടെ ശുശ്രൂഷകൻ പട്ടക്കാരനെക്കൊണ്ട് ധൂപകലശത്തിൽ കുന്തിരിക്കം ഇട്വിച്ച് ധൂപം അർപ്പിക്കണം. സാഗിക്കോ — നയവാൻപനപോലെ ഇത്യാദി, ശുശ്രൂഷകൻ ഏത്തോമോ അനാഘോഷമായി നടത്തുമ്പോൾ ഈ സമയത്തും പട്ടക്കാരനെക്കൊണ്ട കുന്തുരുക്കമിട്ടുവിച്ചു ധൂപമർപ്പിക്കണം.

പട്ടക്കാരൻ:—എത്തോമോ മൂന്നഖണ്ഡികകളുള്ളതിൽ അവസാനത്തെ ഖണ്ഡികമാത്രം ചൊല്ലിയാൽ മതി. അതായത് ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച ഇത്യാദി.

എല്ലാവരും:—ആമ്മീൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

അനന്തരം കാർമ്മികൻ വധൂവരന്മാരെ കൈമുത്തിക്കുകയോ അവരെ കുപ്പായം മുത്തിക്കയോ ചെയ്യുന്നു. അനന്തരം പട്ടക്കാരൻ ശുശ്രൂഷകന്മാരോടൊരുമിച്ച് ഖമയമുറിയിലേക്ക മടങ്ങുന്നു. വരൻ വധുവിനെ കൂട്ടിക്കൊണ്ട് പോകയും ചെയ്യുന്നു.

ആദ്യവിവാഹത്തിന്റെ തുക്കാസാ അവസാനിച്ചു.

## അദ്ധ്യായം ൯

## പുനഃർവിവാഹം

തുക്കാസാ രണ്ടാംഭാഗം, മൂന്നാംഅദ്ധ്യായത്തിൽ കൊടുത്തിരിക്കുന്ന പ്രകാരം—കൂദാശവചനങ്ങൾ പുറം 46—51. വധൂവരന്മാരുടെ മനസ്സമ്മതം (വാത്തപ്പാട്) ചോദിക്കുകയും, വിളിച്ചുചൊല്ലു നടത്തുകയും ചെയ്തിട്ട് വിവാഹത്തിന് പ്രതിബന്ധം ഒന്നും ഇല്ലെന്ന് ബോധ്യപ്പെട്ടതിനുശേഷം മാത്രമെ വികാരി വിവാഹം നടത്തികൊടുക്കുവാൻ പാടുള്ളു. വധൂവരന്മാർ വിവാഹത്തിനുശേഷം കുമ്പസാരിച്ചിരിക്കണം. മൂന്നാംഅദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നപ്രകാരമുള്ള സജ്ജീകരണങ്ങൾ ചെയ്യണം. അതായത് വധുവോ വരനൊ (ആരെങ്കിലും ഒരാൾ ആദ്യവിവാഹം ആണെങ്കിൽ തുക്കാസാ രണ്ടാംഭാഗം മൂന്നാം അദ്ധ്യായം ഒന്നാംശുശ്രൂഷയിൽ പറഞ്ഞിരിക്കുന്നപ്രകാരം മോതിരം

www.malankaralibrary.com



വാഴ്വിന്റെ ക്രമവും രണ്ടാം ശുശ്രൂഷയിൽ പറഞ്ഞിരിക്കുന്ന പ്രകാരം കിരീടം വാഴ്വിന്റെ ക്രമവും നടത്തണം. പുനർവിവാഹം നടക്കുന്ന ആൾക്കു മോതിരം വാഴ്വും കിരീടം വാഴ്വും എന്ന കർമ്മങ്ങൾ നടത്തേണ്ട ആവശ്യം ഇല്ല. പുനർവിവാഹമല്ലാത്ത ആൾക്കു് ഇവരണ്ടും നടത്തേണ്ടതാണു്. എന്നാൽ വധൂവരന്മാർ ഇരുവരും പുനർവിവാഹത്തിനു വന്നിട്ടുള്ളവരാണെങ്കിൽ മേൽ പറഞ്ഞ ശുശ്രൂഷകൾ നടത്തേണ്ട. അതിനു പകരം താഴെ 6-ാം അദ്ധ്യായത്തിൽ കൊടുത്തിരിക്കുന്ന ക്രമം നടത്തണം. ഈ 5-ാം അദ്ധ്യായത്തിൽ ഒന്നാം ശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പു്, വധൂവരന്മാരുടെ മനസ്സമ്മതം പട്ടക്കാരൻ ചോദിക്കണം.

## അദ്ധ്യായം ൬

# പുനർവിവാഹത്തിനുള്ള ഒന്നാം ശുശ്രൂഷ

നോട്ടു്—വധൂവരന്മാരുടെ മനസ്സമ്മതം പട്ടക്കാരൻ ചോദിക്കണം.

അനന്തരം പട്ടക്കാരൻ: ശുബ്ഹൊ ലബൊ—

ജനം:-ബലഹീനന്മാരും പാപികളും

പട്ടക്കാരൻ:-51-ാം മസ്മൂറാ തുടങ്ങുന്നു.

ജനം:-രണ്ടുഭാഗമായി നിന്നു ചൊല്ലണം.

ഗീതം:-ഹത്തിസ് ലൊക്ക് പരിശോഷ പാപികളോടു കരുണ ചെയ്യുന്നവനെ-എന്നതു്.

കുക്കിലിയോൻ (ഒന്നാം രാഗത്തിൽ) തുബാവ് ല്മാൻ— തന്റെ അകൃത്യം ക്ഷമിക്കപ്പെട്ടും.

എക്ബോ—(ഒന്നാം രാഗം) ഗീതം— ഓ സാഗീ റഹമെ പരി— അനുഗ്രഹങ്ങളും മനോഗുണവും.

× ശുശ്രൂഷകൻ—സ്തൗമൻ കാലസ്
ജനം —കുറിയേലായിസോൻ

× പട്ടക്കാരൻ—പ്രൂമിയോൻ—നാമെല്ലാവരും
ദൈവങ്ങളുടെ ദൈവവും, ഇത്യാദി

× സെദറാ—ആലോഹൊ ഹാവ് — നിരപ്പിന്റെയും

× ഗീതം—ബ്തറൊക്ക്—കർത്താവേ! നിന്റെ കരുണയുടെ വാതിൽ

പട്ടക്കാരൻ:—എത്രൊ — മൊറിയൊ. ആലോഹൊ—ദൈവമായ കർത്താവേ ഇത്യാദി. "ബാറേക്ക്" വാഴ്ത്തണമേ എന്ന പദം ഉച്ചരിക്കുന്ന രണ്ടു സമയങ്ങളിലും, സ്ലീബാ എന്നു ഉച്ചരിക്കുന്ന സമയത്തും കാർമ്മികൻ വധൂവരന്മാരെ സ്പർശിക്കാതെ കുരിശുവരച്ചു ആശീർവദിക്കണം.

× മാർ യാക്കോബിന്റെ അപേക്ഷ. കോറേനല്ലോക്ക്—ഞങ്ങളുടെ നാഥനായ കർത്താവേ! ഇത്യാദി.

× ഇവിടെ ഒരു കൗമ പ്രാർത്ഥിക്കണം.

www.malankaralibrary.com



# രണ്ടാം ശുശ്രൂഷ

പട്ടക്കാരൻ—ശുബഹോ, ലാബൊ—പിതാവിനും പുത്രനും

എല്ലാവരും—ബലഹീനന്മാരും—പാപികളും......

പട്ടക്കാരൻ - സ്ലൂസോ – ദാക്കോ ലാൻ-ദൈവമെ അന്തൊവ ത്താലും—

× പട്ടക്കാരൻ:—ദൈവമേ നിന്റെ കൃപയിൻപ്രകാരം—(ഒന്നാം ശുശ്രൂഷയിൽ ഈമസ്മൂറാ ചൊല്ലിയതുകൊണ്ടു് ഇവിടെ ചൊല്ലണമെന്നില്ല.)

× ഗീതം-ബഹൌബായി—എന്റെ കടങ്ങളും പാപങ്ങളും

ശുശ്രൂഷകൻ—സ്തൗമൻ കാലൊസ്. ജനം-കുറിയേലായിസോൻ

പട്ടക്കാരൻ—മുറപ്രകാരം പ്രുമിയോൻ—തെശ്ബുഹത്തൊ—യാതൊരു ഭവനത്തിലും—

പട്ടക്കാരൻ—സെദറാ—ആലോഹൊ—ദൈവം നിശ്ചയമായ-

ഗീതം—രണ്ടാം രാഗത്തിൽ ല്മൽക്കൂസ് റൗമ്മൊ—ഞങ്ങളുടെ പിതാവായ അബ്രാഹാമിനെ

എത്രൊ—പട്ടക്കാരൻ മിശിഹൊ ആലോഹൊ — തന്റെ പരിശുദ്ധന്മാരോടു. "വാഴ്ത്തുക" എന്ന പദം ഉപയോഗിക്കുമ്പോൾ പട്ടക്കാരൻ വധൂവരന്മാരെ കുരിശുവരച്ചു ആശീർവദിക്കണം.

ശുശ്രൂ:—പൗലോസ് ശ്ലീഹാ ഇത്യാദി ചൊല്ലണം.

ശുശ്രൂ:-മുറപ്രകാരം ലേഖനം വായിക്കണം. 1 കൊറിന്തി 7-ാം അദ്ധ്യായം 1-11 വാക്യങ്ങൾ.

ശുശ്രൂഷക്കാരൻ നാം അടക്കത്തോടു—

പട്ടക്കാരൻ മുറപ്രകാരം ഏവൻഗേലിവായിക്കുന്നു. വി. മാർക്കോസ് 10-ൽ 2-10.

അനന്തരം താലി-(മിന്നു്)-കെട്ടുകയും മന്ത്രകോടികൊണ്ടു് മൂടുകയും ചെയ്യണം. അഞ്ചാം അദ്ധ്യായം രണ്ടാം ശുശ്രൂഷയുടെ ക്രമത്തിൽ അവസാന ഭാഗത്തു് നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ആണു് ഇവ പട്ടക്കാരൻ നടത്തിക്കേണ്ടതു്.

മാർ അപ്രേമിന്റെ അപേക്ഷ—മോറാൻ—ഞങ്ങളുടെ കർത്താവേ! ഇത്യാദി. "വാഴ്ത്തപ്പെടണമേ" എന്ന പദം ചൊല്ലുമ്പോൾ പട്ടക്കാരൻ കുരിശുവരച്ചു വധൂവരന്മാരെ ആശീർവദിക്കണം.

ഈ ഗീതത്തിൽ താഴെ പറയുന്ന മൂന്നു ഗീതങ്ങൾ മാത്രം ചൊല്ലിയാൽ മതിയാകും. പരിഭാഷ വായിച്ചാലും മതി.

1. മൊറിയൊ ലോ തഹപ്പേക്ക്—ഞങ്ങളുടെ കർത്താവേ നിന്നെ വിളിക്കുന്നു.

2. ബൈത്തേ നെസ് മ്ലെ-ഇവന്റെ ഭവനം.......ഇത്യാദി.

3. ല്മൊറിയോ ശുബഹോ—എല്ലാ സമയവും...ഇത്യാദി.

അനന്തരം പട്ടക്കാരൻ വധൂവരന്മാരെ അന്യോന്യം ഭരമേല്പിച്ചുകൊണ്ടു "കൈ പിടുത്തം" നടത്തുന്നു. ഇതു ആദ്യവിവാഹത്തിലെ

www.malankaralibrary.com



പോലെ നടത്തണം. അഞ്ചാം അദ്ധ്യായം രണ്ടാം ശുശ്രൂഷനോക്കുക.
× ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ—ഇത്യാദി. വിശ്വാസ പ്രമാണം.
× ബസ്മൽക്കോ (നിനാറം സ്തുതിയോടു്) × സാദിക്കോ—നയിവാൻ പനപോലെ).
ഹൂത്തോമ്മൊ ചൊല്ലി അവസാനിപ്പിക്കുകയും വേണം. അനാരോഗ്യമായ ശുശ്രൂഷയ്ക്കു് ഹൂത്തോമ്മായുടെ അവസാന ഖണ്ഡിക മാത്രം നടത്തിയാൽ മതി.

പുനർവിവാഹത്തിനുള്ള തുക്കാസാ അവസാനിച്ചു.

## അദ്ധ്യായം ൭

## രോഗികളുടെ തൈലാഭിഷേകം

ഒരു ക്രിസ്ത്യാനി (വിവേകജ്ഞാനമുള്ള) പൈതലായിരുന്നാലും കഠിനമായ രോഗാവസ്ഥയിൽ എത്തുമ്പോഴും പ്രത്യേകിച്ചു മരണാപകടമുള്ളപ്പോഴും ഈ ക്രൂദാശ നടത്തേണ്ടതാണു്.

ഈ ക്രൂദാശയുടെ ഉദ്ദേശം രോഗിക്കു പൂർണ്ണപാപമോചനം നൽകണമെന്നും കർത്താവിനു് തിരുവിഷ്ടം ഉണ്ടെങ്കിൽ രോഗിക്കു് പൂർണ്ണ ആരോഗ്യം ലഭിക്കണമെന്നും, രോഗിയെ യോഗ്യമുള്ള മരണത്തിനൊരുക്കണമെന്നും ഉള്ളതാകുന്നു. ഈ ക്രൂദാശ പ്രാപിക്കുന്നതിനു മുമ്പു് രോഗി കുമ്പസാരിച്ചു് വി. കർബാന അനുഭവിച്ചിരിക്കേണ്ടതുമാകുന്നു. വി. കർബാന അനുഭവിക്കാൻ അവസരമില്ലാതിരുന്നാൽ പോലും രോഗി കുമ്പസാരിക്കേണ്ടതാണു്. എന്നാൽ രോഗകാഠിന്യം നിമിത്തവും രോഗിക്കു് സംസാരിക്കാൻ പാടില്ലാതിരിക്കുന്നതിനാലും അല്ലെങ്കിൽ ബുദ്ധിമാന്ദ്യം വന്നിട്ടുള്ളതുകൊണ്ടും രോഗിക്കു് കുമ്പസാരിക്കാൻ സാദ്ധ്യമല്ലാതെ വന്നിരിക്കുന്നുവെങ്കിൽ ആസന്ന മരണാവസ്ഥയിൽ എത്തിയിരിക്കുന്നവർക്കെന്നപോലെ പട്ടക്കാരൻ രോഗിയുടെ മേൽ പാപമോചനപ്രാർത്ഥന (കർബാന തക്സാ പുറം 204) നടത്തുകയും അനന്തരം തൈലാഭിഷേകശുശ്രൂഷ നടത്തുകയും ചെയ്യാവുന്നതാണു്. ശുശ്രൂഷപുസ്തകത്തിൽ ക്രമപ്പെടുത്തിയിട്ടുള്ള എല്ലാ പ്രാർത്ഥനകളും കഴിക്കാൻ അവസരം ലഭിക്കാത്ത പക്ഷം-അതായതു് രോഗി പെട്ടെന്നു മരിച്ചുപോകുമെന്നു തോന്നുന്നതായാൽ "തൈലാഭിഷേകത്തിനുള്ള ക്രൂദാശവചനം അതായതു് "ബ്ഹോദേ ദമ്ശീഹാ സൊ തെസ്ദാകെ" ഇത്യാദി) (ക്രൂദാശവചനം എന്ന ലഘുപുസ്തകം പതിനഞ്ചാം പുറം) മാത്രം ചൊല്ലി തൈലാഭിഷേകം നടത്തേണ്ടതാണു്. സമയം ഉള്ളപക്ഷം രോഗിയുടെ കണ്ണു്, ചെവി മുതലായ ഇന്ദ്രിയങ്ങളിന്മേൽ"മെശഹൊ ഹോനോ"ഇത്യാദിവചനം (ക്രൂദാശവചനം എന്ന ലഘുപുസ്തകം പുറം പതിനേഴും പതിനെട്ടും) ചൊല്ലി അഭിഷേകം നടത്തേണ്ടതാണു്. രോഗിക്കു് ജീവനുണ്ടോ മരിച്ചുകഴിഞ്ഞിരിക്കുന്നുവോ എന്ന സംശയം ഉള്ളപക്ഷം താഴെ കാണുന്ന വചനങ്ങളെ ഉപയോഗിച്ചു് രോഗിയുടെ നെററിക്കു തൈലാഭിഷേകം നടത്തേണ്ട

www.malankaralibrary.com



താണു്. "എൻ ഈസൈക്കു് ബ്ഹായെ ബ്ഹോദേ ദംശീഷ്ഷസോ കാദീശ്ത്തോ തെസ്ദാക്കെ ഊത്തെസ്കാദാശ് (ഇത്യാദി) (ക്രദാശവചനം എന്ന ഖംല്യപുസ്തകം പുറം 19) അതായതു് നീ ജീവനോടിരിക്കുന്നെങ്കിൽ ഈ വിശുദ്ധ തൈലാഭിഷേകത്താൽ.. ...ഇത്യാദി. മലയാള പരിഭാഷ വായിച്ചശേഷം, സുറിയാനിയിൽ ക്രദാശവചനം ചൊല്ലിക്കൊണ്ടു റൂശ്മാ ചെയ്യാവുന്നതാണു്.

സജ്ജീകരണം. ആഘോഷമായ ശുശ്രൂഷ നടത്തുന്നപക്ഷം പട്ടക്കാരൻ കാപ്പ മുതലായ അംശവസ്ത്രങ്ങൾ ധരിക്കണം മറ്റുപട്ടക്കാരും ശുശ്രൂഷക്കാരും തക്സാ മൂന്നാം പുസ്തകം മൂന്നാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം അംശവസ്ത്രങ്ങൾ ധരിച്ചിരിക്കണം. ശുശ്രൂഷസ്ഥലത്തു ഒരു മേശ മേൽ കുരിശു്, രണ്ടു മെഴുകുതിരികൾ, ശുശ്രൂഷപുസ്തകം, ഏവൻഗേലിപുസ്തകം, തൈലാഭിഷേകത്തിനുള്ള വാഴ്ത്തപ്പെട്ട തൈലം, അല്പം പഞ്ഞി, കന്തുരുക്കം ഇവ തയാറാക്കിയിരിക്കണം. പട്ടക്കാരന്റെ കൈ കഴുകുന്നതിലേക്കു ആവശ്യമുള്ള വെള്ളം, ബേഷ്യൻ, സോപ്പു്, തുവാല മുതലായവയും തയ്യാറാക്കി ഇരിക്കണം. രോഗം സാംക്രമികമാണെന്നു സംശയമുള്ള പക്ഷം പട്ടക്കാരൻ പഞ്ഞിമേൽ വി. തൈലം ഒഴിച്ചു ആ പഞ്ഞികൊണ്ടു വേണം തൈലം പൂശുവാൻ. പകരുന്ന വ്യാധി അല്ലെങ്കിൽ പട്ടക്കാരന്റെ വലത്തുകൈയുടെ തള്ളവിരലിൽ തൈലം പുരട്ടി റൂശ്മാ ചെയ്യാവുന്നതാണു്. രോഗിയുടെ അടുക്കൽ പട്ടക്കാരും ശുശ്രൂഷക്കാരും ദീർഘസമയം നിൽക്കുന്നതു് രോഗം പകരുവാൻ കാരണമാകുമെന്നു് ശങ്കയുള്ള പക്ഷം അടുത്ത മുറിയിലോ വരാന്തയിലോ നിന്നു് പ്രാർത്ഥനകൾ ചൊല്ലുകയും റൂശ്മാ സമയത്തു മാത്രം രോഗിയെ സമീപിക്കയും ചെയ്യേണ്ടതാണു്. ഇതിനുപോലും സൗകര്യമില്ലെങ്കിൽ ക്രദാശവചനം മാത്രം ചൊല്ലിക്കൊണ്ടു രോഗിയുടെ മേൽ വി. തൈലം കൊണ്ടു് റൂശ്മാ ചെയ്യാൽ മതിയാകും. രോഗിക്കു സുബോധമുള്ളപക്ഷം നല്ല അനുതാപത്തോടും ദൈവാശ്രയത്തോടും കൂടി ഈ ക്രദാശ പ്രാപിപ്പാൻ തക്കവണ്ണം രോഗിയെ ഒരുക്കണം.

## ശുശ്രൂഷാക്രമം

പട്ടക്കാരൻ—ബാവായും പുത്രനും...ഇത്യാദി.

എല്ലാവരും—ബലഹീനന്മാരും....ഇത്യാദി,

പട്ടക്കാരൻ—സ്തൂബോ—സ് ഊർ മൊറിയൊ....ഇത്യാദി.

കർത്താവേ നിന്റെ കരുണയാൽ.

× ഗീതം—കുക്കിലിയോൻ 6-ാം രാഗത്തിൽ മൊറിയൊ ഖെലാബ്രംഗസോ ക്ക്... ഇത്യാദി—കർത്താവേ നിന്റെ കോപത്തിൽ.

ശുശ്രൂഷകൻ—സ്തൗമൻ കാലോസ്, ജനം—കുറിയെലായിസോൻ

പട്ടക്കാരൻ—മുറപ്രകാരം പ്രുമിയോൻ ചൊല്ലുന്നു.

www.malankaralibrary.com



ലഹാവ് സ്ളൂഥോ... ക്ഷീണിച്ചിരിക്കുന്ന ആത്മാക്കളെ... ഇത്യാദി.

പട്ടക്കാരൻ—സെദറാ—മൊറിയോ അലോഹോ—സാക്ഷാൽ ഉത്തമവൈദ്യനും.

× ഗീതം ല്'യാമ്മൊ... ഇത്യാദി—ഏകജാതനായ ദൈവമെ.... ഇത്യാദി.

പട്ടക്കാരൻ—എത്രോ, മൊറിയോ അലോഹോ —സകലത്തിന്റെയും ഗുരുഭൂതനും

× എല്ലാവരും—ഭൂവിലശേഷം ഇത്യാദി ഗീതം...

× ശുശ്രൂഷകൻ—(കാർമ്മികന്റെ വലത്തുഭാഗത്തു നിന്നുകൊണ്ടു വി. യാക്കോബു ശ്ലീഹായുടെ ലേഖനം 5-ാം അദ്ധ്യായം 13 മുതൽ 16 വരെ വായിക്കുന്നു.

ശുശ്രൂഷകൻ:—ഹാബീബായ്—ബറെക്മോർ

എല്ലാവരും:—പൌലോസ് ശ്ലീഹാ ധന്യൻ... ഇത്യാദി ഗീതം.

ശുശ്രൂഷകൻ:—കാർമ്മികന്റെ ഇടത്തുവശത്തു നിന്ന് റോമാ ലേഖനം 13-ാം അദ്ധ്യായം 11 മുതൽ 14 വരെ വായിക്കണം. ജനം—ഹൂലേലോലോ ഹാലേലൂയ്യാ ഉഹാലേലൂയ്യാ...പരിശുദ്ധ ദൈവമേ! എന്റെമേൽ...

അനന്തരം പട്ടക്കാരൻ മുറപ്രകാരം ഏവൻഗേലിയോൻ വായിക്കണം. വി. മത്തായി 10-ാം അദ്ധ്യായം 5 മുതൽ 10 വരെ (ഏവൻഗേലിയോൻ വായിക്കുന്നതു് പട്ടക്കാരൻ രോഗിയുടെ നേരെ തിരിഞ്ഞു നിന്നുകൊണ്ടു ആയിരിക്കണം.

ശുശ്രൂഷകൻ:—മൊറിയോ റാഹേം അലൈൻ

× ഗീതം—മാർ യാക്കോബിന്റെ ബോറൂസോ; കോറേനാൻ ലോക്കു, പരിശുദ്ധ—സാക്ഷാൽ ഉത്തമവൈദ്യനും..

അനന്തരം പട്ടക്കാരൻ രോഗിയുടെ മേൽ കൈവച്ചുകൊണ്ടോ രോഗിയെ ആശീർവദിക്കുവാൻ തക്കവണ്ണം രോഗിയുടെ അടുക്കലേക്കു് കൈനീട്ടുകയോ ചെയ്തുകൊണ്ടു ബശ്മോക്ക് ദാഹ്ബാ—പരിശുദ്ധ—പിതാവും പുത്രനും...

പുസ്തകത്തിൽ കൊടുത്തിരിക്കുന്ന മൌദ്യോനൂസോ വിട്ടുകളയാം. ചെറിയ മൌദ്യോനൂസോ (ഞാൻ പിഴയാളി) ചൊല്ലിയാൽ മതി. താഴെ വിവരിക്കുന്ന കൂദാശവചനം ചൊല്ലി തൈലം പൂശുക മുതലായവ നടത്തണം.

പട്ടക്കാരൻ വലത്തു കൈയുടെ തള്ളവിരലിൽ വി. തൈലം പുരട്ടി ആ വിരൽ കൊണ്ടു രോഗിയുടെ നെറ്റിക്കു കുരിശാകൃതിയിൽ മൂന്നു പ്രാവശ്യം റശ്മാ ചെയ്തുകൊണ്ടു് തെസ്ബാരക് (കൂദാശവചനം പുറം 15) പരിശുദ്ധ—ഈ വിശുദ്ധ തൈലാഭിഷേകത്താൽ....... ഈ കൂദാശവചനം ഉപയോഗിച്ചു് രോഗിയുടെ നെറ്റിക്കു് വി. തൈലം കൊണ്ടു റശ്മാ ചെയ്യണം. കൂദാശ വചനം പുറം 17

www.malankaralibrary.com



അതു താഴെക്കാണുന്നപ്രകാരം നിർവഹിക്കണം.

ക്രമാശവചനം "സേദത്തൊന്നൊയോസോ" എന്നതുവരെ പട്ടക്കാരൻ ഉച്ചരിക്കണം.

അനന്തരം ശുശ്രൂഷകൻ— ബാറെക്മോർ ചൊല്ലണം.

അനന്തരം പട്ടക്കാരൻ ബശ്മോ ദാബോ ചൊല്ലിക്കൊണ്ടു രോഗിയുടെ നെറ്റിക്കു വാഴ്ത്തപ്പെട്ട സൈത്തുകൊണ്ടു സ്ലീബാരൂപത്തിൽ റശ്മാ വരയ്ക്കണം.

അനന്തരം ശുശ്രൂഷകൻ— ആമ്മീൻ

പട്ടക്കാരൻ—ഉമാബ്രോ ചൊല്ലിക്കൊണ്ടു രോഗിയുടെ നെററിക്കു വീണ്ടും സ്ലീബാ രൂപത്തിൽവീ, സൈത്തുകൊണ്ടു റശ്മാ വരയ്ക്കണം.

ശുശ്രൂഷകൻ—ആമ്മീൻ

പട്ടക്കാരൻ—വീണ്ടും വറൂഹൊ കാദീശോ ചൊല്ലിക്കൊണ്ടു രോഗിയുടെ നെററിക്കു സൈത്തുകൊണ്ടു സ്ലീബാ രൂപത്തിൽ റൂശ്മാ വരക്കണം.

അനന്തരം പട്ടക്കാരൻ ബ്ഹായെ ദല് മാലം മൽമീൻ ചൊല്ലിക്കൊണ്ടു രോഗിയുടെ തലമേൽ കൈ ആവസിപ്പിക്കണം. (രോഗിയെ തൊടണമെന്നില്ല.)

അനന്തരം ശുശ്രൂഷകൻ—ആമ്മീൻ

അനന്തരം രോഗിയുടെ കണ്ണുകളിന്മേൽ "ബ്മെശഹോ" ഇത്യാദി ചൊല്ലിക്കൊണ്ടു സൈത്തു പൂശുന്നു. രണ്ടു പ്രാവശ്യം വലത്തു കണ്ണിലും ഒരു പ്രാവശ്യം ഇടത്തു കണ്ണിലുമായി റശ്മാ വരയ്ക്കണം. രോഗിയുടെ കണ്ണ് അടച്ചിരിക്കുകയും കൺപോളമേൽ റൂശ്മാ വരയ്ക്കുകയുമാണു പതിവു്.

അനന്തരം ബ്മെശഹോ ഇത്യാതി ചൊല്ലിക്കൊണ്ടു വലത്തു കാതിൽ രണ്ടും ഇടത്തു കാതിൽ ഒന്നുംവിതം റശ്മാവരയ്ക്കണം. കാതിന്റെ താഴത്തെ അഗ്രത്തിൽ റശ്മാ വരയ്ക്കുകയാണു പതിവു്.

ബ് മെശഹൊ ചൊല്ലിക്കൊണ്ടു് മൂന്നു പ്രാവശ്യം മൂക്കിന്മേൽ റശ്മാ ചെയ്യണം. ഒന്നാം റശ്മാ മൂക്കിന്റെ വലത്തു വശത്തും രണ്ടാം റശ്മാ ഇടത്തുവശത്തും മൂന്നാമത്തേതു് മദ്ധ്യേയും വരയ്ക്കുകയാണു പതിവു്.

പിന്നീടു അധരങ്ങൾക്കും വായ്ക്കും നാവിനും കൂടി റശ്മാ ചെയ്യണം. ഈ സമയത്തു് രോഗിയുടെ വായ് അടച്ചിരിക്കുന്നതു് കൂടുതൽ സൌകര്യമായിരിക്കും. അതിനു സൌകര്യമില്ലെങ്കിൽ രോഗിയുടെ മേലത്തെയോ താഴത്തെയൊ അധരത്തിന്മേൽ റശ്മാ വരച്ചാൽ മതി. രോഗി നാക്കു നീട്ടണമെന്നില്ല. നാക്കിനെ പട്ടക്കാരൻ സ്പർശിക്കണമെന്നില്ല. ഈ സമയത്തും ബ്മെശഹൊ ചൊല്ലണം.

അനന്തരം ബ്മെശഹോ ചൊല്ലിക്കൊണ്ടു് വലത്തു കൈയിൽ രണ്ടും ഇടത്തു കൈയിൽ ഒന്നും റശ്മാ ചെയ്യുകയാണു പതിവു്. ഉള്ളം കയ്യിലാണു വരയ്ക്കേണ്ടതു.

www.malankaralibrary.com



അനന്തരം രണ്ടു കാൽ പത്തികളം "ബ്'മെശഹോ ചൊല്ലിക്കൊണ്ടു റൂശ്മാ ചെയ്യണം. വലത്തെ കാൽ പത്തികൾ രണ്ടും ഇടത്തെ കാൽ പത്തിക്ക് ഒന്നും വീതമാണ് റൂശ്മാ വരയ്ക്കുന്നത്. ഉള്ളം കാലിൽ റൂശ്മാ വരച്ചു കൂടാ.

ഓരോ അവയവത്തിലും റൂശ്മാ ചെയ്യുമ്പോൾ അതാതിന്റെ പേര് മാറി മാറി ചൊല്ലണം. (കൂദാശവചനം പുറം 18)

x അനന്തരം ബസ്മൽക്കോ...x സാമീക്കോ ഇത്യാദികളിലിയോനുകൾ എല്ലാം ചൊല്ലേണ്ടതാണ്. പിന്നീട 'ഹൂത്താമാ' ചൊല്ലി. പട്ടക്കാരൻ എല്ലാവരെയും ആശീർവദിക്കുന്നു. സൌകര്യമുള്ള പക്ഷം ശുശ്രൂഷക്കു മുൻപോ, പിൻപോ അനുതാപത്തിന്റെ മസ്മൂറാ:-6, 32, 38, 51, 102, 129, 143 ഇവ വായിക്കാവുന്നതാണ്.

## അദ്ധ്യായം വ്യ

# ശീശ്മക്കാരനെ കത്തോലിക്കാ സഭയിലേക്കു സ്വീകരിക്കുന്നത്.

യാക്കോബായക്കാർ ഗ്രീക്കുസഭാംഗങ്ങൾ ആദിയായ പുരാതന ശീശ്മ സഭകളിൽ മാമോദീസാ മുങ്ങിയ ആളിനെ രണ്ടാമതു മാമോദീസാ മുക്കിക്കൂടാ. മാർത്തോമ്മാ സഭയിൽ മാമോദീസാ മുങ്ങിയ ആളിനു രഹസ്യമായി മാത്രം സംശയനിവാരണാർത്ഥം മാമോദീസാ കൊടുക്കണം. ഇവരുടെ കൂദാശയുടെ സാധുതയെപ്പററി തിരുസിംഹാസനത്തിൽ നിന്നും തീരുമാനിക്കുന്നതുവരെ ഇങ്ങനെ ചെയ്യണമെന്നു കല്പിച്ചിരിക്കുന്നു. അതായത് "എൻ ലോം എസ്സ് ബാമെ" എന്ന വാക്കുകൂടെ ചേർത്തു മാമോദീസായിക്കുള്ള കൂദാശ വചനങ്ങൾ ചൊല്ലി മാമോദീസാ കൊടുക്കണം. സി. എം, എസ്സ്, എൽ. എം, എസ്സ് മുതലായ നവീന സഭകളിൽ മാമോദീസാ മുക്കിയവർക്കും സംശയനിവാരണാർത്ഥമുള്ള മാമോദീസാ പരസ്യമായി കൊടുക്കാവുന്നതാണ്. സന്ദർഭമനുസരിച്ച് രഹസ്യമായി കൊടുക്കുന്നതിനും വിരോധമില്ല.

ശീശ്മയിൽ നിന്നോ മതവിപരീതത്തിൽ നിന്നോ കത്തോലിക്കാസഭയിൽ ചേരുവാൻ ആഗ്രഹിക്കുന്ന ആൾ ഇതേവരെ ശീശ്മയിൽ (അല്ലെങ്കിൽ മതവിപരീതത്തിൽ) ഇരുന്നതു ദൈവമുൻപാകെ പാപമായിരുന്നുവെന്ന ബോദ്ധ്യമാവുകയും അതേപ്പററി സത്യമായി അനുതപിക്കയും വേണം. മ്ശിഹാ തമ്പുരാൻ സ്ഥാപിച്ചു സഭ മാർപ്പാപ്പാ ആദ്ധ്യക്ഷം വഹിക്കുന്ന കത്തോലിക്കാസഭ മാത്രമാണെന്നുള്ള സത്യം അയാൾ വിശ്വസിക്കണം. കത്തോലിക്കാസഭ പഠിപ്പിക്കുന്ന സകല വിശ്വാസസത്യങ്ങളും ദൈവ

www.malankaralibrary.com



ത്തിൽ നിന്നുള്ള ദിവ്യോപദേശമാണെന്ന് അയാൾ മനഃപൂർവ്വം സ്വീകരിച്ചു ഏററുപറയുവാൻ സന്നദ്ധനായിരിക്കണം. ശീശ്മയേയും എല്ലാ വേദവിപരീതത്തേയും ഹൃദയപൂർവ്വം ഉപേക്ഷിക്കയും മേലാൽ സത്യകത്തോലിക്കനായി ജീവിച്ചു് ദൈവത്തെ മഹത്വപ്പെടുത്തുവാൻ മനഃപൂർവ്വമായി ആശിക്കുകയും ചെയ്യണം. അതായതു് ദൈവത്തിന്റെ കല്പനകളും (പത്തുകല്പനകൾ) തിരുസഭയുടെ കല്പനകളും (അഞ്ചുകല്പനകൾ) അനുസരിച്ചുകൊള്ളാമെന്ന ഹൃദയംകൊണ്ടു നിശ്ചയിക്കണം ഇപ്രകാരം ഒരുങ്ങിയ ഒരാളിനെ വേണം കത്തോലിക്കാതിരുസഭയിലേക്കു് സ്വീകരിക്കേണ്ടതു്.

## സജ്ജീകരണങ്ങൾ

മേശമേൽ കുരിശു് മെഴുകുതിരികൾ, എവൻഗേലി പുസ്തകം, ശുശ്രൂഷക്രമം, എന്നിവ ഉണ്ടായിരിക്കണം. ശുശ്രൂഷകന്റെ കൈവശം ധൂപക്കററിയും കുന്തുരുക്കവും ഉണ്ടായിരിക്കണം.

## ശുശ്രൂഷക്രമം

കുർബ്ബാന തക്സാപുറം 206 പട്ടക്കാരനും അദ്ദേഹത്തിന്റെ പിന്നിൽ വിശ്വാസം ഏററുപറയുന്നതിനു് ഒരുങ്ങിവന്നിട്ടുള്ള ശീശ്മക്കാരനും കിഴക്കോട്ടു തിരിഞ്ഞുനില്ക്കുന്നു. പള്ളിയിൽവച്ചു നടത്തുന്നപക്ഷം മദ്ബഹായുടെ തിരശ്ശീല നീക്കി ത്രോണോസിന്മേൽ മെഴുകുതിരി കൊളുത്തി ആഘോഷമായി നടത്താവുന്നതാണു്.

പട്ടക്കാരൻ:—ശുബഹോലം...... പിതാവിനും പുത്രനും...,

എല്ലാവരും:—ബലഹീനരും പാപികളുമായ—

പട്ടക്കാരൻ:—ദൈവങ്ങൾക്കു് ദൈവം... ഇത്യാദി.

ശീശ്മക്കാരൻ:—മനസ്താപത്തിന്റെ 51-ാം മസുമൂറാ

പട്ടക്കാരൻ:—പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നുകൊണ്ടു ക്രമപ്രകാരം എവൻഗേലിയോൻ വായിക്കുന്നു. വി. ലൂക്കാസ് 15-ാം അദ്ധ്യായം 3 മു. 7 വരെ വാക്യങ്ങൾ.

അനന്തരം സ്വീകരിക്കപ്പെടുന്നയാൾ മുട്ടിന്മേൽ നിന്നുകൊണ്ടു ഞാൻ സത്യമായും ഭക്തിയോടുകൂടിയും ഇത്യാദി വിശ്വാസപ്രതിജ്ഞ ചെയ്യുന്നു.

ക്രോശവചനങ്ങൾ എന്ന ലഘുപുസ്തകം 20 മുതൽ 23 വരെ പുറങ്ങൾ.

ഈ വിശ്വാസപ്രതിജ്ഞ പട്ടക്കാരൻ ചൊല്ലിക്കൊടുക്കുകയും വിശ്വാസി ഏററുപറകയും ചെയ്യാവുന്നതാണു്.

ദൈവത്തിന്റെ തിരുവചനമായ ഈ വേദപുസ്തകം ചുംബിച്ചുകൊണ്ടു് എന്നിപ്രകാരം വിശ്വാസി പറയുമ്പോൾ അയാൾ എവൻഗേലി പുസ്തകം ചുംബിക്കണം. വിശ്വാസപ്രതിജ്ഞ ചെയ്തുകഴി

www.malankaralibrary.com



യുമ്പോൾ പട്ടക്കാരൻ അയാളുടെ തലമേൽ കൈവച്ച് മോറാൻ യേശുമ്ശിഹാ... (പരിഭാഷ) നമ്മുടെ കർത്താവീശോമശിഹാ നിന്നെ വിമോചിക്കട്ടെ ഇത്യാദി പ്രാർത്ഥന ചൊല്ലി മൂന്നുപ്രാവശ്യം നെററിക്കു കുരിശുവരച്ച് റൂശ്മാ ചെയ്യണം. പകരുന്ന വ്യാധിയുള്ളവനെന്നു തോന്നുന്നപക്ഷം ദേഹത്തു തൊടാതെ കൈ ഉയർത്തി റൂശ്മാ ചെയ്താൽ മതി. കൂദാശ വചനങ്ങൾ എന്ന ലഘുപുസ്തകം, പുറം, 22. സുറിയാനി പാഠങ്ങൾ ചൊല്ലിക്കൊണ്ടു് പരിഭാഷ വായിച്ചശേഷം ചെയ്യാവുന്നതാണ്. സ്വീകരിക്കപ്പെടുന്ന ആൾ കഴിയുന്നത്ര എളുപ്പത്തിൽ പൊതുകുമ്പസാരം നടത്തി വി. കുർബാന അനുഭവിക്കണം.

## അദ്ധ്യായം ൯

# രോഗികൾക്കു വി. കുർബാന എഴുന്നെള്ളിച്ചുകൊടുക്കുന്നതിനുള്ള ക്രമം

വി. കുർബാനയിൽ വാഴ്ത്തപ്പെടുന്ന അപ്പം നമ്മുടെ കർത്താവീശോമ്ശിഹായുടെ തിരുശരീരവും വാഴ്ത്തപ്പെടുന്ന വീഞ്ഞു് കർത്താവീശോമ്ശിഹായുടെ തിരുരക്തവുമാകുന്നു. എന്നാൽ തിരുരക്തം സൂക്ഷിച്ചുവെയ്ക്കുക പതിവില്ല. ആരാധനയ്ക്കായും രോഗികൾക്കു കൊടുക്കുന്നതിനായും തിരുശരീരം വേണ്ട ഭദ്രതയോടുകൂടി സൂക്ഷിച്ചുവെയ്ക്കുന്നു. ഉറപ്പുള്ള മസ്സൻസബിനായിൽ (സക്രാരിയിൽ) അകവശം സ്വർണ്ണം പൂശിയിട്ടുള്ള കുസ്തോദിയിൽ തിരുശരീരം സൂക്ഷിച്ചുവെയ്ക്കുന്നു. കുസ്തോദിയിൽനിന്നു് ഒരു ഗുമത്താ (പാർട്ടിക്കിൾ) എടുത്തു് ചെറിയ സ്വർണ്ണച്ചെപ്പിൽവച്ചു് രോഗിക്കു വി. കുർബാനകൊടുക്കുന്നതിനായി രോഗിയുടെ വസതിയിലേക്കു കൊണ്ടുപോകുന്നു. ആ സ്വർണ്ണച്ചെപ്പു് പട്ടക്കാരൻ നെഞ്ചത്തു തൂക്കിയിരിക്കുന്ന സഞ്ചിയിൽ സൂക്ഷിക്കണം. വി. കുർബാന എഴുന്നള്ളിച്ചുകൊണ്ടുപോകുന്നതു് ആഘോഷമായും അനാഘോഷമായും ചെയ്യാവുന്നതാണ്. i ആഘോഷമായ യാത്രയാണെങ്കിൽ വി. കുർബാനയ്ക്കുള്ള കാപ്പാ മുതലായ അംശവസ്ത്രങ്ങൾ പട്ടക്കാരൻ ധരിക്കണം. പള്ളിക്കു പുറത്തു് വി. കുർബാന സഘോഷം കൊണ്ടുപോകുമ്പോൾ വി. കുർബാനയുടെ ബഹുമാനാർത്ഥം മുത്തുക്കുട പിടിക്കുക പതിവാണ്. നടന്നുപോക പതിവില്ല. തക്കതായ വാഹനത്തിൽ പോകുന്നു. കത്തിച്ച മെഴുകുതിരികൾ, കിലുക്കുമണി എന്നിവയുണ്ടായിരിക്കണം. പോകുന്നവഴിക്കു വിശ്വാസികൾ മുട്ടിന്മേൽ നിന്നു വി. കുർബാനയെ വണങ്ങി ബഹുമാനിക്കണം. ii എന്നാൽ അനാഘോഷമായ യാത്രയാണെങ്കിൽ പട്ടക്കാരൻ കറുത്ത

www.malankaralibrary.com



ളോവ ധരിച്ചിരുന്നാൽ മതി. രോഗിയുടെ സമീപത്തു എത്തിയ ശേഷം കാപ്പ മുതലായ അംശവസ്ത്രങ്ങളോ അല്ലെങ്കിൽ സുർപ്ലീസും ഊറാറയും എങ്കിലുമൊ ധരിക്കണം. രോഗിയുടെ ഭവനത്തിൽ ഒരു മേശമേൽ വെള്ളത്തുണി വിരിച്ച് അതിന്മേൽ കുരിശും മെഴുകുതിരിയും കത്തിച്ചുവയ്ക്കണം.

പീലാസാ മൂടുന്നതിനുള്ള ശോശപ്പാ അല്ലെങ്കിൽ കബിലാനാ വിരിച്ചു അതിന്മേൽ വി. കുർബാനവസ്തുകയൊ കയ്യിൽ പിടിച്ചുകൊണ്ടിരിക്കയൊ ചെയ്യാവുന്നതാണ്. രോഗി കിടക്കുന്നസ്ഥലത്തു എത്തിയശേഷം, പട്ടക്കാരൻ രോഗിക്കുവേണ്ടിയും രോഗിയോടുകൂടിയും താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലണം. "ദൈവമായ കർത്താവെ വിശുദ്ധിയോടുകൂടി നിന്റെ തിരുശരീരരക്തത്തെ ഭക്ഷിച്ചുകുടിക്കുന്നതിനും നല്ലതായ നിന്റെ തിരുവിഷ്ടത്തെ പ്രസാദിപ്പിച്ചിട്ടുള്ള എല്ലാവരോടുംകൂടി സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തുന്നതിനും ഈ നിന്റെ അടിയനെ (അടിയാട്ടിയെ) യോഗ്യനാക്കേണമെ. (യോഗ്യയാക്കേണമെ) ഇതിനാൽ പാപമോചനവും നിത്യജീവനും നീ പ്രദാനം ചെയ്യണമെ. ആമീൻ.

അനന്തരം വി. കുർബാന കയ്യിലെടുത്തുകൊണ്ട് രോഗിയുടെ അടുക്കലേക്കുതിരിഞ്ഞു് പട്ടക്കാരൻ താഴെക്കാണുന്നതു ചൊല്ലണം. മെൻ മദ്ബഹോക് മ്ഹസിയോനോ (പരിഭാഷ) ഞങ്ങളുടെ രക്ഷക്കായിവന്നവനും ഞങ്ങളുടെ ഉയർപ്പിനും ഞങ്ങളുടെ വർഗ്ഗത്തിന്റെ നിത്യനവീകരണത്തിനുംവേണ്ടി വരുവാനിരിക്കുന്നവനുമായ ദൈവപുത്രാ പുണ്യപ്പെടുത്തുന്നതായ നിന്റെ യാഗപീഠത്തിൽനിന്നും അടിയാനു (അടിയാട്ടിക്കു) പുണ്യമിറങ്ങുമാറാകണമെ. (കുർബാന തക്സാ പുറം 70.)

അനന്തരം രോഗിയുടെമേൽ കുരിശടയാളംവരച്ചു് ആശിർവദിച്ചുകൊണ്ടു് ഫ്ശുത്ത് മൊറിയൊ ഇത്യാദിചൊല്ലുന്നു. കുർബാന തക്സാ പുറം 70. (പരിഭാഷ) ദൈവമായ കർത്താവെ അദൃശ്യമായ നിന്റെ വലത്തുകൈനീട്ടി കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും തിരുമുമ്പാകെ മുഖപ്രസന്നതയുള്ളമായി നിന്റെ തിരുശരീരരക്തങ്ങളെ കൈക്കൊള്ളുന്ന ഈ ആരാധകനെ (ആരാധകയെ) ആശീർവദിക്കേണമെ. മോറൻ വാലോഹാൻ.

അനന്തരം നൊഹവ്വൻ ഇത്യാദിചൊല്ലുന്നു. കുർബാന തക്സാ പുറം 71. (പരിഭാഷ) വലിയവനും നമ്മുടെ രക്ഷകനുമായ ഈശോ മിശിഹായുടെ അനുഗ്രഹങ്ങൾ ഈ വിശുദ്ധവസ്തുക്കളെ വഹിക്കുന്നവരുടെയും കൊടുക്കുന്നവരുടെയും കൈക്കൊള്ളുന്നവരുടെയും മേൽ ഉണ്ടായിരിക്കട്ടെ. ഇവയിൽ പരിശ്രമിച്ചു സംബന്ധിച്ച എല്ലാവരുടെയും മേൽ വിശുദ്ധത്രിത്വത്തിന്റെ അനുഗ്രഹങ്ങൾ രണ്ടുലോകങ്ങളിൽ എന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ.

www.malankaralibrary.com



അനന്തരം പട്ടക്കാരൻ വലത്തുകൈയുടെ ഇരുവിരൽകൊണ്ടു്, ഗ്ഗുമുർത്താ (തിരുശരീരം) എടുത്തു് രോഗിയുടെ നാവിൽ വെയ്ക്കുകയും താഴെകാണുന്നവ ചൊല്ലുകയും ചെയ്യുന്നു.

നമ്മുടെ ദൈവമായ മിശിഹാതമ്പുരാന്റെ തിരുശരീരവും തിരുരക്തവുമാകുന്ന പൂണ്യപ്പെട്ടതുന്നു തീക്കട്ട കടങ്ങളുടെപരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായി സത്യവിശ്വാസിക്കു് (വിശ്വാസിനിക്കു്) നൽകപ്പെടുന്നു.

അനന്തരം പട്ടക്കാരൻ മേശയുടെ അടുക്കലേക്കു് തിരിഞ്ഞു താഴെ കാണുന്നവ ചൊല്ലുന്നു. ശുബഹോ ലോക്കു്...കുർബ്ബാന തക്സാ പുറം 71–മ 72. (പരിഭാഷ) എന്നേക്കും ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവെ, നിനക്കു സ്തുതി. നിനക്കു സ്തുതി. നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ ഞങ്ങൾ ഭക്ഷിച്ചു എന്നു ശുദ്ധമുള്ള നിന്റെ ശരീരവും ഞങ്ങൾ പാനം ചെയ്തിരിക്കുന്ന പൂണ്യപ്പെട്ടതുന്നതായ തിരു രക്തവും ഞങ്ങൾക്കു ശിക്ഷാവിധിക്കും പ്രതികാരത്തിന്നുമായിത്തീരരുതെ. പിന്നയൊ ഞങ്ങളെല്ലാവരുടെയും നിത്യജീവനും രക്ഷയ്ക്കുമായി ഭവിക്കുമാറാകണമെ. ഞങ്ങളെ അനുഗ്രഹിക്കയും ചെയ്യുമാറാകണമെ.

അനന്തരം പട്ടക്കാരൻ അല്പം വെള്ളത്തിൽ വിരലുകൾ കഴുകുകയും ആ വെള്ളം വി. കുർബ്ബാന അനുഭവിച്ച രോഗിക്കു് കുടിക്കാൻ കൊടുക്കുകയൊ പള്ളിയിലേക്കു കൊണ്ടു പോകയൊ ചെയ്യുന്നു.

അനന്തരം പട്ടക്കാരൻ താഴെക്കാണുന്ന പ്രാർത്ഥനകൾ ചൊല്ലുന്നു. "പിതാവായ ദൈവമെ നിന്റെ ഏകപുത്രന്റെ തിരുശരീരരക്തമാകുന്ന ഈ ദിവ്യ ദാനങ്ങളെ ഭക്ഷിക്കുന്നതിനു് അയോഗ്യന്മാരായ ഞങ്ങളെ യോഗ്യന്മാരാക്കിയതിനാൽ നിന്നെ ഞങ്ങൾ അഭിനന്ദിക്കുകയും നിന്റെ വി. തിരുനാമത്തെ സ്തുതിക്കയും ചെയ്യുന്നു. ഞങ്ങൾ നിനക്കും ഏകപുത്രനും വിശുദ്ധ റൂഹായിക്കുംഇപ്പോഴും എല്ലായ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറവും. മോറാനേ...

എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്ന എല്ലാവനും എന്നിൽ അധിവസിക്കും ഞാൻ അവനിൽ അധിവസിക്കും. അവസാനനാളിൽ ഞാൻ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും എന്നിപ്രകാരം ഞങ്ങളുടെ കർത്താവീശോ മ്ശിഹാ, നിന്റെ തിരുവായ്മൊഴിഞ്ഞു് അരുളിച്ചെയ്തുവല്ലൊ. നിന്റെ പരിശുദ്ധ തിരു ശരീര രക്തം അനുഭവിച്ച ഞങ്ങൾക്കു് അതു ന്യായവിധിക്കും പ്രതികാരത്തിനും കുറ്റപ്പെടുത്തലിനും വിസ്താരത്തിനും ഇടയാക്കരുതെ എന്നാലോ കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിന്നും മരിച്ചവരുടെയിടയിൽ നിന്നുള്ള അനുഗ്രഹീതമായ ഉയിർപ്പിന്നും നിന്റെ ഭയങ്കര സിംഹാസനത്തിൽ മുൻപാകെയുള്ള മുഖപ്രസന്നതയ്ക്കും എന്നേക്കും

www.malankaralibrary.com



ഞങ്ങളുടെ കർത്താവും ദൈവവുമെ, ഇതിനാൽ ഞങ്ങൾക്ക് സംഗതിയാക്കമാറാകണമെ. ആമ്മീൻ.

മേലെഴുതിയ രണ്ടു പ്രാർത്ഥനകൾക്കുപകരം കുജബാന തക്സാ 168 മുതൽ 170 വരെയുള്ള പുറങ്ങളിൽ കാണുന്ന പ്രാർത്ഥനകൾ ചൊല്ലിയാൽ മതിയാകും.

## അദ്ധ്യായം ൧൨

# തിരുവസ്ത്രങ്ങൾ, പൂജാപാത്രങ്ങൾ മുതലായവ ആശീർവദിപ്പാനുള്ള ക്രമം

എപ്പിസ്കോപ്പാ തന്നെയാണ് സാധാരണയായി കാസാ, പീലാസാ, എന്നീ പൂജാപാത്രങ്ങൾ ആശീർവദിക്കുന്നത്. മദ്ബഹായിൽ ഉപയോഗിക്കുന്ന ധൂപകലശം മുതലായ സാമഗ്രികളും കാപ്പ മുതലായ അംശവസ്ത്രങ്ങളും പട്ടക്കാരൻ ആശീർവദിക്കുന്നു. കാസാ ആശീർവദിക്കുന്നതിനു പട്ടക്കാരന്റെ അനുമതി ആവശ്യമാകുന്നു.

ശുശ്രൂഷകൻ ആശീർവദിക്കപ്പെടുവാനുള്ള സാധനങ്ങൾ മെത്രാന്റെയോ അധികാരമുള്ള പട്ടക്കാരന്റെയോ മുൻപിൽ വയ്ക്കുകയോ ശുശ്രൂഷകൻ കയ്യിൽ ഉയർത്തി പിടിക്കുകയോ ചെയ്യണം. കാപ്പ ധരിച്ചിട്ടുള്ള കാർമ്മികൻ—മെറിയോ ആലോഹോ (കുർബാനതക്സാ പുറം 115) സർവശക്തനും പരിശുദ്ധനും ഇത്യാദി പ്രാർത്ഥന (കൂദാശവചനം പുറം 33 മുതൽ 35 വരെ)

പട്ടക്കാരൻ:-എസ്റെശെം (പരിഭാഷ) ഈ ഉപകരണങ്ങൾകൊണ്ട് ഇത്യാദി ചൊല്ലിക്കൊണ്ടു വാഴ്ത്തപ്പെടേണ്ട സാധനങ്ങളിന്മേൽ മൂന്നു പ്രാവശ്യം സ്ലീബാ വരച്ച് റുശ്മ ചെയ്യണം. "ലഹായെ ദലമൊ ച്ചം ഒൽമീൻ" നിത്യജീവൻ എന്ന പദങ്ങൾ അച്ചടിപിശകാണ്. അവ വിട്ടുകളയണം.

നോട്ട്—ഈ പ്രാർത്ഥനയുടെ മദ്ധ്യേ ആശീർവദിക്കപ്പെടുവാനുള്ള സാധനങ്ങളുടെ പട്ടിക കൊടുത്തിട്ടുണ്ട്. ഈ പട്ടികയിൽ നിന്നു ഇപ്പോൾ ആശീർവദിക്കപ്പെടുന്ന സാധനങ്ങളുടെ പേരുമാത്രം പറഞ്ഞാൽ മതി. ബാക്കിയുള്ള പേരുകൾ വിട്ടുകളയാം

അനന്തരം ത്രോണോസിന്റെ രീതിയായി സാധനങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് കുരിശു രൂപത്തിൽ ആഘോഷിച്ചുകൊണ്ടു, ലൂ തെശ്ബുഹത്തോ (പരിഭാഷ സാരാംശത്തിൽ... ഇത്യാദി. മൂന്നു പ്രാവശ്യം ചൊല്ലണം. അനന്തരം ആശീർവദിക്കപ്പെടുന്ന സാധനങ്ങൾക്കു കാർമ്മികൻ ധൂപം വീശണം. കൂദാശവചനങ്ങൾ എന്ന പുസ്തകം 33-ാം പുറം മുതൽ 37-ാം പുറം വരെ.

www.malankaralibrary.com

## അദ്ധ്യായം ൨൨

## കുമ്പസാരം

കുമ്പസാരിപ്പിക്കുന്നതിന് ശാലീത്ത (മെത്രാന്റെ പക്കൽ നിന്നുമുള്ള അധികാരപത്രം) ലഭിച്ചിട്ടുള്ള പട്ടക്കാരൻ ആ മെത്രാന്റെ അധികാരാതൃത്തിക്കുള്ളിൽ മാത്രമെ കുമ്പസാരിപ്പിക്കുവാൻ പാടുള്ളൂ. കന്യാസ്ത്രീകളെ കുമ്പസാരിപ്പിക്കുന്നതിന് പ്രത്യേകം അനുമതി ആവശ്യമുണ്ട്. സ്ത്രീകളെ കുമ്പസാരിപ്പിക്കുന്ന കാര്യത്തിൽ പട്ടക്കാരൻ പ്രത്യേകം കരുതലുള്ളവനായിരിക്കണം. ദൈവത്തിന്റെ നാമത്തിലും സ്ഥാനത്തിലും നിർവഹിക്കുന്ന ഒരു ക്രമാശയാണിത്. കാര്യമാത്രമായും അന്തംപിയുടെ ആത്മാവിന്റെ പുണ്യാഭിവൃദ്ധിക്ക് സഹായിക്കുന്ന വിധത്തിലും ആയിരിക്കണം ഒരു പട്ടക്കാരൻ കുമ്പസാരിപ്പിക്കേണ്ടത്. കുമ്പസാരത്തിന്റെ രഹസ്യമുദ്ര പ്രത്യക്ഷമായും പരോക്ഷമായും നിഷ്കർഷയോടും പാലിക്കേണ്ടതാണ്. കുമ്പസാരക്കൂടിനു പുറത്തുവച്ചു അവരുമായി സ്നേഹസംസർഗ്ഗം ഒഴിച്ചുവയ്ക്കണം. കുമ്പസാരകന്റെ നേരെ ഒരു സ്ത്രീക്ക് അമിതമായ സ്നേഹബന്ധമുണ്ടെന്നു തോന്നിപ്പോയാൽ ആ സ്ത്രീ മറ്റൊരു കുമ്പസാരകനെ അന്വേഷിച്ചുകൊള്ളുവാൻ നിഷ്കർഷയായി പറയണം. സ്ത്രീകളെ കുമ്പസാരിപ്പിക്കുന്നതു കുമ്പസാരക്കൂട്ടിൽ വച്ചു മാത്രമെ ആകാവൂ. രോഗം മുതലായ അത്യാവശ്യകാരണങ്ങളാലല്ലാതെ രാത്രിയിലും കുമ്പസാരക്കൂട്ടിനു പുറത്തും സ്ത്രീകളെ കുമ്പസാരിപ്പിക്കുവാൻ പാടില്ല.

കുമ്പസാരിപ്പിക്കുന്ന പട്ടക്കാരൻ കറുത്ത ളോഹയും ഹമ്മിനിയായും ധരിച്ചിരിക്കണം. കമ്മീസ് ഒരു ഷർട്ടുമാത്രമാണ്. അതിന്റെ പുറത്തു ഹമ്മിനിയായൊ സർപ്ലീസും ഊറാറയുമൊ ധരിക്കുവാൻ പാടില്ല. കറുത്ത ളോഹയുടെ പുറത്ത് സർപ്ലീസും ഊറാറയും ധരിക്കാം. അത്യാവശ്യഘട്ടങ്ങളിൽ വെള്ളളോഹയുടെ പുറത്തും അവ ധരിച്ചുകൊണ്ടു കുമ്പസാരിപ്പിക്കാവുന്നതാണ്.

www.malankaralibrary.com

# ശുദ്ധപത്രം

താഴെക്കാണുന്ന തെററുകൾ തിരുത്തി ഈ പുസ്തകം ഉപയോഗിക്കേണ്ടതാണ്.

| പുറം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 6 | 28 | ശുശ്രൂഷക്രമം | ഇതുവിട്ടുകളയണം |
| ,, | 29 | ഒന്നാം ഭാഗം | ഇതു മുപ്പതാംവരിയായി ചേർക്കണം |
| 32 | 16 | ടി | ശുശ്രൂഷയ്ക്കു മുൻപു മനസ്സമ്മതം ചോദിക്കണം |
| 33 | 1 | കുക്കിലിയോൻ | ഇതു വിട്ടുകളയണം |
| 34 | 9 | വരന്മാരുടെ | ഇതു വിട്ടുകളയണം |
| ,, | 10 | അനന്തരം | ഇതു വിട്ടുകളയണം |
| 40 | 1 | നിങ്ങൾ | നിനാൾ |
| ,, | 17 | അദ്ധ്യായം 6 | അദ്ധ്യായം 6—രണ്ടാംഭാഗം |
| ,, | 18 | പുനഃർവിവാഹം | പുനർവിവാഹം |
| ,, | 24 | വിവാഹത്തിനു ശേഷം | വിവാഹത്തിനു മുൻപ് |
| 41 | 7 | ആറാം അദ്ധ്യായത്തിൽ | ഇതു വിട്ടുകളയണം |
| ,, | 8 | അഞ്ചാം അദ്ധ്യായത്തിൽ ഒന്നാം | ഇതു വിട്ടുകളയണം |
| ,, | 11 | അദ്ധ്യായം 6 | ഇതു വിട്ടുകളയണം |
| 43 | 1 | അഞ്ചാം അദ്ധ്യായം രണ്ടാം ശുശ്രൂഷ | 39-ാം പുറം 20-ാം വരി മുതൽ |
| 48 | 4 | നായിവാൻ | നയവാൻ |
| 50 | 5 | മെഴുകുതിരിയും കത്തിച്ചു | കത്തിച്ച മെഴുകുതിരിയും |
| 52 | 13 | പട്ടക്കാരന്റെ | മെത്രാന്റെ |

Printed at the City press, Trivandrum